ലക്കം - 1
2010 ജനുവരി - ഏപ്രിൽ
1431 മുഹർറം - റബിയ്യുൽ ആഖർ
1389 സുൽഹ് - ശഹാദത്ത്

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# അന്നൂർ

കേരള ലജ്നാഇമാഇല്ലാഹ് പ്രസിദ്ധീകരണം

## ഉള്ളടക്കം

*Editor*
I.K. Sajida

*Sub Editor*
K.P. Mubashira

*Editorial Board*
M. Naseera
P.P. Sakeenath
C.K. Fameela
M. Siddeeqa
C.P. Ladeeda

*Not for sale*
*Circulation among*
*Jamaath members only*

*Published by*
B. Thahira
President Lajna Imaillah
Kerala

Cover :
I.K. Muzafar Ahmed

Printed at
Blaze Offset Printers
Calicut - 1.

**ആമുഖം**
പ്രകാശത്തിലൂടെ മുന്നേറുക; ദൈവപ്രീതി കരസ്ഥമാക്കുക 5
**ഖുർആൻ വ്യാഖ്യാനം** - സൂറ:യൂനുസ് 6

**ഖുത്വ്ബ**
പ്രകാശത്തിനു മേൽ പ്രകാശം - ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് 7

**ലേഖനം**
മുഹമ്മദ് നബി (സ) : മാനവികതയുടെ പരിപൂർണ്ണത - ഫമീല മുസഫർ 11
ഇസ്ലാമിന്റെ വിജയം മഹ്ദി ഇമാമിലൂടെ - മർയം സലീം 16
മുസ്ലിഹ് മൗഊദി(റ)ന്റെ കുടുംബജീവിതം - സക്കീനത്ത് പി.പി. 18
ഉമ്മുദാവൂദ് (റ) - സ്വാലിഹ ദർദ് 23

**പരീക്ഷ സിലബസ്**
സാഹിബ് സാദി അമത്തുസ്സലാം സാഹിബ 27

**തളിരുകൾ - ബാലപംക്തി**
ശാസ്ത്രബോധവും മതവിശ്വാസവും , മാനവനന്മയ്ക്കഭികാമ്യം -
റഫ ഫർഹത്ത് എ.എം. 32
മനുഷ്യന്റെ വികൃതിയും നശിക്കുന്ന പ്രകൃതിയും
സഹ്ല: കാവശ്ശേരി 34

**കവിത**
സർവ്വാധിനാഥൻ - സ്വായിമ ശഫീഖ് 36
ജന്മസാഫല്യം - തമന്ന കെ.പി. 36

**ചരിത്രത്തിലൂടെ**
നൂഹ് നബി (അ) - സാജിദ 37
**ല്ജന - നാസിറാത്ത് ഇജ്തിമാഅ്** 40
**പുസ്തകപരിചയം** 43
**രുചി** 44
**വാർത്തകൾ... വിശേഷങ്ങൾ** 44
**പദപ്രശ്നം** 46

## മസീഹ് മൗഊദി(അ)ന്റെ അദ്ധ്യാപനങ്ങൾ



**അ**ല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. എന്നുവച്ചാൽ ഉയർച്ചകളിലും താഴ്ചകളിലും കാണപ്പെടുന്ന എല്ലാ ഓരോ പ്രകാശവും. അതു ആത്മാക്കളിലായാലും ശരീരങ്ങളിലായാലും, വസ്തുനിഷ്ഠമായാലും പ്രതിരൂപപരമായാലും, പ്രത്യക്ഷമായാലും പരോക്ഷമായാലും, ബൗദ്ധികമായാലും ഇതരമായാലും അല്ലാഹുവിന്റെ മാത്രം അനുഗ്രഹങ്ങളിൽ നിന്നുള്ള ദാനമാകുന്നു. സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്റെ പൊതുവായ അനുഗ്രഹം എല്ലാ വസ്തുക്കളേയും ആവരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അവന്റെ അനുഗ്രഹത്തിൽ നിന്ന് ഒരു വസ്തുവും ഒഴിഞ്ഞുപോയിട്ടില്ലെന്നുമുള്ള വസ്തുതയെയാണ് ഇതു സൂചിപ്പിക്കുന്നത്. എല്ലാ അനുഗ്രഹങ്ങളുടേയും പ്രഭവസ്ഥാനം അവനത്രേ. എല്ലാ പ്രകാശങ്ങളുടേയും മൂലകാരണവും എല്ലാ കാരുണ്യങ്ങളുടേയും സ്രോതസ്സും അവനാകുന്നു. അവന്റെ യഥാർത്ഥ സത്തയത്രേ സകല ലോകത്തിന്റെയും നിലനില്പിനു നിദാനവും, മുകളിലും താഴെയുമുള്ള സകലവസ്തുക്കളുടെയും ആശയസ്ഥാനവും. എല്ലാ വസ്തുക്കളേയും ഇല്ലായ്മയുടെ ഇരുട്ടിൽ നിന്നു പുറത്ത് കൊണ്ടുവന്നു അസ്തിത്വത്തിന്റെ ആടയണിയിച്ചവനും അവൻ തന്നെയാകുന്നു. അവനിൽനിന്നു അനുഗ്രഹം സ്വീകരിക്കാത്തതായി ഒന്നും തന്നെയില്ല. മണ്ണും ആകാശതലങ്ങളും മനുഷ്യരും ജന്തുക്കളും, കല്ലും, മരവും, ആത്മാവും ശരീരവും എല്ലാം അവന്റെ മാത്രം അനുഗ്രഹങ്ങളിൽനിന്ന് ഉൺമ പ്രാപിച്ചവയത്രേ.

*(റൂഹാനി ഖസായിൻ, വാല്യം - 1)*

## ഖുർആൻ വചനങ്ങൾ

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി (ചുമരിൽ വിളക്ക് വയ്ക്കുവാൻ ഉണ്ടാക്കുന്ന) ഒരു തട്ട് പോലെയാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടിക ക്കൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ആ സ്ഫടികക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ - പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലീവ് വൃക്ഷത്തിന്റെ - എണ്ണ കൊണ്ടാണ് കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് സ്വയം പ്രകാശിക്കാറാകും. പ്രകാശത്തിനുമേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനാകുന്നു. *(24:36)*

## നബി വചനം

നബി(സ) പറഞ്ഞു: "പ്രതിഫലത്തിന് അർഹരാകുന്ന ഓരോരുത്തർക്കും അയാളുടെ കർമ്മവും പ്രതിഫലവും അനുസരിച്ച് പ്രകാശം ലഭിക്കും. പ്രതിഫലം കൂടിയും കുറഞ്ഞുമിരിക്കുന്ന അവസ്ഥയിൽ പ്രകാശങ്ങളുടെ സ്ഥാനങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഏദൻ മുതൽ സഫാ വരെ വിളങ്ങുന്ന പ്രകാശം കിട്ടുന്നവരും പർവ്വതസമാനം പ്രകാശം കിട്ടുന്നവരുമുണ്ടായിരിക്കും. ചിലർക്ക് ലഭിക്കുന്ന പ്രകാശം ജനതകളിൽ വെളിച്ചം പകരാൻ മാത്രം പരിമിതമായിരിക്കും. ഒരുവന്റെ തള്ളവിരലിൽ മാത്രം പ്രകാശിക്കുകയും അണയുകയും ചെയ്യുന്നതാണ് ഏറ്റവും കുറഞ്ഞ പ്രകാശം.

**ആമുഖം**

# പ്രകാശത്തിലൂടെ മുന്നേറുക - ദൈവപ്രീതി കരസ്ഥമാക്കുക

**മാ**നവരാശിയെ പ്രകാശദീപ്തമാക്കുവാനും ആത്മീയചൈതന്യം പകർന്ന് പുതുജീവൻ നല്കുവാനും നിയോഗിക്കപ്പെട്ട പ്രവാചകർ സകലവിധ പ്രതിബന്ധങ്ങളേയും തരണം ചെയ്ത് ദൈവമാർഗ്ഗത്തിലേക്കും ദൈവികപ്രകാശത്തിലേക്കും ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടേയും സഹചരരുടേയും ജീവിതമാതൃക എക്കാലത്തേക്കും നമുക്ക് മുമ്പിലുണ്ട്. എങ്കിലും ഖുർആനേയും നബിചര്യകളേയും പാടെ മറന്നു ജനങ്ങൾ കടുത്ത ദൂഷിതവലയത്തിലകപ്പെടുന്ന ഈ കാലഘട്ടത്തിലും അനുസ്യൂതം തുടർന്നുവരുന്ന ദൈവിക ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായി, തിരുനബി(സ)യുടെ പ്രവചനപ്രകാരം വാഗ്ദത്ത മസീഹ് (അ) ആഗതരായി. ഈ മഹത്തായ അനുഗ്രഹലബ്ധിയുടെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് നാം ദൈവസമക്ഷം എത്ര പ്രണമിച്ചാലും മതിയാവുന്നതല്ല. മറ്റെല്ലാ ആശയസംഹിതകളുടെമേലും ഇസ്‌ലാമിനെ അതിജയിപ്പിക്കുവാനുള്ള പ്രക്രിയ ഇമാം മഹ്ദിയിലൂടേയും ശേഷം ഖിലാഫത്തിലൂടേയും തുടർന്നു വരുന്നു. വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു: **അല്ലാഹു സത്യവിശ്വാസം സ്വീകരിച്ചവരുടെ മിത്രമാകുന്നു. അവൻ അവരെ (നാനാതരത്തിലുള്ള) അന്ധകാരങ്ങളിൽനിന്ന് വിമുക്തരാക്കി പ്രകാശത്തിലേക്ക് നയിക്കുന്നു. അവിശ്വസിച്ചവരാകട്ടെ, അവരുടെ മിത്രങ്ങൾ ദുഃശക്തികളത്രെ. അവർ അവരെ പ്രകാശത്തിൽനിന്ന് അകറ്റി അന്ധകാരങ്ങളിലേക്ക് കൊണ്ടുപോകുന്നു. അക്കൂട്ടർ നരകാവകാശികളാണ്. അവർ അതിൽ (ചിരകാല)വാസികളായിരിക്കും. (2:258)**

സ്ത്രീ വീടിന്റെ, കുടുംബത്തിന്റെ വിളക്കാണ്. നന്മയിലും ഭയഭക്തിയിലുമൂന്നിയ ജീവിതം നയിക്കുന്നതോടൊപ്പംതന്നെ തന്റെ കുടുംബത്തേയും അതിന് പ്രാപ്തമാക്കുക എന്നുള്ളത് അവളുടെ കർത്തവ്യമാണ്. ഭൗതിക ലോകത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന മായികവലയത്തിൽ അകപ്പെട്ടുപോകാൻ ഏറെ സാധ്യതയുള്ള ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ തങ്ങളുടേയും കുടുംബത്തിന്റേയും ആത്മീയതയെ നഷ്ടപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ നാം ബോധപൂർവ്വം ഒഴിവാക്കേണ്ടിയിരിക്കുന്നു. **കൂനൂ മഅസ്സ്വാദിഖീൻ** എന്ന ഖുർആൻ വചനത്തെ തൃണവൽഗണിച്ചുകൊണ്ടു അസാന്മാർഗ്ഗികമായ കൂട്ടുകെട്ടുകളും ബന്ധങ്ങളും കുടുംബത്തിന്റേയും സമൂഹത്തിന്റേയും ഭദ്രത നശിപ്പിക്കുവാനിടയാക്കുന്നു. ഒരു വ്യക്തിയുടെ തെറ്റിന്റെ ചെറിയ ചലനം പോലും ജമാഅത്തിന്റെ പ്രതിച്ഛായക്ക് മങ്ങലേല്പിക്കുന്നു. ഈയൊരു സാഹചര്യം സൃഷ്ടിക്കാതിരിക്കാനും സ്ത്രീകളുടെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്.

മുൻകഴിഞ്ഞ പ്രവാചകന്മാർക്കും അനുചരർക്കും അല്ലാഹു നൽകിപ്പോന്ന സവിശേഷമായ സംരക്ഷണവും സഹായവും ഈ ജമാഅത്തിന്നും ലഭിക്കുന്നുണ്ട്. ഈ അനുഗ്രഹം കൈവിടാതെ സൂക്ഷിക്കേണ്ടത് ഓരോരുത്തരുടേയും ബാധ്യതയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഗതിവിഗതികളറിയാതെ സഞ്ചരിച്ച് ദിശാബോധം നഷ്ടപ്പെട്ടാൽ അല്ലാഹുവിൽ നിന്നുള്ള ഈ മഹത്തായ അനുഗ്രഹവും പ്രകാശവും നഷ്ടപ്പെടാൻ ഇടയാകുന്നതാണ്. അല്ലാഹുവിന്റെ സ്നേഹവായ്പ് ലഭിക്കുക എന്ന നമ്മുടെ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം അന്ധകാരങ്ങളിലൂടെയാകാതെ പ്രകാശത്തിലൂടെയായിരിക്കണം. നബി(സ) തിരുമേനിയും തുടർന്ന് വാഗ്ദത്ത മഹ്ദി (അ)യും നമുക്കു കാണിച്ചുതന്ന ആ പ്രകാശത്തിന്റെ പൊൻകിരണങ്ങളിലൂടെയാകട്ടെ നമ്മുടെ യാത്രാപഥം. ഈ പൊൻപ്രഭ കെടാതെ സൂക്ഷിക്കുവാൻ, വീട്ടിലെ വിളക്കായി, അതിൽ നിന്ന് ഒരു കൂട്ടം തിരികൾ വീണ്ടും തെളിയിച്ചു ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് വെളിച്ചം കൊളുത്തി, മുന്നോട്ടുള്ള പ്രയാണങ്ങളിൽ പ്രകാശം നിറച്ചുകൊണ്ട് സഞ്ചരിക്കുവാനുള്ള സൗഭാഗ്യം അല്ലാഹു നമുക്കു നല്കുമാറാകട്ടെ (ആമീൻ). ■

## ഖുർആൻ വ്യാഖ്യാനം

# സൂറ: യൂനുസ്

**വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്തവരാരോ അവരെ തങ്ങളുടെ സത്യവിശ്വാസം കാരണത്താൽ അവരുടെ നാഥൻ നേർവഴിയിൽ നടത്തുന്നതാണ്. സുഖാനുഭൂതിയുടെ ഉദ്യാനങ്ങളിൽ, അവരുടെ താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും."** (10:10)

**വ്യാഖ്യാനം :** യഥാർത്ഥത്തിലുള്ള സന്മാർഗ്ഗം ലഭ്യമാകുന്നത് സത്യവിശ്വാസം മുഖേനയാണെന്നാണ് അല്ലാഹു ഈ ആയത്തിൽ പറയുന്നത്. ഹൃദയത്തിന്റെ സംസ്കരണമില്ലാതെ കർമ്മങ്ങൾ കൊണ്ടുമാത്രം ഒന്നും തന്നെ സംഭവിക്കുകയില്ല. ഒരാൾ മോഷണത്തിന് പൂർണ്ണമായും മാനസികമായി ഒരുങ്ങുന്നു. എന്നാൽ, അവന് മോഷ്ടിക്കാനുള്ള സാഹചര്യം ഒത്തുവരാത്തതിനാൽ അവൻ വിശ്വസ്തനാണെന്ന് പറയാൻ സാധ്യമല്ല. അതുപോലെ ദൈവേതര വസ്തുക്കളോടുള്ള ഭയത്താൽ ഒരാളുടെ ഹൃദയം നിറഞ്ഞുനിൽക്കുകയാണ്. എന്നാൽ, അയാൾ അവയെ ബാഹ്യമായി പ്രണമിക്കുന്നില്ല എന്നതുകൊണ്ട് അയാൾ ഏകദൈവവിശ്വാസിയാണെന്ന് പറയാവതല്ല. ഇസ്ലാം കർമ്മങ്ങളിൽ മാത്രമാണ് ഊന്നൽ നൽകുന്നതെന്ന് ചില അല്പജ്ഞാനികൾ കരുതുന്നു. ഇത് ശരിയല്ല. കർമ്മത്തോടൊപ്പം ഹൃദയ പരിശുദ്ധിയും അത്യാവശ്യമാണെന്നാണ് ഇസ്ലാം ശഠിക്കുന്നത്. ഹൃദയം പരിശുദ്ധമല്ലാതിരിക്കുകയും കർമ്മങ്ങൾക്ക് അനുഗണമല്ലാതാവുകയും ചെയ്യുമ്പോൾ അത്തരം വിശ്വാസങ്ങൾ ഒരു തരത്തിലും ഉപകാരപ്പെടുകയില്ല. ഹൃദയത്തിന്റേയും ചിന്തകളുടേയും പരിശുദ്ധിയാണ് യഥാർത്ഥത്തിലുള്ള പരിശുദ്ധി എന്നതിനെ ഒരു ബുദ്ധിമാനും നിഷേധിക്കാൻ സാധ്യമല്ല. അങ്ങനെയാവുമ്പോൾ കർമ്മങ്ങൾ അവയ്ക്ക് വിരുദ്ധമാവുക സാധ്യമല്ല. ജനങ്ങളെ ഭയന്നുകൊണ്ട് മനുഷ്യൻ അവന്റെ കർമ്മങ്ങളിൽ മാറ്റം വരുത്തിയേക്കാം. എന്നാൽ, ജനങ്ങളെ ഭയന്നുകൊണ്ട് മനുഷ്യന് തന്റെ ചിന്തകൾക്ക് മാറ്റം വരുത്തുക സാധ്യമല്ല. അതായത് മനുഷ്യചിന്തകളെ മറ്റുള്ളവരുടെ പ്രതികരണം ബാധിക്കുന്നില്ല. ഭയങ്കരന്മാരായ രാജാക്കന്മാരുടെ പിടിയിൽ നിന്നുപോലും ഹൃദയം സുരക്ഷിതമാണ്. അങ്ങനെയുള്ള ഒരു വസ്തുവിനെയാണ് അല്ലാഹു ഹിദായത്തിന്റെ അടിസ്ഥാനമായി പ്രഖ്യാപിക്കുന്നത്. അത് മനുഷ്യന്റെ സ്വന്തം നിയന്ത്രണത്തിലുള്ളതും മറ്റുള്ളവർക്ക് എത്തിപ്പിടിക്കാൻ സാധിക്കാത്തതുമാണ്.


**'ബി ഈമാനി ഹിം'** എന്ന് പറഞ്ഞുകൊണ്ടുമാണ് സത്യവിശ്വാസത്തിന് അനുസൃതമായ പ്രതിഫലം നൽകപ്പെടുമെന്ന് സൂചിപ്പിച്ചിരിക്കുന്നത്. അതായത് രണ്ടുപേർ ബാഹ്യമായുള്ള കർമ്മങ്ങളിൽ തുല്യരായിരിക്കാം. എന്നാൽ, ആ കർമ്മങ്ങൾക്ക് പിന്നിലുള്ള പ്രതിബദ്ധതയും ആത്മാർത്ഥതയും ആ കർമ്മങ്ങൾക്കുള്ള പ്രതിഫലങ്ങളിൽ വ്യത്യാസം വരുത്തിയേക്കാം. ഇത് വളരെ സുപ്രധാനമായ ഒരു കാര്യമാണ്. നബിതിരുമേനി (സ) അരുൾ ചെയ്തു: "അബൂബക്കറി(റ)ന് നിങ്ങളുടെയെല്ലാം മേലുള്ള മഹത്ത്വം അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള കാര്യങ്ങൾ കൊണ്ടുമാത്രമാണ്." ഒരാൾ കൂടുതലായി നമസ്കരിക്കുന്നു. വളരെയധികം വ്രതമനുഷ്ഠിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നത് മറ്റൊരാളാണ്. ഇത് അയാളുടെ ഹൃദയത്തിന്റെ അവസ്ഥ മൂലമാണ് സംഭവിക്കുന്നത്. യഥാർത്ഥ പരിശുദ്ധിയും ആത്മാർത്ഥതയും കരസ്ഥമാക്കുന്ന ആളുടെ കുറഞ്ഞ കർമ്മങ്ങൾക്കുപോലും കൂടുതൽ ഫലങ്ങൾ ലഭ്യമാകുന്നു. യഥാർത്ഥത്തിൽ ആ വ്യക്തിയുടെ എല്ലാ പ്രവൃത്തികളും ഇബാദത്തുകളാ (ആരാധനകൾ)യിത്തീരുകയാണ് ചെയ്യുന്നത്. കാരണം ബാഹ്യമായുള്ള അയാളുടെ എല്ലാ ഭൗതിക കർമ്മങ്ങളും യഥാർത്ഥത്തിൽ ദൈവത്തിന് വേണ്ടിയുള്ളവയായിരിക്കും. അയാളുടെ ഓരോ ചലനവും മനുഷ്യകുലത്തിന് വേണ്ടിയുള്ള സഹാനുഭൂതിയോടെയുമായിരിക്കും. ■

*(തഫ്സീർ കബീർ വാള്യം 3 പേജ് 34)*

**സമ്പാദക: സിദ്ദീഖ സഊദ്**

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
(അയ്യദഹുല്ലാഹ്...)



# പ്രകാശത്തിനുമേൽ പ്രകാശം

## ഖലീഫത്തുൽ മസീഹ് ഖാമിസ് ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ 4-12-2009ൽ നിർവ്വഹിച്ച ഖുത്ബയുടെ പ്രസക്ത ഭാഗം.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

"അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി (ചുമരിൽ വിളക്ക് വയ്ക്കുവാൻ ഉണ്ടാക്കുന്ന) ഒരു തട്ട് പോലെയാണ്. അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ് സ്ഥിതിചെയ്യുന്നത്. ആ സ്ഫടികക്കൂട് ഒരു മിന്നിത്തിളങ്ങുന്ന നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ – പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലീവ് വൃക്ഷത്തിന്റെ – എണ്ണ കൊണ്ടാണ് കത്തിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് സ്വയം പ്രകാശിക്കാറാകും. പ്രകാശത്തിനുമേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് അല്ലാഹു നയിക്കുന്നു. ജനങ്ങൾക്കുവേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എല്ലാ കാര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവനാകുന്നു." (24:36)

അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ്. എല്ലാ വസ്തുക്കളും അവന്റെ പ്രകാശത്തിൽനിന്നാണ് അനുഗ്രഹം തേടുന്നത്. അവനില്ലാതെ മനുഷ്യന് തന്റെ കഴിവുകൊണ്ടോ അറിവുകൊണ്ടോ അവന്റെ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുന്നതല്ല. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അത് ലഭിക്കുന്നു. യഥാർത്ഥ പ്രകാശം അല്ലാഹു തന്നെയാണ്. ആ പ്രകാശം കാഴ്ചക്കാർക്കെല്ലാം സകലവസ്തുക്കളിലും ആത്മാവിലും ശരീരത്തിലും കാണാവുന്നതാണ്. എന്നാൽ, ആത്മീയാന്ധനായ ഒരാൾക്ക് ഈ പ്രകാശം കാണാൻ സാധിക്കുകയില്ല. മനുഷ്യർക്ക് അറിവുള്ളതും അറിവില്ലാത്തതുമായ പ്രപഞ്ചമെല്ലാം സൃഷ്ടിക്കുന്നതും അതിന്റെ പ്രകാശം നിലനിർത്തുന്നതുമെല്ലാം അല്ലാഹുവാണെന്ന് ഒരു സത്യവിശ്വാസി പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഈ പ്രകാശത്തെ ശരിക്കും മനസ്സിലാക്കുന്നതിനുവേണ്ടി പ്രവാചകന്മാരേയും വരിഷ്ഠദാസന്മാരേയും അല്ലാഹു അയക്കുന്നു. അവർ അല്ലാഹുവിൽ നിന്ന് പ്രകാശം കരസ്ഥമാക്കുകയും ആ പ്രകാശം ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്യുന്നു. നബി(സ) ഈ പ്രകാശം വ്യാപിപ്പിച്ചു. ഇത് നബി(സ) തിരുമേനിയുടെ ജീവിതകാലത്ത് മാത്രം പരിമിതപ്പെട്ടില്ല, മറിച്ച്, ഇന്നും വ്യാപിച്ചുകൊണ്ടിരിക്കുന്നു.

നബികരീം (സ) തിരുമേനിയുടെ പ്രകാശത്തെക്കുറിച്ച് ചുരുക്കത്തിൽ പറയുകയാണ്. '**അല്ലാഹു നൂറുസ്സമാവാത്തി വൽ അർള്** (അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ്). മനുഷ്യന് മനസ്സിലാകുന്നതിനുവേണ്ടി അതിന്റെ ഉദാഹരണങ്ങൾ വിവരിക്കുന്നു. അതിന്റെ ഉപമ വിളക്ക് പോലെയാണ്. ആ വിളക്ക് ഉയർന്ന സ്ഥലത്ത് വെച്ചിരിക്കുന്നു. ഈ തട്ട് നബികരീം(സ) തിരുമേനിയുടെ നെഞ്ചാണ്. ഈ തട്ടിൽ ഒരു വിളക്കുണ്ട്. ഈ വിളക്ക് എന്നത് നബികരീം(സ)തിരു

മേനിക്ക് ഇറങ്ങിയ അല്ലാഹുവിന്റെ വെളിപാടാണ്. ഈ വിളക്ക് ഒരു സ്ഫടികക്കൂട്ടിലാണ്. ഈ കൂട് നബി(സ) യുടെ ഹൃദയമാണ്. അത് പൂർണ്ണമായും പരിശുദ്ധവും പവിത്രവുമാണ്. ഈ കൂട് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതുപോലെ മിന്നിത്തിളങ്ങുന്നു. അത് നല്ലവണ്ണം പ്രകാശം നല്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇതുകൊണ്ടുദ്ദേശിക്കുന്നത് നബികരീം (സ)തിരുമേനിയുടെ ഹൃദയമാണ്." അതിന്റെ ഉള്ളിലുള്ള പ്രകാശം ബാഹ്യമായ ശരീരത്തിൽ വെള്ളം പോലെ പ്രവഹിച്ചുക്കൊണ്ടിരിക്കും. പിന്നീട് അല്ലാഹു തന്റെ ഉപമ വിവരിച്ചുകൊണ്ട് പറയുന്നു. ആ വിളക്ക് അനുഗൃഹീതമായ ഒലീവ് വൃക്ഷത്തിന്റെ എണ്ണ കൊണ്ട് പ്രകാശിതമാണ്. ഇവിടെ അനുഗൃഹീതമായ വൃക്ഷം എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിക്കുന്നത് നബി കരീം( സ) തിരുമേനിയുടെ വ്യക്തിത്വമാണ്. അത് മുഴുവൻ ശ്രേഷ്ഠതയുടേയും അനുഗ്രഹത്തിന്റേയും ഉറവിടമാണ്. അത് ഖിയാമത്ത് നാൾവരെ നിലനിൽക്കുന്നതാണ്. തിരുമേനി(സ) പരിപൂർണ്ണ മനുഷ്യനായതുകൊണ്ടാണ് ഈ കാര്യം നിലനില്ക്കുന്നത്. ഖിയാമത്ത് നാൾ വരെ അങ്ങയെപ്പോലെ ഒരാളും ജനിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പാശ്ചാത്യവും പൗരസ്ത്യവും എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമികാദ്ധ്യാപനങ്ങളാണ്. അത് ഏതെങ്കിലും ഒരു ഭാഗത്തേക്ക് ചായുന്നതല്ല. സോഷ്യലിസമോ, കമ്മ്യൂണിസമോ, കാപിറ്റലിസമോ അല്ല, മറിച്ച്, മധ്യവർത്തിയായ അധ്യാപനമാണ്. അത് മനുഷ്യാവകാശത്തെ വിശദീകരിക്കുന്നു. ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നു. തുടർന്ന് പറയുന്നത് ആ എണ്ണ സ്വയം പ്രകാശിതമാകുന്നുവെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഇതുകൊണ്ടുദ്ദേശിക്കുന്നത് നബികരീം (സ) തിരുമേനിയുടെ പ്രകാശപൂരിതമായ ബുദ്ധിയാണ്. ഇത്പോലെ തന്നെയാണ് മുഴുവൻ ധാർമ്മികഗുണവും. അത് അദ്ദേഹത്തിന്റെ പ്രകൃതമായി മാറിയിരിക്കുകയാണ്. പ്രകാശത്തിനുമേൽ പ്രകാശം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഈ എല്ലാ സവിശേഷതകളും അടങ്ങിയിട്ടുള്ള മനുഷ്യനിൽ അല്ലാഹു തന്റെ പ്രകാശമിട്ടു എന്നാണ്. അതായത് ദൈവികബോധനത്തിന്റെ പ്രകാശം. ആത്മീയലോകത്ത് അതിനൊരു ഉപമയുമില്ല. ഈ വിധത്തിലുള്ള പ്രകാശം സൃഷ്ടിക്കപ്പെട്ടു.' ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുള്ളതിന്റെ ചുരുക്കം.

യഥാർത്ഥ പ്രകാശം എന്നുള്ളത് നബികരീം (സ) തിരുമേനിയുടെ ശരീഅത്തിലും, തിരുമേനിയുടെ ജീവിത മാതൃകയിലുമാണുള്ളത്. പ്രകാശത്തിനുമേൽ പ്രകാശമായിട്ടുള്ള പരിപൂർണ്ണ മനുഷ്യൻ വന്നതിനുശേഷം കഴിഞ്ഞുപോയ എല്ലാ ശരീഅത്തുകളും അവസാനിച്ചിരിക്കുന്നു. ഈയൊരു അദ്ധ്യാപനം മുഖേന മാത്രമേ അല്ലാഹുവിന്റെ പ്രകാശം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബികരീം(സ) തിരുമേനിയുടെ **കാമിൽ ഇൻസാൻ** – പരിപൂർണ്ണ മനുഷ്യൻ – എന്ന സ്ഥാനത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "മനുഷ്യന് നല്കപ്പെട്ട അഥവാ പരിപൂർണ്ണ മനുഷ്യന് നൽകപ്പെട്ട ആ ഉന്നതപ്രകാശം അത് മലക്കുകളിലുണ്ടായിരുന്നില്ല, നക്ഷത്രങ്ങളിലുണ്ടായിരുന്നില്ല, ചന്ദ്രനിലും, സൂര്യനിലുമുണ്ടായിരുന്നില്ല. ആ പ്രകാശം സമുദ്രത്തിലോ, നദിയിലോ മുത്തിലോ രത്നത്തിലോ പവിഴത്തിലോ ഇല്ലായിരുന്നു. ചുരുക്കത്തിൽ, ആകാശഭൂമികളിലുള്ള ഒരു വസ്തുവിലും അതുണ്ടായിരുന്നില്ല. അത് വെറും മനുഷ്യനിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതായത് സമ്പൂർണ്ണ മനുഷ്യനിൽ. എന്നു വെച്ചാൽ പരിപൂർണ്ണതയിൽ സർവ്വസമ്പൂർണ്ണനും തികവാർന്നവനും മഹത്ത്വമുടയവനും, അത്യുന്നതനുമായ ഈ വ്യക്തിത്വം നമ്മുടെ നേതാവും യജമാനനും പ്രവാചകന്മാരുടെ നേതാവും ജീവനുള്ളവരുടെ നേതാവുമായ ഹദ്റത്ത് മുഹമ്മദ് നബി (സ) യിൽ തന്നെ. ചുരുക്കത്തിൽ, ആ പ്രകാശം മനുഷ്യനാണ് നൽകപ്പെട്ടത്. അതേപോലെത്തന്നെ ആ പരിപൂർണ്ണ മനുഷ്യനെ അനുധാവനം ചെയ്യുന്നവർക്കും അവരുടെ ആത്മീയ പ്രഭാവത്തിനനുസരിച്ച് ആ പ്രകാശം ലഭിക്കുന്നു."

നബികരിം (സ) തിരുമേനിക്ക് ഈ സ്ഥാനം അല്ലാഹുവിന്റെ പ്രകാശത്തിൽനിന്നാണ് കരസ്ഥമായത്. നബി(സ) ഈ പ്രകാശം സഹാബിമാർക്ക് പകർന്നു നല്കിക്കൊണ്ട് അവരിലും ഉന്നതമായ ധാർമ്മിക നിലവാരം നിലനിർത്തുകയുണ്ടായി. നബി(സ) തന്റെ സ്വഹാബാക്കളെ നക്ഷത്രങ്ങളോടാണ് സാദൃശ്യപ്പെടുത്തിയത്. നിങ്ങൾ അവരിൽ ആരെ അനുധാവനം ചെയ്താലും നിങ്ങൾക്ക് പ്രകാശം ലഭിക്കുന്നതാണ്. നിരക്ഷരരായ അറബികൾ നബി (സ) തിരുമേനിയിൽ നിന്ന് ലഭിച്ച ഈ പ്രകാശം കാരണമായി അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനും ഉന്നതമായ ധാർമ്മിക

ഗുണങ്ങൾ സ്വായത്തമാക്കാനുമുള്ള മാതൃകകളായി മാറി. അല്ലാഹുവിന്റെ പ്രകാശത്തിൽനിന്ന് പ്രകാശം കരസ്ഥമാക്കിയതിന്റെ ഫലമായി **റളിയല്ലാഹു അൻഹും** (അല്ലാഹു അവരിൽ തൃപ്തിപ്പെട്ടു) എന്ന അംഗീകാരത്തിന് അർഹരായി മാറി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ സ്വഹാബാക്കളെക്കുറിച്ച് പറയുന്നു: 'അവർ റസൂൽ (സ) തിരുമേനിയെ അനുസരിക്കുന്നതിൽ മുഴുകിയിരിക്കുന്നു. ഏതൊരു പ്രകാശം തിരുമേനിക്ക് ഉണ്ടായിരുന്നുവോ ആ പ്രകാശം അനുസരണമാകുന്ന ചാലിൽക്കൂടെ ഒഴുകി സ്വഹാബാക്കളുടെ ഹൃദയങ്ങളിൽ വീണുകൊണ്ടിരുന്നു. അല്ലാഹുവല്ലാത്ത മറ്റു വിചാരങ്ങൾ അവർ വലിച്ചെറിഞ്ഞു. അവരുടെ ഹൃദയത്തിൽ അന്ധകാരത്തിനുപകരം പ്രകാശം നിറയ്ക്കാറുണ്ടായിരുന്നു. സ്വഹാബാക്കൾക്കു ശേഷവും അല്ലാഹു ആ പ്രകാശം നിർത്തലാക്കിയിട്ടില്ല. ഈ കാലഘട്ടത്തിൽ ആകാശത്തിൽനിന്ന് ഇറങ്ങുന്ന പ്രകാശത്തോടുകൂടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അയക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് ഇപ്രകാരം പറയുന്നു. "എന്റെ ഏതൊരു സൽപ്രവൃത്തി സ്വീകരിച്ചുകൊണ്ടാണ് ഈ ദൈവികാനുഗ്രഹം ലഭിച്ചതെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. സ്വാഭാവികമായും അല്ലാഹുവിനോടുള്ള ആത്മാർത്ഥമായ ഒരു ആകർഷണം എന്റെ ഉള്ളിൽ ഞാൻ അനുഭവിക്കുന്നു. അത് ഒരു തടസ്സം കൊണ്ടും ഇല്ലാതായിത്തീരുന്നതല്ല."

ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി കരീം (സ) തിരുമേനിയെ അങ്ങേയറ്റം സ്നേഹിച്ചതിന്റെ ഫലമായിട്ടാണ് അല്ലാഹുവും അദ്ദേഹത്തെ സ്നേഹിച്ചത്. തിരുമേനിക്കുശേഷം ആകാശഭൂമികളിൽ വ്യാപിച്ചു കിടക്കുന്ന അല്ലാഹുവിന്റെ ഈ പ്രകാശത്തിന്റെ തണലായി മസീഹ് മൗഊദ് (അ) മാറുകയുണ്ടായി. തിരുമേനിയുടെ പരിശുദ്ധ ഹൃദയത്തിൽ ഇറങ്ങിയിട്ടുള്ള ദൈവികവെളിപാട്, അതിന്റെ ജ്ഞാനങ്ങൾ എന്നിവ ഹദ്റത്ത് മസീഹ് മൗഊദി(അ)ന് നൽകപ്പെട്ടു; ഈ അദ്ധ്യാപനങ്ങളുടെ യഥാർത്ഥ വ്യാഖ്യാനം ഇന്നതാണെന്ന് പറഞ്ഞുകൊടുക്കുന്നതിനുവേണ്ടി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഭൗതികമായ ഒരു പ്രശസ്തിയും ആഗ്രഹിച്ചിരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ പ്രകാശം ആരിലെങ്കിലും ഇറങ്ങാൻ തീരുമാനിക്കപ്പെട്ടാൽ അല്ലാഹു സ്വയം ആ വ്യക്തിക്ക് പേരും പ്രശസ്തിയും നല്കുന്നു- അല്ലാഹുവിന്റെ ഈ പ്രകാശം പരത്തുന്നതിന് നിമിത്തമായിത്തീരുന്നതിനുവേണ്ടി, അല്ലാഹു മസീഹ് മൗഊദ് (അ)നെ ഇൽഹാമിലൂടെ അറിയിക്കുകയുണ്ടായി, "നീ അവനിൽ നിന്നാണ്, മുഴുലോകത്തിനുവേണ്ടിയും നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. നീ പ്രപഞ്ചത്തിന്റെ പ്രകാശമാണ്. നീ അല്ലാഹുവിന്റെ പ്രതാപമാണ്. അവൻ നിന്നെ ഉപേക്ഷിക്കുന്നതല്ല. അല്ലയോ ജനങ്ങളേ! നിങ്ങളുടെ പക്കൽ അല്ലാഹുവിന്റെ പ്രകാശം വന്നിരിക്കുന്നു. നിങ്ങൾ ഒരിക്കലും നിഷേധികളാകരുത്."

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"അല്ലാഹു എന്നിൽ സന്തോഷവാനാണെന്ന കാര്യം എനിക്ക് മതിയായതാണ്. മസീഹ് മൗഊദ് എന്ന് പറയപ്പെടാനോ, ഹദ്റത്ത് മസീഹിനേക്കാൾ ശ്രേഷ്ഠനാണെന്ന് പറയപ്പെടാനോ ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഞാൻ ഗോപ്യമായ നിലയിലായിരുന്നു. ആരും എന്നെ അറിഞ്ഞിട്ടില്ലായിരുന്നു. ആരെങ്കിലും എന്നെ തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹച്ചിരുന്നുമില്ല. നിഗൂഢതയിൽ കഴിയുന്ന എന്നെ അവൻ നിർബന്ധിച്ച് പുറത്തേക്ക് കൊണ്ടുവന്നു. ഞാൻ ഗോപ്യമായി ജീവിക്കുവാനും ഇതേ അവസ്ഥയിൽ മരിക്കാനുമാണ് ആഗ്രഹിച്ചത്. പക്ഷേ, അല്ലാഹു പറഞ്ഞു: "ഞാൻ നിനക്ക് ആദരവോടുകൂടി ലോകത്ത് പ്രശസ്തി നൽകുന്നതാണ്." അല്ലാഹു തന്റെ പ്രകാശംകൊണ്ട് ആരെയെങ്കിലും പൂരിതമാക്കുന്നുവെങ്കിൽ അത് മുഴുലോകത്തിലും പ്രകടമാക്കുന്നുവെന്നത് അല്ലാഹുവിന്റെ രീതിയാണ്. മനുഷ്യനിർമ്മിതമായ പ്രകാശം അതിന്റെ അടയാളം പ്രകടമാക്കുമെന്നിരിക്കെ പിന്നെ അല്ലാഹുവിന്റെ പ്രകാശം എങ്ങനെ മറച്ചുവെക്കാൻ സാധിക്കും? അല്ലാഹു തന്റെ പ്രകാശം തന്റെ പ്രത്യേക അനുഗ്രഹംകൊണ്ട് അവന്റെ പ്രത്യേക ദാസനിൽ ഇറക്കുന്നതിലൂടെ അവന്റെ സർവ്വസാധാരണമായ അനുഗ്രഹത്തിന്റെ വരദാനം തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേക ദാസന്മാരുമായി ബന്ധപ്പെടുക. അപ്പോൾ നിങ്ങളിലും ഈ പ്രകാശം ഇറങ്ങുന്നതാണ്. അത് ചെറിയ തട്ടിലാണെങ്കിലും സ്ഫടികത്തിലാണെങ്കിലും ഒരു സത്യവിശ്വാസിയുടെ ആത്മീയമായ അവസ്ഥയ്ക്കനുസരിച്ച് അത് അവർക്ക് ലഭിക്കുന്നു. അല്ലാഹുവിന്റെ പ്രകാശം ഏതെങ്കിലും സത്യവിശ്വാസിയിൽ എത്തുകയാണെങ്കിൽ അത് അവരെ അനുഗൃഹീതരാക്കുന്നു. അങ്ങനെ മറ്റുള്ളവരും ഈ പ്രകാശം വ്യാപിപ്പിക്കുന്നവരായി

മാറുന്നു. ഈ പ്രകാശം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരുടെ ജീവിതമാതൃക പിൻപറ്റാൻ ശ്രമിക്കേണ്ടതാണ്. ഇബാദത്തിലും ധാർമ്മികഗുണത്തിലും മര്യാദയിലും ഒരു ആവേശത്തോടുകൂടി പരിശ്രമിക്കുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ചുകൊണ്ട് നബി(സ)യെ പിൻപറ്റുകയും ചെയ്യേണ്ടതാണ്. അതിനെ സംബന്ധിച്ച് അല്ലാഹു നബി(സ) തിരുമേനിയോട് ഇപ്രകാരം പറയുകയുണ്ടായി: **"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. അതിന്റെ ഫലമായി അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്"** (3:32) ഈ സ്നേഹമാണ് സ്വഹാബാക്കൾ നബി(സ) തിരുമേനിയോട് കാണിച്ചത്. അപ്പോൾ അവരും പ്രകാശത്താൽ പൂരിതമായി. ഈ ഒരു സ്നേഹമാണ് ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി(സ)യോട് കാണിച്ചത്. അപ്പോൾ അദ്ദേഹവും അല്ലാഹുവിന്റെ സ്നേഹഭാജനമായിക്കൊണ്ട് ഈ കാലഘട്ടത്തിൽ ആ പ്രകാശം വ്യാപിപ്പിക്കുന്നവനായി മാറി. ഇന്ന് ആർക്കെങ്കിലും അല്ലാഹുവിനോടും റസൂൽ (സ) തിരുമേനിയോടും സ്നേഹമുണ്ടെന്ന വാദമുണ്ടെങ്കിൽ അത്തരം ആളുകൾ മസീഹ് മൗഊദുമായി (അ) ബന്ധപ്പെടേണ്ടത് നിർബന്ധമാണ്.

ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഈ ബന്ധം കാരണമായി ഖിലാഫത്തുമായി ബന്ധപ്പെട്ടു കിടക്കുന്നു. അല്ലാഹു പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തിയ ആ പ്രകാശം ഖിലാഫത്തിലൂടെ കരസ്ഥമാകുന്നു. ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദു (അ)മായി പരിപൂർണ്ണമായി ബന്ധപ്പെട്ടാൽ മാത്രമേ ലോകത്ത് സമാധാനം പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ. എന്തുകൊണ്ടെന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) മാത്രമാണ് നബി(സ) തിരുമേനിയുടെ നിർദ്ദേശങ്ങൾ പൂർത്തിയാക്കിയിട്ടുള്ളത്'. ആ മഹാത്മാവ് രഞ്ജിപ്പിലൂടേയും, സ്നേഹത്തിലൂടേയും ഈ ബന്ധം ഉറപ്പിക്കാൻ ഉപദേശിക്കുകയും അല്ലാഹുവിന്റെ നിയമങ്ങളെ നിലനിർത്തിക്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം പൂരിതമാക്കുകയും ചെയ്യുന്നു. അവർ ലോകത്തിലെ സമാധാനത്തിനുള്ള ധ്വജവാഹകരായി മാറുന്നു. നബി കരീം (സ) തിരുമേനിയുടെ പ്രഖ്യാപനം, മസീഹ് വന്നാൽ യുദ്ധം നിർത്തലാക്കുമെന്നാണ്. ഈ പ്രഖ്യാപനം മുഖേന ലോകത്ത് സമാധാനം വ്യാപിക്കുന്നതുമാണ്. ഈ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ എന്നെന്നേക്കുമുള്ള ഖിലാഫത്ത് അത് വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) തന്റെ തഫ്സീറിൽ നൂർ (പ്രകാശം) എന്ന വിഷയത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഈ കാര്യം സൂചിപ്പിക്കുന്നു. അതായത് ഈ പ്രകാശം ലോകത്ത് വ്യാപിപ്പിക്കുന്നതിന് മൂന്ന് കാര്യങ്ങൾ ആവശ്യമുണ്ട്. (1) അല്ലാഹുവിന്റെ അസ്തിത്വം (2) നുബുവ്വത്ത് (3) ഖിലാഫത്ത്. ഏതു വരെ വിശ്വാസി തന്റെ വിശ്വാസവും അതനുസരിച്ചുള്ള സൽപ്രവൃത്തിയും നിലനിർത്തുന്നുവോ, അതുവരെ ഈ പ്രകാശത്തിന്റെ കാലയളവ് ദീർഘിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ പ്രകാശത്തിൽ നിന്നു അനുഗ്രഹം തേടിക്കൊണ്ടിരിക്കാനുള്ള തൗഫീഖ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കട്ടെ. അല്ലാഹുവിന്റെ പ്രകാശം ഒരിക്കലും നമുക്ക് നഷ്ടപ്പെടാതിരിക്കുമാറാകട്ടെ. (ആമീൻ) ■

4-12-2009

ബൈത്തുൽ ഫുതൂഹ്, ലണ്ടൻ

വിവർത്തനം: **മൗലവി എം. സഫർ അഹ്മദ്**

## സൂറ: കഹ്ഫ് പാരായണം ചെയ്യുവിൻ

സഹൽബിൻ മുആദ് (റ) തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു. ഹദ്റത്ത് റസൂൽ (സ) തിരുമേനി അരുളി: "സൂറ കഹ്ഫിന്റെ ആദ്യ ആയത്തുകളും അവസാന ആയത്തുകളും ആരാണോ പാരായണം ചെയ്യുന്നത് അവരുടെ കാൽപ്പാദം മുതൽ ശിരസ്സ് വരെ പ്രകാശമായിത്തീരുന്നതാണ്. ആരാണോ സൂറത്ത് മുഴുവൻ പാരായണം ചെയ്യുന്നത് അതവർക്ക് ആകാശഭൂമികൾക്കിടയിൽ പ്രകാശമായിത്തീരുന്നതാണ്. ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി സൂറ കഹ്ഫിന്റെ ആദ്യത്തെ പത്തായത്തുകളും അവസാനത്തെ പത്തായത്തുകളും പാരായണം ചെയ്യേണ്ടതാണ്."

*22-1-2010ലെ ഖുത്ബയിൽ നിന്ന്*

ഫമീല മുസഫർ

ലേഖനം

# മുഹമ്മദ് നബി(സ): മാനവികതയുടെ പരിപൂർണ്ണത

**മാനുഷികമൂല്യങ്ങളെ പുതിയ മാനത്തിലേക്ക് വിപ്ലവാത്മകമായി പ്രയോഗവൽക്കരിച്ച മാതൃകാപുരുഷനാണ് മുഹമ്മദ് നബി (സ).**

"സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്."(9:128)

മാനവികത, മനുഷ്യത്വം മുതലായ സംജ്ഞകൾ മനുഷ്യന്റെ സാംസ്കാരിക ഔന്നത്യത്തെ പ്രകീർത്തിക്കുന്നവയാണ്. കാലാകാലങ്ങളായി മനുഷ്യസമൂഹത്തിലുണ്ടായിട്ടുള്ള മഹത്തായ മൂല്യങ്ങളെ യാദൃശ്ചികമായി സംഭവിച്ച ഒന്നായാണ് ഭൗതികസമൂഹം കണക്കാക്കുന്നത്. എന്നാൽ, ഇത്തരത്തിലുള്ള മാനുഷികമൂല്യങ്ങളുടെ സംഘാടനവും തലമുറകളായുള്ള പരിക്രമവും യാദൃശ്ചികമായി സംഭവിച്ച ഒന്നല്ല. മാനവികതയുടെ അല്ലെങ്കിൽ മനുഷ്യമഹത്ത്വത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സചേതന്മായതും ബോധപൂർവ്വവുമായ ഒരു ദൈവിക ഇടപെടൽ എല്ലാകാലത്തുമുണ്ടായതായി കാണാം. വിശുദ്ധഖുർആൻ മനുഷ്യരെ പ്രത്യേക സൃഷ്ടിയായാണ് നമുക്ക് പരിചയപ്പെടുത്തുന്നത്. ഇതരജീവികളിൽനിന്ന് വ്യത്യസ്തമായി നിയതമായ കാര്യകാരണങ്ങളാൽ ബന്ധപ്പെടുത്തിയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യന്റേയും മനുഷ്യചരിത്രത്തിന്റേയും മുമ്പേ തന്നെ ദൈവികഗുണസവിശേഷതകൾ നിർണ്ണിതമാണ്. ദൈവത്തിന്റെ മഹത്തായ ചില സിഫത്തുകളുടെ ഭൗതിക പരിച്ഛേദത്തോട് കൂടിയാണ് മനുഷ്യന്റെ സൃഷ്ടിപ്പുണ്ടായിട്ടുള്ളത് എന്നുള്ളതു തന്നെയാണ് മാനവികതയുടെ മഹത്ത്വത്തിന്റെ ആത്മീയവശം. നന്മയെ സ്വീകരിക്കുവാനും തിന്മയെ നിരസിക്കുവാനുമുള്ള മനുഷ്യന്റെ സർഗ്ഗാത്മക വൈഭവം മനുഷ്യസൃഷ്ടിപ്പിൽത്തന്നെ നിമഗ്നമാണ്.

ഇസ്‌ലാം 1400 സംവത്സരങ്ങൾക്ക് മുമ്പേ ഒരു മതമായി രൂപപ്പെടുമ്പോൾ അതുവരെയുള്ള മനുഷ്യത്വമൂല്യങ്ങളെ നിരസിച്ചുകൊണ്ടല്ല അതുണ്ടായിട്ടുള്ളത്. കാരണം വിശുദ്ധ ഖുർആൻ പറയുന്നു:

"അവൻ നിങ്ങളെ പലഘട്ടങ്ങളിലായി സൃഷ്ടിച്ചു." (71:15)

ഈ വചനം മനുഷ്യന്റെ ജൈവികസൃഷ്ടിപ്പിനെക്കുറിച്ചുള്ളതാണെങ്കിലും മനുഷ്യന്റെ സാംസ്കാരിക, സാമൂഹിക, ആത്മീയ ഔന്നത്യത്തിന്റെ വളർച്ചയുടെ പരിണാമഘട്ടങ്ങളേയും സൂചിപ്പിക്കുന്നു. അതായത് പല ഘട്ടങ്ങളിലായുള്ള വിവിധ പ്രവാചകത്വ സംസ്കാരങ്ങളുടെ സംഘാടനമായാണ് ഇസ്‌ലാം നിലവിൽ വന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

"താൻ സൃഷ്ടിച്ച സകലവസ്തുക്കളേയും ഏറ്റവും നല്ല നിലയിലാക്കിയവനാണ് അവൻ. അവൻ മനുഷ്യസൃഷ്ടിപ്പ് ആരംഭിച്ചത് കളിമണ്ണിൽ നിന്നാണ്." (32:8)

ചുരുക്കത്തിൽ "മാനവികത" അഥവാ മനുഷ്യന്റെ സാംസ്കാരിക മഹത്ത്വം പൂർണ്ണമായും ദൈവത്തിൽ നിന്നുള്ളതാണ്. ആ ദൈവത്തിൽ നിന്നുള്ള മനുഷ്യത്വത്തിന്റെ പ്രവാചകനാണ് മുഹമ്മദ് നബി(സ). അദ്ദേഹം തന്നെയാണ് മനുഷ്യത്വത്തിന്റെ പരിപൂർണ്ണ

മാതൃകയും. ചരിത്രത്തിൽ അന്നേവരെ ഉണ്ടായിട്ടുള്ള മാനുഷികമൂല്യങ്ങളെ പുതിയമാനങ്ങളിലേക്ക് വിപ്ലവാത്മകമായി പ്രയോഗവൽക്കരിച്ച മാതൃകാപുരുഷനായിരുന്നു മുഹമ്മദ് നബി(സ). ആ മഹത്ത്വമുടയവരുടെ ജീവിതം തുടർന്നുള്ള സാമൂഹികപ്രജ്ഞയെ ഗുണപരമായ രീതിയിൽ നന്മയിലേക്ക് ഗതി തിരിച്ചുവിട്ടു. തികച്ചും ഇരുളടഞ്ഞ കാലഘട്ടത്തിൽ മനുഷ്യസ്നേഹത്തിന്റെ കൈത്തിരിയുമായി വന്ന് ലോകത്തെ പ്രകാശപൂരിതമാക്കിയ മഹാനായ പ്രവാചകൻ, മനുഷ്യകുലത്തിലുണ്ടായേക്കാവുന്ന സകലവിധ ജീവിത സാഹചര്യങ്ങളേയും എങ്ങനെ ദൈവോന്മുഖമാക്കാം എന്ന് പഠിപ്പിച്ചു. മനുഷ്യസംസ്കാരത്തെ നിരവധി പ്രവാചകരിലൂടെ വളർത്തിയ അല്ലാഹു വിശുദ്ധ ഖുർആനിലൂടെ നമ്മോട്

**ജൈവികവും മാനുഷികവുമായ സവിശേഷതകളെല്ലാം ഉൾക്കൊണ്ട ഒരു വ്യക്തിക്ക് മാത്രമേ തന്നെപ്പോലുള്ള ഇതര മനുഷ്യർക്ക് മാതൃകയാവാൻ സാധിക്കുകയുള്ളൂ.**

പറയുന്നു:

“നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതരിൽ തീർച്ചയായും ഒരു ഉത്തമ മാതൃകയുണ്ട്. അതായത് അല്ലാഹുവിനേയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്” (33:22).

ജൈവികവും മാനുഷികവുമായ സവിശേഷതകളെല്ലാം ഉൾക്കൊണ്ട ഒരു വ്യക്തിക്ക് മാത്രമേ തന്നെപ്പോലുള്ള ഇതരമനുഷ്യർക്ക് മാതൃകയാവാൻ സാധിക്കുകയുള്ളൂ. ഒരു വ്യക്തിക്ക് മനുഷ്യസമൂഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്താൻ കഴിയും എന്നതിലേക്കുള്ള ഉത്തമോദാഹരണമാണ് അദ്ദേഹത്തിന്റെ ജീവിതം. ദൈവം മനുഷ്യന് പ്രദാനം ചെയ്തിരിക്കുന്ന പ്രാപ്തികളുടെയെല്ലാം പരിപോഷണത്തിലൂടെ ഉന്നതിയിലെത്തിയ ഒരു പരിപൂർണ്ണ മനുഷ്യന് മാത്രമാണ് മനുഷ്യകുലത്തിന് മാർഗ്ഗദർശിയാകാൻ സാധിക്കുന്നത്. മുഹമ്മദ് മുസ്തഫ(സ) ലോകത്തോട് പ്രഖ്യാപിച്ചത്, “ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്, എന്നെ പിന്തുടർന്ന് ജീവിതം നയിക്കുവിൻ, നിങ്ങൾക്ക് ദൈവപ്രീതി കരസ്ഥമാക്കാം” എന്നാണ്. നബി(സ) തിരുമേനി തന്റെ ഓരോ പ്രവൃത്തിയിലൂടേയും സ്ഥാപിച്ച ജീവിതമാതൃക, അക്കാലത്തെ ജനങ്ങൾക്കുവേണ്ടി മാത്രമായിരുന്നില്ല, ആ മഹാത്മാവ് സ്ഥാപിച്ച മാതൃക ഖിയാമത്ത് നാൾവരെ നമുക്കൊരു വഴികാട്ടിയാണ്.

രാജാവായും പ്രജയായും പ്രവാസിയായും അഗതിയായും ദരിദ്രനായും സമ്പന്നനായും ന്യായാധിപനായും പടയാളിയായും തുടങ്ങി സമസ്ത മാനുഷികാവസ്ഥയുടേയും മൂർത്തമായ മാതൃകയായി മാറാൻ സാധിച്ചു എന്നുള്ളതാണ് റസൂൽ (സ) തിരുമേനിയുടെ ജീവിതപാഠം. ഒരു വ്യക്തി കുടുംബത്തോടും സമൂഹത്തോടും പ്രകൃതിയോടും പക്ഷിമൃഗാദികളോടും ശത്രുക്കളോടും രാജ്യത്തോടും എങ്ങനെ പെരുമാറണമെന്ന് തിരുമേനി പഠിപ്പിച്ചു തന്നു. തന്നെ സ്വീകരിക്കാത്ത, തന്നെ ഇല്ലായ്മ ചെയ്യാൻ തുനിഞ്ഞിറങ്ങിയ മക്കാ നിവാസികളുടെമേൽ സർവ്വാധികാരത്തോടെ രാജാവായി തിരിച്ചെത്തിയപ്പോൾ അദ്ദേഹം അവർക്കെല്ലാം മാപ്പ് കൊടുക്കുകയാണുണ്ടായത്.

പ്രകൃതിസംരക്ഷണ നിയമവും മൃഗസംരക്ഷണനിയമവും ആധുനിക കാലഘട്ടത്തിന്റെ സംഭാവനകളായാണ് പൊതുസമൂഹം വിലയിരുത്തുന്നത്. ഒരു പൂച്ചയെ പട്ടിണിക്കിട്ട് കൊന്നതിന്റെ പേരിൽ ദൈവത്തിന്റെ ശിക്ഷയ്ക്ക് പാത്രമായ ഒരു സ്ത്രീയുടെ സംഭവം നബി(സ) തിരുമേനി എടുത്തു പറയാറുണ്ടായിരുന്നു. അതുപോലെ ദാഹിച്ചു വലഞ്ഞ നായയ്ക്ക് തന്റെ ഷൂ കിണറ്റിലാഴ്ത്തി വെള്ളമെടുത്ത് ദാഹം ശമിപ്പിച്ച ഒരു ജൂതസ്ത്രീക്ക്, അവരുടെ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുത്തുവെന്ന് തിരുമേനി അരുളിയതും ചിന്താർഹമാണ്. ഉറുമ്പിൻ കൂനയ്ക്ക് തീയിട്ട അനുചരനെ ശാസിച്ച അദ്ദേഹം, തന്നെ അപായപ്പെടുത്താൻ ശ്രമിച്ച പലരോടും അത് ഭക്ഷണത്തിൽ വിഷം കലർത്തി വധിക്കുവാൻ ശ്രമിച്ച ഒരു യഹൂദ സ്ത്രീയാവട്ടെ, തന്റെ മകളെ ഒട്ടകപ്പുറത്ത് നിന്ന് നിലത്തിട്ട് വലിച്ചിഴച്ചവനാകട്ടെ, മക്കാ നിവാസികളാകമാനമാകട്ടെ, എല്ലാവരോടും അകൈതവമായ കാരുണ്യം പ്രകടിപ്പിച്ച മനുഷ്യസ്നേഹത്തിന്റെ നിറകുടമായിരുന്നു ആ മഹാനുഭാവൻ.

മനുഷ്യന്റെ സാമൂഹികപ്രജ്ഞയെ, അതിന്റെ വ്യവഹാര സാദ്ധ്യതകളെ അത്യുന്നതമായ രീതിയിൽ ദൈവപരിപ്രേക്ഷിതമാക്കാൻ ലളിതവും അതിസുന്ദരവുമായ പ്രവൃത്തികളിലൂടെ റസൂൽ തിരുമേനിയ്ക്ക് സാധിച്ചു. എന്നാൽ ഇതെല്ലാം സാദ്ധ്യമാകേണ്ട രീതിശാസ്ത്രം

**മുഹമ്മദ് നബി (സ) ലോകത്തോടു പ്രഖ്യാപിച്ചത് "ഞാൻ നിങ്ങളെ പ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. എന്നെ പിന്തുടർന്ന് ജീവിതം നയിച്ചാൽ, നിങ്ങൾക്ക് ദൈവപ്രീതി കരസ്ഥമാക്കാം" എന്നാണ്**

ദൈവത്തെക്കുറിച്ചുള്ള സ്നേഹത്തിൽ നിന്ന് നിഷ്പന്നമാകുന്ന നിയ്യത്തുകളുടെ അടിസ്ഥാനത്തിലാണ്. അശക്തിയുടേയും ശക്തിപ്രതാപത്തിന്റേയും ദാരിദ്ര്യത്തിന്റേയും ഐശ്വര്യത്തിന്റേയും അവസ്ഥാന്തരങ്ങളിലെല്ലാം താൻ ഉൽകൃഷ്ടമായ ധാർമ്മികഗുണങ്ങളുടേയും, മനോധർമ്മങ്ങളുടേയും അക്ഷയപാത്രമാണെന്ന് തിരുനബി(സ) ലോകത്തിന് കാണിച്ചുകൊടുത്തു. മർദ്ദിതരുടേയും പീഡിതരുടേയും അടിമകളുടേയും മോചനത്തിന്റെ പാതയാണ് മാനവികതയുടെ മാർഗ്ഗമെന്ന് തിരുനബി(സ) പഠിപ്പിച്ചു. മനുഷ്യർ പരസ്പരം സ്നേഹവും വിശ്വാസവും അർപ്പിച്ചുകൊണ്ട് ജീവിക്കണമെന്നും തങ്ങൾക്കിടയിൽ വസിക്കുന്ന സാധുക്കൾക്കും അഗതികൾക്കും വേണ്ട സഹായസഹകരണങ്ങൾ നല്കണമെന്നും എങ്കിൽ മാത്രമേ യഥാർത്ഥ ദാനധർമ്മങ്ങളാവുകയുള്ളൂവെന്നും അവിടന്ന് പറയുമായിരുന്നു. ദരിദ്രവിഭാഗത്തിന്റെ ദുരവസ്ഥകൾക്ക് പരിഹാരമുണ്ടാക്കുന്നതിലും അവരുടെ സ്ഥിതി സമൂഹത്തിൽ ഉയർത്തുന്നതിലും തിരുനബി(സ) സദാ താൽപര്യം പ്രകടിപ്പിച്ച് പോന്നു. ദരിദ്രജനങ്ങളെ ബഹുമാനിക്കണമെന്നും അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തരുതെന്നും അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ച് കൊടുക്കാൻ ശ്രമിക്കണമെന്നും സഹചരരോട് ഉൽബോധിപ്പിക്കുമ്പോൾതന്നെ, അവരിൽ ആത്മാഭിമാനം നിറക്കണമെന്നും ആനുകൂല്യങ്ങൾക്ക് വേണ്ടി ആരോടും യാചിക്കരുതെന്നും സഹനം കൈക്കൊള്ളുന്നതാണ് ഏറ്റവും ഉത്തമമെന്നും തിരുനബി (സ) ഉപദേശിച്ചു. പാവങ്ങൾ ക്ഷണിക്കപ്പെട്ടിട്ടില്ലാത്ത ഒരാഘോഷവും അനുഗ്രഹകരമല്ല എന്ന് തിരുനബി(സ) പറയാറുണ്ടായിരുന്നു. ആയിശ(റ) പറയുന്നു: "ഒരിക്കൽ ഒരു പാവപ്പെട്ട സ്ത്രീ അവളുടെ ചെറിയ 2 പെൺകുട്ടികളുമായി എന്റെ അടുക്കൽ വന്നു. അവൾക്ക് കൊടുക്കാനായി എന്റെ പക്കൽ ഒരൊറ്റ കാരക്കയല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. ആ കാരക്ക രണ്ടു ചീളുകളാക്കി തന്റെ ഇരു പെൺകുട്ടികൾക്ക് ആ സ്ത്രീ വീതിച്ചുകൊടുത്തു. പിന്നീട് തിരുനബി(സ) വീട്ടിലേക്ക് തിരിച്ചെത്തിയപ്പോൾ ഞാൻ തിരുമേനിയ്ക്ക് ഈ കാര്യം വിവരിച്ചു കൊടുത്തു. നബി(സ) അരുൾ ചെയ്തു. "പാവപ്പെട്ട ഒരാൾക്ക് പെൺകുട്ടികളുണ്ടാകുകയും അയാൾ അവരെ പരിപാലിക്കുകയും ചെയ്യുന്നതായാൽ ദൈവം അയാളെ നരകശിക്ഷയിൽ നിന്ന് മോചിപ്പിക്കും."

എന്നാൽ ഇസ്‌ലാമിന് പ്രതിലോമപരമായ പ്രതിഛായയാണിന്നുള്ളത്. ജിഹാദിന്റെ തെറ്റായ പ്രയോഗവും മതമേലാളന്മാരുടെ സ്വാർത്ഥതയും ചൂഷണവും നബി (സ) തിരുമേനിയുടേയും വിശുദ്ധ ഖുർആന്റേയും പാഠങ്ങളോടുള്ള നിരാസവും ആധുനിക ഇസ്‌ലാമികസമൂഹത്തെ ദുരിതത്തിലാഴ്ത്തിയിരിക്കുന്നു. ആധുനിക ലോകം സാങ്കേതികവിദ്യയുടേതാണ്. എന്നാൽ, സാങ്കേതികവിദ്യയുടെ പരീക്ഷണങ്ങൾ മനുഷ്യോപകാരപ്രദമാക്കുന്നതിനൊപ്പം മനുഷ്യനെ എങ്ങനെ കൊന്നൊടുക്കാം എന്നുള്ളത് കൂടിയാകുമ്പോൾ ആധുനിക മനുഷ്യന്റെ പ്രതിഛായ പൂർണ്ണമാകുന്നു. ബോംബുകൾക്ക് എത്രമാത്രം പ്രഹരശേഷി വർദ്ധിപ്പിക്കാം, മിസൈലുകൾക്ക് എത്രമാത്രം ദൂരപരിധി വർദ്ധിപ്പിക്കാം, ജയിലുകളിൽ മനുഷ്യനെ എങ്ങനെയെല്ലാം പീഡിപ്പിക്കാം എന്നുള്ളതെല്ലാം ഇന്നത്തെ മനുഷ്യന്റെ പരീക്ഷണവിഷയങ്ങളാണ്. പരസ്പരം അവിശ്വസിക്കുന്ന മനുഷ്യർ, സമൂഹങ്ങൾ, രാജ്യങ്ങൾ ഇവയെല്ലാം പരസ്പരം നശീകരണശേഷി വർദ്ധിപ്പിക്കുമ്പോൾ ഈ കൊച്ചുഭൂമിയെ ആയിരം വട്ടം നശിപ്പിക്കുവാനുള്ള ആയുധകൂമ്പാരങ്ങൾക്ക് മുകളിൽ നമുക്ക് അന്തിയുറങ്ങേണ്ടി വരുന്നു. "നിങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിന് വേണ്ടിയാണ് നിങ്ങളെ വ്യത്യസ്തരായി സൃഷ്ടിച്ചിട്ടുള്ളത്" എന്ന ദൈവവചനം നമ്മെ പഠിപ്പിച്ചത് റസൂൽ (സ)തിരുമേനിയാണ്. നന്മതിന്മകളുടെ പേരിലല്ലാതെ മറ്റൊന്നിന്റെ പേരിലും അല്ലാഹു മനുഷ്യനെ വർഗ്ഗീകരിക്കില്ല എന്നും തിരുമേനി(സ) പഠിപ്പിച്ചു. പലിശ പാവപ്പെട്ടവനുള്ള ഏറ്റവും വലിയ കെണിയാണെന്ന് മനസ്സിലാക്കിത്തന്നു. സമ്പത്ത് ഒരു ഭാഗത്ത് മാത്രം കുന്നുകൂടുന്നത് തടഞ്ഞ് സക്കാത്ത് സംവിധാനം നിലവിൽ വരുത്തി. സക്കാത്ത്മുതൽ വീതിച്ച് നല്കുമ്പോൾ തന്റെ പിന്തുടർച്ചാവകാശക്കാരാരുംതന്നെ ആ ദാനധർമ്മങ്ങളിൽ ഭാഗഭാക്കാകരുതെന്ന് നിഷ്കർഷയുണ്ടായിരുന്നു. ദാനം നല്കുവാൻ നബി (സ) തിരുമേനിയുടെ കൈയിലേൽപിച്ച കുറച്ച് കാരക്കയിൽ നിന്ന്, രണ്ടര വയസ്സ് മാത്രം പ്രായമുള്ള തന്റെ പേരക്കിടാവ് ഇമാം ഹസൻ ഒന്നെടുത്ത് വായിലിട്ടപ്പോൾ

"ഇതിൽ നമുക്ക് അവകാശമില്ല" എന്നു പറഞ്ഞ് വായയിൽ നിന്ന് ആ കാരക്ക പുറത്തേക്കെടുത്ത സംഭവം സക്കാത്തിന്റെ നിബന്ധനകളെ വിളിച്ചോതുന്നവയാണ്.

മദ്യം നന്മയേക്കാളേറെ തിന്മയാണെന്ന കാരണത്താൽ മദ്യനിരോധനം നടത്തി. കുടുംബവ്യവസ്ഥിതിയിലൂന്നിയ സാമൂഹിക സംവിധാനം ഉദാത്തമാണെന്ന് നമ്മെ പഠിപ്പിച്ചു. സ്ത്രീ ശാക്തീകരണ പ്രസ്ഥാനവും ഫെമിനിസവും ആധുനികഭാവങ്ങളാണെന്ന് കരുതിയവർക്ക് തെറ്റു പറ്റി. പെൺകുഞ്ഞുങ്ങൾ ജനിക്കുന്നത് അപമാനമായിക്കരുതി കിണറ്റിലെറിഞ്ഞ് കൊന്നിരുന്ന ഒരു കറുത്ത കാലഘട്ടത്തെ, ആത്മവിശ്വാസത്തോടെ മറികടന്നു ശുഭ്രപ്രഭയുള്ളതാക്കി മാറ്റി. സ്ത്രീകൾക്ക് പാരമ്പര്യസ്വത്തിലുള്ള അവകാശം അചിന്ത്യമായിരുന്ന കാലത്ത് തന്റെ പിതൃസ്വത്തിൽ സ്ത്രീക്ക് അവകാശമുണ്ടെന്ന് പ്രഖ്യാപിച്ചു. വിധവാ വിവാഹം, വിവാഹമോചനം, വിവാഹത്തിൽ സ്ത്രീയുടെ സമ്മതം എന്നിവ അവളുടെ പുതിയ അവകാശമായി മാറി. ഏതൊരവസ്ഥയിലും അവളുടെ സുരക്ഷിതത്വം പുരുഷന്റെ ഉത്തരവാദിത്വമാണെന്ന സാമൂഹിക സുരക്ഷ അവൾക്ക് ഉറപ്പ് നല്കി. ചൈനയിൽ പോയി വിദ്യ അഭ്യസിക്കണമെന്നും വിജ്ഞാനം എവിടുന്ന് കിട്ടിയാലും വിശ്വാസികളുടെ കളഞ്ഞുപോയ സ്വത്താണെന്നും പഠിപ്പിച്ച റസൂൽ(സ) വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീയെ മാത്രം മാറ്റിനിർത്തിയില്ല. യുദ്ധങ്ങളിൽ പോലും സ്ത്രീകൾ പങ്കെടുത്തിരുന്നു.

**ഒരു വ്യക്തിയുടെ ഉൽകൃഷ്ടത മാത്രമല്ല, ഒരു മഹത്തായ സിദ്ധാന്തത്തിന്റെ പ്രായോഗിക രൂപമായിരുന്നു തിരുമേനി (സ).**

ആരാധനാലയങ്ങളിൽ മറ്റു മതസ്ഥർക്കും ദൈവപ്രാർത്ഥന നടത്താവുന്നതാണെന്ന കാര്യം അദ്ദേഹം മനസ്സിലാക്കിത്തന്നു. തിരുമേനിയുമായി മതകാര്യങ്ങളിൽ സംവാദം നടത്തുന്നതിനായി ചർച്ചിന്റെ ഉന്നതന്മാരായ ഒരു ക്രൈസ്തവസംഘം മദീനയിലെ പള്ളിയിലെത്തി ആ സംഘത്തിലെ നേതാവ് തങ്ങൾക്ക് പ്രാർത്ഥന നടത്തുന്നതിനായി സൗകര്യമുള്ള ഒരു സ്ഥലം കണ്ടുപിടിക്കാൻ പുറത്ത് പോകുവാനുള്ള അനുവാദം ചോദിച്ചു. ദൈവത്തെ ആരാധിക്കുവാനായി പുറത്ത് പോകാതെ ഈ പള്ളിയിൽതന്നെ ആരാധന നടത്താവുന്നതാണെന്ന് നബി(സ) അറിയിച്ചു.

എന്നാൽ, ഇന്ന് റസൂൽ തിരുമേനിയെ ഭീകരനായി ചിത്രീകരിച്ച് കാർട്ടൂൺ വരച്ചവരുടേയും അപമാനിച്ച് നോവലെഴുതിയവരുടേയും തലയെടുക്കുവാനുള്ള ആഹ്വാനം റസൂൽ തിരുമേനിയുടെ യഥാർത്ഥപാഠങ്ങളോടുള്ള അവഹേളനമാണ്. നമസ്കരിക്കുമ്പോൾ സുജൂദിലായിരുന്ന റസൂൽ തിരുമേനിയുടെ കഴുത്തിലും ചുമലിലും ഒട്ടകത്തിന്റെ കുടൽമാലയിട്ട് കൊല്ലാൻ ശ്രമിച്ചവർക്ക് മാപ്പ് കൊടുത്ത നബി(സ) മാനവസമുദായത്തിന് സഹനത്തിന്റെ എണ്ണിയാലൊടുങ്ങാത്ത മാതൃകകളാണ് നല്കിയത്.

തന്റെ വിശ്വാസം പ്രചരിപ്പിക്കുവാനായി 'ത്വായിഫി'ലെത്തിയ നബി(സ) തിരുമേനിയെ തെരുവ് പിള്ളേരെക്കൊണ്ട് കല്ലെറിയിച്ച് ഓടിക്കാൻ ശ്രമിക്കവെ മുറിവേറ്റ് രക്തം ഒഴുകിയപ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണുണ്ടായത്. അവരെ നശിപ്പിച്ച് കളയാൻ മലക്ക് സമ്മതം ചോദിച്ചപ്പോഴും മർദ്ദിച്ചവരിൽനിന്ന് സുകൃതവാന്മാരായ ഒരു സമൂഹത്തെ നല്കുന്നതിനായി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. മദീനയിലെ പള്ളി അടിച്ച് വൃത്തിയാക്കാറുണ്ടായിരുന്ന ദരിദ്രയായ ഒരു സ്ത്രീയെ കുറച്ച് ദിവസം കാണാഞ്ഞപ്പോൾ അന്വേഷിച്ച നബി(സ) തിരുമേനിയ്ക്ക് ആ സ്ത്രീയുടെ മരണവാർത്ത അറിയാത്തതിനാലും മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തതിനാലും ദുഃഖമുണ്ടായി. സമുദായത്തിലെ ദരിദ്രജനതയുടെ പുരോഗതിയിലും അവരുടെ പദവി ഉയർത്തുന്നതിലും നബി(സ) തിരുമേനി ശ്രദ്ധാലുവായിരുന്നു. തൊഴിലാളിക്ക് വിയർപ്പാറും മുമ്പ് കൂലികൊടുക്കണമെന്ന് നിഷ്കർഷിച്ച നബിതിരുമേനി തൊഴിലാളി വർഗ്ഗത്തിന്റെ അവകാശസംരക്ഷകനായി മാറി.

ലളിതസുന്ദരമായ ജീവിതമാതൃകയിലൂടെയാണ് ഹൃദയപരിശുദ്ധി വളർത്താൻ സാധിക്കുക. ഒരു നല്ല സിദ്ധാന്തം നമ്മുടെ ചിന്തയേയും യുക്തിബോധത്തേയും സ്വാധീനിക്കുന്നുവെങ്കിൽ നല്ലൊരു ജീവിതമാതൃക നമ്മുടെ മനോധർമ്മങ്ങളേയും ഹൃദയവികാരങ്ങളേയുമാണ് സ്വാധീനിക്കുന്നത്. ഒരു നല്ല ആശയം നമുക്ക് ചിന്തയ്ക്കുള്ള പ്രേരണ നല്കുന്നുവെങ്കിൽ ഒരു നല്ല ജീവിതമാതൃക കർമ്മത്തിനുള്ള പ്രചോദനമാണ് നൽകുന്നത്.

മനുഷ്യബന്ധങ്ങൾക്ക് വില കല്പിച്ച സാഹോദര്യത്തിന്റെ മഹിമ-ലോകത്തിന് കാണിച്ച് കൊടുത്ത മഹാനാണ് മുഹമ്മദ് നബി(സ). ആ മഹാത്മാവിനെക്കു

റിച്ച് ആയിശ(റ)യോട് ചോദിച്ചപ്പോൾ ആ പ്രിയപത്നിയുടെ മറുപടി, ഒരു സമുദ്രത്തെ കൂജയിൽ അടച്ചത് പോലെയായിരുന്നു ആ മഹാത്മാവിന്റെ ജീവിതമെന്നായിരുന്നു. അതായത്, നബിതിരുമേനിയുടെ ജീവിതം ഒരു കരകാണാകടൽ പോലെയാണ്. ആ ജീവിതത്തിൽ സത്യസന്ധത, നിഷ്കളങ്കത, അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, ജനഹൃദയത്തെ ജയിച്ചടക്കുവാനുള്ള സ്വഭാവഗുണങ്ങൾ, സ്ഥൈര്യം, ധൈര്യം, നിരന്തരമായ അക്ഷീണപ്രയത്നം, അപാരമായ സഹനം, അനുപമമായ വിനയം എന്നിവയെല്ലാം ഒത്തിണങ്ങിയിരുന്നു. ഒരു യഥാർത്ഥ മനുഷ്യന്റെ ജീവിതം എങ്ങനെയായിരിക്കണമെന്ന് തന്റെ ജീവിത പരിശുദ്ധിയിലൂടെ മാർഗ്ഗദർശനം നല്കിയ പ്രവാചകനായിരുന്നു മുഹമ്മദ് നബി(സ).

“താൻ മുഹമ്മദിനെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ ഈ ഭൂമിയെത്തന്നെ സൃഷ്ടിക്കുമായിരുന്നില്ല” എന്നുള്ളത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. അതായത്, ആ മഹാത്മാവിന്റെ ജനനം ആകാശവും ഭൂമിയും സൃഷ്ടിക്കുവാനുള്ള കാരണമായിരുന്നുവെന്ന് തന്നെ!. എന്നാൽ, ഒരു വ്യക്തിയുടെ ഉൽകൃഷ്ടത മാത്രമല്ല, ഒരു മഹത്തായ സിദ്ധാന്തത്തിന്റെ പ്രായോഗികരൂപവുമായിരുന്നു ആ മഹാത്മാവ്. അതുകൊണ്ടുതന്നെ കാലികമായ ഏതവസ്ഥയിലും പരീക്ഷിച്ചു വിജയിപ്പിക്കേണ്ട സിദ്ധാന്തത്തിന്റെ മാതൃക തന്നെയാണ് ആ മഹത് വ്യക്തിത്വം. മുഹമ്മദ് നബി(സ) തിരുമേനിയും അദ്ദേഹത്തിന്റെ സ്വഹാബാക്കളും എങ്ങനെയായിരുന്നുവോ അതേ മാതൃകയുടെ അഥവാ പ്രായോഗികതയുടെ സാമൂഹികരൂപമാണ് ഹദ്റത്ത് മിർസാഗുലാം അഹ്മദി (അ) നാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ഇത് അല്ലാഹുവിൽ നിന്ന് പ്രവചനമനുസരിച്ച് നിഷ്പന്നമായ സാമൂഹിക വ്യവഹാരമണ്ഡലമാണ്. ഈ അൽജമാഅത്തിൽ നിന്നുകൊണ്ടല്ലാതെ നബിതിരുമേനിയെ പൂർണ്ണമായും മാതൃകയാക്കാൻ ഒരാൾക്കും സാദ്ധ്യമല്ല. കാരണം ഒരു അമീർ, ഒരു നേതാവ് അദ്ദേഹത്തിന്റെ അനുചരന്മാരും ദൈവികമായ ഉൾപരിവർത്തനത്തിന് വിധേയമാക്കപ്പെടുമ്പോഴുള്ള മഹത്തായ ജീവിതമണ്ഡലത്തിൽനിന്നുകൊണ്ട് മാത്രമേ മനുഷ്യത്വത്തിന്റെ അകംപൊരുൾ സ്പർശിച്ച ജീവനം സാദ്ധ്യമാകുകയുള്ളൂ. അതുതന്നെയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രായോഗിക പ്രസക്തി. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നമുക്കേകിയ

**മർദ്ദിതരുടേയും പീഡിതരുടേയും അടിമകളുടെയും മോചനത്തിന്റെ പാതയാണ് മാനവികതയുടെ മാർഗ്ഗമെന്ന് തിരുനബി (സ) പഠിപ്പിച്ചു.**

പാഠം മുഹമ്മദ് (സ) തിരുമേനിയുടെ പ്രതിബിംബം മാത്രമാണ് താൻ എന്നാണ്. അതായത് മുഹമ്മദ് നബി (സ) ലോകത്തിനു സമർപ്പിച്ച ആത്മീയ ജീവൻ കൈവരുന്ന അദ്ധ്യാപനങ്ങളുടെ അനുഗ്രഹങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ മാത്രമാണ് നിലനിൽക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

“വിശ്വസിച്ചവരേ, അല്ലാഹുവും അവന്റെ ദൂതനും നിങ്ങൾക്ക് ജീവൻ നല്കുന്നതിന് നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക.”(8:25) അകളങ്കിതമായ ഹൃദയ നൈർമല്യത്തോടെയും നീതിബോധത്താൽ പ്രകാശിതമാവുകയും ചെയ്ത ഒരന്വേഷകന് എല്ലാ പ്രവാചകത്വ പ്രസ്ഥാനങ്ങളിലും വെച്ച് മഹോന്നതനായ പ്രവാചകനായി എന്നെന്നും തേജസ്സും ജീവനും ഉള്ള അല്ലാഹുവിന്റെ ഏറ്റവും പ്രിയങ്കരനായ പ്രവാചകനായി, ഒരേ ഒരു പരിപൂർണ്ണ മനുഷ്യനെ മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. അത് നബിതിരുമേനി(സ) മാത്രമാണ്.

ചുരുക്കത്തിൽ, ആത്മീയമായ സജീവത ലഭിക്കുന്ന ഒരു മാർഗ്ഗത്തിലേക്കാണ് നബി(സ) മനുഷ്യരെ ക്ഷണിച്ചിരിക്കുന്നത്. തന്നിമിത്തം, മുഹമ്മദ് മുസ്തഫാ (സ)യുടെ അനുചരന്മാരാണെന്ന വാദം തിരിച്ചറിയുന്നതിനുള്ള മാനദണ്ഡം ഖിലാഫത്താകുന്ന ആത്മീയചൈതന്യമാകുന്നു. ഇസ്‌ലാമിക വിജയം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ ദൈവിക സംവിധാനത്തെ തിരിച്ചറിയേണ്ടത് ഓരോ മനുഷ്യന്റേയും ബാദ്ധ്യതയാണ്. റസൂൽ(സ)യുടെ പ്രതിബിംബമായ മസീഹ് മൗഊദ്(അ) ന്റെ മാതൃക പിൻപറ്റിക്കൊണ്ട് ഖിലാഫത്തിന്റെ മുഴുവൻ അനുഗ്രഹങ്ങളും അനുഭവിക്കുവാനുള്ള സൗഭാഗ്യം നമുക്ക് ലഭിക്കുമാറാകട്ടെ. ആമീൻ.

■

മർയം സലീം: കൊടുങ്ങല്ലൂർ

ലേഖനം

# ഇസ്‌ലാമിന്റെ വിജയം മഹ്ദി ഇമാമിലൂടെ

**1896 ൽ ലാഹോറിലെ സർവ്വമത സമ്മേളനത്തിൽ അവതരിപ്പിച്ച, ഹദ്റത്ത് അഹ്മദി(അ)ന്റെ ഇസ്‌ലാംമത തത്ത്വജ്ഞാനം എന്ന പ്രബന്ധം, മറ്റു മതങ്ങളുടെയെല്ലാംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുവാനുള്ള ഇമാം മഹ്ദിയുടെ ദൗത്യത്തിന്റെ തുടക്കമായിരുന്നു.**

2010 മാർച്ച് 23ന് ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 'മസീഹ് മൗഊദ് ദിനം' ആചരിക്കുകയുണ്ടായി. 121 വർഷം മുമ്പേ കൃത്യമായി പറഞ്ഞാൽ 1889 മാർച്ച് 23ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)ലൂടെ ഒരാത്മീയ മഹാവിപ്ലവത്തിന് തുടക്കം കുറിക്കുകയായിരുന്നു. 1889 മാർച്ച് 23ന് ഇന്ത്യയിലെ പഞ്ചാബിലെ ലുധിയാനയിൽ വെച്ച് 40 പേരടങ്ങുന്ന ശിഷ്യന്മാരിൽ നിന്ന് ബൈഅത്തു സ്വീകരിച്ചുകൊണ്ടായിരുന്നു അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തെന്ന ആത്മീയ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 121 വർഷം പിന്നിടുമ്പോൾ, ലോകത്തിലെ 195 രാജ്യങ്ങളിൽ, പടർന്നു പന്തലിച്ച് ആത്മീയവും ഭൗതികവുമായ ഫലങ്ങൾ നല്കിക്കൊണ്ടിരിക്കുന്ന വൻ ആത്മീയ വൃക്ഷമായി ഇതു വളർന്നുകഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ലൂടെ ഈ ലോകത്തിന് അല്ലാഹു നല്കിയ അനുഗ്രഹങ്ങൾ എണ്ണിക്കണക്കാക്കുക സാധ്യമല്ല.

വിശുദ്ധ ഖുർആനിൽ സൂറ: സഫ്ഫിൽ അല്ലാഹു പറയുന്നു.

"തന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ-അദ്ദേഹം അതിനെ എല്ലാ മതങ്ങളുടെയും മേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി." (61:10)

ഈ ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്, എല്ലാ മതങ്ങളേയും അതിജയിക്കുവാൻവേണ്ടിയാണ് നബി(സ) തിരുമേനിയെ അല്ലാഹു നിയോഗിച്ചതെന്നാണ്. എന്നാൽ ഇത് നബിതിരുമേനിയുടെ കാലത്തോ അതിനുശേഷമോ ഉണ്ടായിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് ഇത് മഹ്ദി മസീഹിന്റെ കാലത്ത് പൂർത്തിയാകുമെന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ

**'ഇസ്‌ലാം മതതത്വജ്ഞാനം' എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ ഖുർആന്റെ വിജ്ഞാനനീരുറവ ലോകത്തിന്റെ വിവിധ ഭാഷകളിൽ പ്രചുര പ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു.**

പൂർത്തീകരണത്തിന് തുടക്കം കുറിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് അതായത്, 1896 ഡിസംബർ 26, 27, 28 തിയ്യതികളിൽ ലാഹോറിൽ വെച്ച് നടന്ന സർവ്വമതമഹാസമ്മേളനത്തിൽ ഹദ്റത്ത് ഇമാം മഹ്ദി(അ) ഇസ്‌ലാമിനെ വിജയിപ്പിച്ചുകൊണ്ട്, വിശുദ്ധ ഖുർആന്റെ വിജ്ഞാനങ്ങളുടെ മാഹാത്മ്യങ്ങളെ തെളിയിച്ചുകൊണ്ട് ഒരു പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. അന്ന് സമ്മേളനത്തിന്റെ ആധികാരിക വക്താക്കളും അറിയപ്പെട്ട പത്രമാധ്യമങ്ങളും ഐകകണ്ഠ്യേന പ്രഖ്യാ

പിച്ചതെന്തെന്നാൽ, ഹിന്ദുക്കളും, ക്രിസ്ത്യാനികളും, ബ്രഹ്മസമാജികളും, ആര്യസമാജികളും, മറ്റിതര മത വക്താക്കളും സമർപ്പിച്ച പ്രബന്ധങ്ങളെക്കാൾ ഏറ്റവും വിലപ്പെട്ടതും വിഷയവുമായി ബന്ധപ്പെട്ടതും ആയ പ്രബന്ധം, ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ പ്രബന്ധമാണ് എന്നായിരുന്നു. 'ഇസ്‌ലാം മതതത്ത്വ ജ്ഞാനം' എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ ഖുർ ആന്റെ വിജ്ഞാനനീരുറവ ലോകത്തിന്റെ വിവിധ ഭാഷ കളിൽ പ്രചുരപ്രചാരം നേടിക്കഴിഞ്ഞിരിക്കുന്നു. ഈ നീരുറവയിൽ നിന്ന് വിജ്ഞാനത്തിന്റെ ആത്മീയജലം കുടിച്ചുകൊണ്ട് ആയിരങ്ങൾ തങ്ങളുടെ ആത്മീയദാഹം ശമിപ്പിച്ചുകൊണ്ടിരിക്കയാണ്. മനുഷ്യന്റെ ശാരീരിക വും, ധാർമ്മികവും, ആദ്ധ്യാത്മികവുമായ അവസ്ഥാ ന്തരങ്ങളെ അതിമനോഹരവും അത്ഭുതാവഹവുമായ രീതിയിലും സരളമായ ഉദാഹരണത്തിലൂടെയും വിവ രിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ വിജ്ഞാനങ്ങളെ ലോകസമക്ഷം സമർപ്പിച്ചു. ഇതിലൂടെ എല്ലാ മതങ്ങ ളേയും അതിജയിക്കുന്ന മതമായി ദീനുൽ ഇസ്‌ലാം മാറുമെന്ന പ്രവചനത്തിന്റെ പൂർത്തീകരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടക്കം കുറിച്ചിരിക്കു കയാണ്. അദ്ദേഹം തന്റെ ഇസ്‌ലാംമതതത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇപ്രകാരം പറയു ന്നു. "എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും പ്രഭാഷണങ്ങളേയും വെല്ലുന്നതായിരിക്കുമെന്നു സർവ്വ ജ്ഞനായ ദൈവം എനിക്കറിവു തന്നിരിക്കുന്നു." അതു കൊണ്ടുതന്നെ വരുംനാളുകളിൽ ഈ ഗ്രന്ഥത്തിലൂടെ വെളിപ്പെടാൻ പോകുന്ന പരിവർത്തനങ്ങൾ നാം കണ ക്കുകൂട്ടുന്നതിനും അപ്പുറമായിരിക്കും (ഇൻശാ അല്ലാ ഹ്). അത്രമാത്രം ഈ ഉപന്യാസം ജനഹൃദയങ്ങളെ കീഴടക്കിക്കൊണ്ടിരിക്കുന്നു. മൃഗതുല്യമായ മനുഷ്യജീ വിതത്തിന് ആവശ്യമായ സംസ്കരണ പദ്ധതികൾ നിർദ്ദേശിച്ചുകൊണ്ട് ഇതിനെ പ്രയോഗവൽക്കരിക്കുന്ന തിനുള്ള വഴി പറഞ്ഞുകൊടുത്ത്, ധാർമ്മികതയുടെ താവളത്തിലേക്ക് സഞ്ചരിക്കാനും തുടർന്ന് അവിടെ നിന്ന് ആദ്ധ്യാത്മികതയുടെ പടവുകൾ ചവിട്ടി അനന്ത മായ ആത്മീയ വിഹായസ്സിലേക്ക് പറന്നുയരാനും മനു ഷ്യന് പ്രചോദനമേകുന്ന ഒരു വഴികാട്ടിയാണ് പ്ര സ്തുത ഗ്രന്ഥം.

സൃഷ്ടിയേയും സ്രഷ്ടാവിനേയും തമ്മിൽ ബന്ധി പ്പിക്കുക എന്ന അതിമഹത്തായ കർത്തവ്യനിർവ്വഹണ ത്തിനുവേണ്ടി അല്ലാഹുവിനാൽ നിയോഗിതനായ ആ മഹാത്മാവ് അതിനുള്ള ഉപായങ്ങളെക്കുറിച്ച് വ്യക്ത മായ കാഴ്ചപ്പാടുകളാണ് ഇതിലൂടെ സമർപ്പിച്ചിട്ടുള്ള ത്. ആ മഹാത്മാവിന്റെ നിർദ്ദേശാനുസരണം ജീവിത ത്തെ പരിവർത്തിപ്പിച്ച് ആ മാർഗ്ഗം പിൻതുടർന്ന് അനു ഭവസാക്ഷികളായിത്തീർന്ന അനേകായിരങ്ങൾ ജീവി ക്കുകയും ജീവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട് എന്നത് പരമമായ യാഥാർത്ഥ്യമത്രെ. 'ഇസ്‌ലാം മത തത്ത്വജ്ഞാനമെന്ന' ഈ അമൂല്യകൃതിയെക്കുറിച്ച് മന സ്സിലാക്കാനും അതനുസരിച്ച് ജീവിതവിജയം കൈവ രിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാക ട്ടെ. (ആമീൻ). ■

## നല്ല ശിക്ഷണം

മാർഗദർശനം നല്കലും യഥാർത്ഥമായ ശിക്ഷണം കൊടുക്കലും അല്ലാഹുവിന്റെ പ്രവൃത്തിയാണ്. കഠിനമായി കുട്ടികളെ ശിക്ഷി ക്കുകയും തൊട്ടതിനും പിടിച്ചതിനുമൊക്കെ അവരെ ശകാരിക്കുകയും ചെയ്ത് നേരെയാ ക്കാൻ ശ്രമിക്കുന്നതും തന്റെ ഇച്ഛാനുസാര മുള്ള ഒരു മാർഗത്തിൽ അവരെ കൊണ്ടുവ രുവാൻ പ്രയത്നിക്കുന്നതും സന്മാർഗ ത്തിന്റെ ഉടമാവകാശം സ്വയം ഏറ്റെടുക്കു ന്നതുപോലെയാണ്. ഒരു തരത്തിലുള്ള ഗോപ്യമായ ശിർക്കാണിത്. നമ്മുടെ ജമാ അത്ത് ഇതിൽനിന്ന് മോചനം നേടേണ്ടതാണ്. നാം നമ്മുടെ കുട്ടികൾക്കായി ദുആ ചെയ്യു കയും സാധാരണനിലയിൽ അടിസ്ഥാന തത്ത്വങ്ങളും മര്യാദകളും അവരെ പഠിപ്പിക്കു കയും ചെയ്യുന്നുവല്ലോ. ഇതിനേക്കാൾ ഉപ രിയായി ഒന്നുമില്ല. പിന്നീട് പൂർണമായും നാം അല്ലാഹുവിൽ ഭരമേല്പിക്കുന്നു. സൗഭാഗ്യ ത്തിന്റെ ബീജം ആരിലാണോ ഉള്ളത് സമയ മാകുമ്പോൾ അത് മുളച്ച് പുറത്തുവരിക തന്നെ ചെയ്യും.

*(മൽഫൂസാത്ത് വാല്യം 2 പേജ് 5)*

സക്കീനത്ത് പി.പി.

ലേഖനം

# മുസ്‌ലിഹ് മൗഊദി(റ)ന്റെ കുടുംബജീവിതം

**അഹ്മദിയ്യാ ജമാഅത്തിനുവേണ്ടിയുള്ള തന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനോടൊപ്പം മാതൃകാപരമായ ഒരു കുടുംബനാഥന്റെ തിളങ്ങുന്ന പ്രതീകവുമായിരുന്നു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ).**

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വാഗ്ദത്ത പുത്രനും രണ്ടാം ഖലീഫയുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇസ്‌ലാമിനും അഹ്മദിയ്യത്തിനുംവേണ്ടി നിർവ്വഹിച്ചിട്ടുള്ള മഹത്തായ കർമ്മങ്ങളും ത്യാഗങ്ങളും നാം സ്മരിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ പുരോഗതിക്കും വിജയത്തിനും വേണ്ടിയുള്ള അശ്രാന്തപരിശ്രമങ്ങളാണ് അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം നമുക്ക് ദർശിക്കാൻ സാധിക്കുന്നത്. ഈ മൂല്യങ്ങളെല്ലാം തന്റെ സന്തതികളിലും സൃഷ്ടിച്ചെടുക്കുവാൻ അദ്ദേഹം ആഗ്രഹിക്കുകയും അതിനു പ്രയത്നിക്കുകയും ചെയ്തു. തന്റെ മക്കൾ അഹ്മദിയ്യത്തിനു സേവനം ചെയ്യുന്നത് ഒരു ത്യാഗമെന്ന നിലക്കായിരിക്കരുതെന്നും മറിച്ച് അത് തങ്ങളുടെ ഉത്തരവാദിത്വമായി കാണണമെന്നും അദ്ദേഹം പറയുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കുടുംബജീവിതത്തിലെ ചില സുപരിചിതമായ സംഭവങ്ങൾ മുഖേന അദ്ദേഹത്തിന്റെ പിതാവും സഹോദരങ്ങളും സന്താനങ്ങളുമായുള്ള ബന്ധം എങ്ങനെയുള്ളതായിരുന്നുവെന്ന് അല്പം വിവരിക്കാം.

ഖലീഫത്തുൽ മസീഹ് സാനി(റ) ജനിക്കാനിരിക്കെ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് അമ്മാജാൻ (റ) ഒരു സ്വപ്നത്തിൽ വാഗ്ദത്ത മസീഹി (അ)ന്റെ ശത്രുവായ മിർസാ നിസാമുദ്ദീനുമായി താൻ വിവാഹിതയാകുന്നത് കണ്ടു. ഈ സ്വപ്നം അവരെ വളരെയധികം അസ്വസ്ഥയാക്കി. മൂന്നു ദിവസത്തോളം അവർ വല്ലാത്ത മനോവ്യഥയനുഭവിച്ചു. അവരുടെ അവസ്ഥ കണ്ട് മസീഹ് മൗഊദ് (അ) കാര്യമന്വേഷിക്കുകയും അവർ വളരെ വിഷമത്തോടുകൂടി താൻ കണ്ട സ്വപ്നത്തെക്കുറിച്ച് വിവരിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ അവരെ അത്ഭുതപ്പെടുത്തുമാറ് ഹുസൂർ ആഹ്ലാദഭരിതനാവുകയാണുണ്ടായത്. ഇതു വളരെ അത്ഭുതകരമായ സ്വപ്നമാണെന്നും നിനക്ക് ഒരാൺ കുട്ടി ജനിക്കാൻ പോകുകയാണെന്നും 'നിസാമുദ്ദീൻ' എന്ന പേര് ആ വ്യക്തിയെ സംബന്ധിച്ചല്ലെന്നും മറിച്ച് ആ പേരിന്റെ അർത്ഥവുമായി ബന്ധപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. അതായത് നിസാമുദ്ദീൻ എന്നാൽ 'മതത്തെ ഒരു ക്രമത്തിൽ കൊണ്ടുവരുന്നവൻ' എന്നാണർത്ഥം.

ചെറുപ്പത്തിൽതന്നെ തന്റെ പിതാവായ ഹ: മസീഹ് മൗഊദി(അ)ന്റെ സ്വഭാവ വൈശിഷ്ട്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. വാഗ്ദത്ത മസീഹ് (അ) തന്റെ സന്താനങ്ങളോട് വളരെ ബഹുമാനത്തോടും സ്നേഹത്തോടും അഗാധമായ വിനയത്തോടും ആദരവോടും കൂടിയായിരുന്നു പെരുമാറിയിരുന്നത്. ഒരു സംഭവം ഹദ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു: "മസീഹ് മൗഊദ് (അ) കിടക്കുകയായിരുന്നു. സയ്യിദ് ഫസൽ ശാഹ് സാഹിബ് (റ) ഹുസൂറിന്റെ കാലുകൾ തിരുമ്മിക്കൊണ്ടിരിക്കുകയായിരുന്നു.

അപ്പോൾ ഹുസൂറിന്റെ കോട്ടിന്റെ കീശയിൽ എന്തോ ഉറപ്പുള്ള സാധനം അദ്ദേഹത്തിന്റെ കൈയ്യിൽ തടഞ്ഞു. കീശയിൽ കളിമൺ പാത്രത്തിന്റെ ഒരു കഷണവും മിനുസമുള്ള ചെറിയ രണ്ട് കല്ലിൻ കഷണങ്ങളുമായിരുന്നു. അദ്ദേഹം അത് പുറത്തേക്കെറിയുവാൻ ഭാവിച്ചപ്പോൾ മസീഹ് മൗഊദ് (അ) ഉണർന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു : "അത് എറിഞ്ഞു കളയരുത്, മഹ്മൂദ്; (മുസ് ലിഹ് മൗഊദ് - ഖലീഫത്തുൽ മസീഹ്സാനി (റ) ഞാനൊരു വിശ്വസ്തനാണെന്നു കരുതി അവന്റെ കളിപ്പാട്ടങ്ങൾ എനിക്കു തന്നതാണ്. അവൻ ചോദിക്കുമ്പോൾ ഞാനെന്താണ് പറയുക?"

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മറ്റൊരു സഹാബിയായ ഹദ്റത്ത് ഇസ്മായിൽ ബേഗ് സാഹിബ് (റ) നിവേദനം ചെയ്യുന്നു: "ഖാദിയാന് സമീപം മസീഹ് മൗഊദ് (അ) ചില അനുചരന്മാരോടൊപ്പം നടന്നുപോവുകയായിരുന്നു. അവരോടൊപ്പം ഖലീഫത്തുൽ മസീഹ് സാനി(റ)യുമുണ്ടായിരുന്നു. ആ സമയം ഒരാൾ കുറെ മരച്ചില്ലകളുമായി മറുവശത്തുനിന്ന് വരുകയുണ്ടായി. ചില അനുചരന്മാർ മിസ്‌വാക്ക് (Tooth Brush) ഉണ്ടാക്കുവാനായി ആ മരക്കൊമ്പിൽ നിന്നു ചില്ലകളെടുത്തു. ഒന്ന് ഖലീഫത്തുൽ മസീഹ്സാനി(റ)ക്കും കൊടുത്തു. അദ്ദേഹം അത് വാങ്ങുകയും പിന്നീട് തന്റെ പിതാവിനു നേരെ ആ കൊമ്പ് ആവർത്തിച്ച് നീട്ടികൊണ്ടിരിക്കുകയും ചെയ്തു. ഒരു പുഞ്ചിരിയോടുകൂടി ഹുസൂർ ചോദിച്ചു: "ആരുടെ അനുവാദത്തോടുകൂടിയാണ് നീ ഈ മിസ്‌വാക്ക് എടുത്തത്?'' ഇതു കേൾക്കേണ്ട താമസം എല്ലാവരും തങ്ങളുടെ കയ്യിലുണ്ടായിരുന്ന മിസ്‌വാക്ക് നിലത്തേക്കെറിഞ്ഞു. ഇപ്രകാരം മസീഹ് മൗഊദ് (അ) തന്റെ സന്തതികളെ മാന്യമായ രീതിയിൽ ശാസിക്കുകയും സത്യസന്ധതയുടേയും ആർജവത്തിന്റേയും മാനദണ്ഡങ്ങൾ അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഖലീഫത്തുൽ മസീഹ്സാനി(റ)യുടെ ജീവിതം മുഴുവനും തന്റെ പിതാവിനെ പിന്തുടർന്നുകൊണ്ടുള്ളതായിരുന്നു.

തന്റെ പിതാവിന്റെ ചരമാവസരത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "എല്ലാവരും താങ്കളെ കയ്യൊഴിയുകയാണെങ്കിലും, ഞാൻ ഒറ്റയ്ക്ക് മുഴുലോകത്തിനുമെതിരെ നില്ക്കും. ഒരെതിർ പ്പിനും ശത്രുതയ്ക്കും ചെവികൊടുക്കുകയില്ല." പിന്നീട് അദ്ദേഹം ഇങ്ങനെ അനുസ്മരിക്കാറുണ്ടായിരുന്നു: വാഗ്ദത്ത മസീഹിന്റെ (അ) ചരമം അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം ദുഃഖത്തിന്റേയും അസ്വസ്ഥതകളുടേയും സമയമായിരുന്നു. അഹ്മദിയ്യാജമാഅത്തിന് എന്തു സംഭവിക്കുമെന്ന ആശങ്കയായിരുന്നു. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ പ്രചോദനത്തിന്റേയും അറിവിന്റേയും ജ്ഞാനത്തിന്റേയും നിമിഷങ്ങൾ ഉണ്ടാകുന്നു. ആ നിമിഷത്തിൽ എല്ലാവരും ഒരുമിച്ചു കൂടുന്നു. ലോകം എന്നെ ഒരു ഭ്രാന്തനായി മനസ്സിലാക്കിയാലും ലോകത്തിലെ എല്ലാ ശക്തികളും ഒരുമിച്ച് ചേർന്നാലും എന്നെ ഈ പ്രവൃത്തിയിൽ നിന്ന് തടഞ്ഞുനിർത്തുവാൻ സാധ്യമല്ലെന്ന് ഞാൻ സർവ്വാത്മനാ വിശ്വസിച്ചു."

**"അത് എറിഞ്ഞുകളയരുത്; മഹ്മൂദ് ഞാനൊരു വിശ്വസ്തനാണെന്നു കരുതി അവന്റെ കളിപ്പാട്ടങ്ങൾ എനിക്കു തന്നതാണ്. അവൻ ചോദിക്കുമ്പോൾ ഞാനെന്താണ് മറുപടി പറയുക?"**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ക്ക് തന്റെ കൂടെപ്പിറപ്പുകളോടും വളരെയധികം സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ ഇളയ സഹോദരിയായ ഹദ്റത്ത് സയ്യിദ മുബാറക്കാ ബീഗം(റ) സാഹിബ ഇപ്രകാരം സ്മരിക്കുന്നു: എന്റെ പിതാവ് എന്റെ മൂത്ത സഹോദരനെ ഏറ്റവുമധികം സ്നേഹിച്ചിരുന്നുവെന്നകാര്യം വളരെ ചെറുപ്പത്തിൽതന്നെ എനിക്കറിയാമായിരുന്നു- പ്രത്യക്ഷത്തിൽ അദ്ദേഹത്തിന്റെ സ്നേഹഭാജനം ഞാനായിരുന്നുവെന്നു തോന്നിയിരുന്നെങ്കിലും. കുട്ടിക്കാലം മുതൽ ഞാൻ എല്ലാ കാര്യങ്ങളും അദ്ദേഹവുമായി ചർച്ച ചെയ്യാറുണ്ടായിരുന്നു. ഏതെങ്കിലും സംഭവത്തിന്റെ വിശദീകരണങ്ങൾ ഞാൻ കേട്ടിരുന്നില്ലെങ്കിൽ അദ്ദേഹത്തോടായിരുന്നു ഞാൻ ചോദിച്ചു മനസ്സിലാക്കിയിരുന്നത്. ഞങ്ങൾ വളരെ സ്നേഹത്തിലും അടുപ്പത്തിലുമാണെന്ന് മസീഹ് മൗഊദ് (അ) മനസ്സിലാക്കിയിരുന്നു. ഒരിക്കൽ പിതാവ് എന്നോടു പറഞ്ഞു: മഹ്മൂദ് ഈയിടെയായി എന്നോടൊന്നും ചോദിക്കാതെ നിശബ്ദനായിരിക്കുന്നു. എന്നോട് ഒന്നും ആവശ്യപ്പെടുന്നുമില്ല. എന്തെങ്കിലും കാര്യങ്ങൾക്ക് ഒരിക്കലും ആഗ്രഹം പ്രകടിപ്പിക്കുന്നുമില്ല. എന്താണ് അവന് ആവശ്യമുള്ളതെന്ന് ചോദിക്കാൻ ഹുസൂർ എന്നോടു പറഞ്ഞു. ഞാൻ ചോദിച്ചപ്പോൾ മറുപടി പറഞ്ഞത്, സഹീഹ് ബുഖാരിയുടെ ഒരു പൂർണ്ണ സെറ്റ് തനിക്ക് ആവശ്യമുണ്ടെന്നാണ്.

**എന്റെ വിവാഹം കഴിഞ്ഞ് വർഷങ്ങൾക്കുശേഷം അദ്ദേഹത്തിൽ നിന്ന് ഇപ്രകാരം ഒരു കത്തുകിട്ടി. "അഹ്മദിയ്യാ ജമാഅത്തിന്റെ കസേര കണ്ടുകിട്ടി. വിഷമിക്കേണ്ട."**

ഹദ്റത്ത് സയ്യിദ മുബാറക്കാബീഗം (റ) സാഹിബ മറ്റൊരു സംഭവം നിവേദനം ചെയ്യുന്നു: "എന്റെ വിവാഹത്തിനുശേഷം ഖലീഫത്തുൽ മസീഹ്സാനി(റ)യെ സന്ദർശിക്കാൻ പോയാൽ എന്റെ ശബ്ദം കേട്ട ഉടൻ അദ്ദേഹം പുറത്തേക്ക് വരികയും എന്റെ അസാന്നിദ്ധ്യത്തിൽ സംഭവിച്ച കാര്യങ്ങളെല്ലാം എന്നോടു പറയുകയും തന്റെ പുതിയ കവിത എന്നെ വായിച്ചുകേൾപ്പിക്കുകയും ചെയ്യുമായിരുന്നു."

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി (റ) തന്റെ കുടുംബാംഗങ്ങളെയെല്ലാം അടുപ്പിച്ചുനിർത്തി. എല്ലാവരോടും തുല്യമായ നിലയിൽ പെരുമാറി. അവരിൽ നിന്ന് താൻ പ്രതീക്ഷിക്കുന്നതിനെപ്പറ്റി വ്യക്തമായ ധാരണയുണ്ടായിരുന്നെങ്കിലും അവരോടെല്ലാം അഗാധമായ സ്നേഹത്തോടും വിനയത്തോടും മൃദുലതയോടും പെരുമാറി. തന്റെ സന്താനങ്ങളെല്ലാം അഹ് മദിയ്യാ ജമാഅത്തിന്റെ സർവ്വവിധ പ്രവർത്തനങ്ങളിലും അവ എത്ര തന്നെ അപകടകരമാണെങ്കിലും അവയിൽ ഭാഗഭാക്കാകണമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. ഇന്ത്യാവിഭജനം ജമാഅത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം അപകടം നിറഞ്ഞതായിരുന്നു. അതിർത്തി കടക്കുന്ന യാത്രാസംഘങ്ങൾക്ക് പല അപകടവും ഉണ്ടാകാൻ സാധ്യതയുണ്ടായിരുന്നു. ആദ്യയാത്രാസംഘങ്ങളിൽ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതമായ സ്ഥാനങ്ങളിൽ എത്തിക്കുവാൻ യത്നിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ) പാകിസ്താനിലേക്ക് പോയ ശേഷം വാഗ്ദത്ത മസീഹി(അ)ന്റെ കുടുംബത്തിലുള്ള പുരുഷന്മാരെല്ലാം ഖാദിയാനിൽ തന്നെ നിൽക്കണമെന്ന് കല്പിച്ചു. അഹ്മദിയ്യാ ജമാഅത്തിലെ ബാക്കിയുള്ള എല്ലാവരും സുരക്ഷിതരായി ഖാദിയാൻ വിട്ടുപോരുന്നു എന്നുറപ്പു വരുത്താനായിരുന്നു ഇത്. ആ ഘട്ടത്തിൽ വാർത്താവിനിമയ ബന്ധം പോലും വളരെയധികം വിഷമകരമായിരുന്നു. ഖലീഫത്തുൽ മസീഹ്സാനി(റ)യുടെ മരുമകനായ മിർസാ മുസഫർ അഹ്മദ് സാഹിബ് അനുസ്മരിക്കുന്നു: "ജമാഅത്തിന്റെ സാർത്ഥവാഹക സംഘങ്ങൾ ഖാദിയാൻ വിട്ടു പാകിസ്താൻ അതിർത്തിയിലേക്ക് നീങ്ങുമ്പോൾ ലാഹോറിലെ രത്തൻബാഗിൽ തന്റെ കയ്യിൽ വിശുദ്ധ ഖുർആന്റെ ചെറിയ പ്രതിയുമായി അദ്ദേഹം അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നത് ഞാൻ വ്യക്തമായി ഓർക്കുന്നു. ഈ ഘട്ടം മുഴുവനും അദ്ദേഹം ശാന്തമായും നിരന്തരമായും പ്രാർത്ഥിച്ചുകൊണ്ടിരിക്കുമായിരുന്നു. യാത്രാസംഘങ്ങൾ അതിർത്തി കടക്കുന്നതുവരെ അദ്ദേഹം വിശ്രമിക്കാറുണ്ടായിരുന്നില്ല."

പിന്നീട് 313 ദർവേശുമാരെ ഖാദിയാനിൽ നിർത്തുവാൻ തീരുമാനിച്ചു. അതിലൊരാൾ തന്റെ മകനായ മിർസാ വസിം അഹ്മദ് സാഹിബായിരുന്നു. അദ്ദേഹം തന്റെ ചരമം വരെ ഖാദിയാനിൽ തന്നെയായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ)യുടെ മകൾ സാഹിബ് സാദി അമത്തുന്നസീർ ബീഗം സാഹിബ കുടുംബവീട്ടിലെ ചില സംഭവങ്ങൾ ഇങ്ങനെ അനുസ്മരിക്കുന്നു: "ഖലീഫത്തുൽ മസീഹ്സാനി(റ) ചിലപ്പോൾ പത്രവായനയിൽ മുഴുകിയിരിക്കുകയായിരിക്കും. അതേസമയം അദ്ദേഹത്തിന്റെ ദൃഷ്ടി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന മക്കളിൽ പതിയുകയും ചെയ്യും. മക്കൾ ശരിയായ നിലയിലാണോ ഭക്ഷണം കഴിക്കുന്നതെന്നും തീൻമേശയിലെ മര്യാദകൾ പാലിക്കുന്നുണ്ടോ എന്നും ശ്രദ്ധിക്കും. ഉച്ചഭക്ഷണത്തിന് എല്ലാ ദിവസവും വളരെ താമസിച്ചാണ് ഹുസൂർ വരാറ്. മക്കൾ അദ്ദേഹത്തെ പോയി വിളിക്കുന്ന സമയത്ത് ഓഫീസിൽ അദ്ദേഹം കത്തുകൾ വായിക്കുകയും ജോലി ചെയ്യുകയുമായിരിക്കും. രാത്രിയിൽ കുട്ടികൾ കരയുമ്പോൾ അവരെ മടിയിലിരുത്തി നബി(സ)യെക്കുറിച്ചുള്ള പദ്യങ്ങളും മറ്റും പാടിക്കൊടുക്കും. എത്ര മണി വരെയാണ് അദ്ദേഹം ജോലി ചെയ്യുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹത്തെ ഒരിക്കലും കിടക്കയിൽ കാണാറില്ല. ചിലപ്പോൾ രാത്രി മുഴുവനും ഒരു പോള കണ്ണടയ്ക്കാതെ ജോലി ചെയ്യുകയും ഫജ്ർ നമസ്കാരത്തിനായി പള്ളിയിൽ പോകുകയും ചെയ്യും."

ജമാഅത്തിന്റെ വസ്തുക്കളുടെ കാര്യത്തിൽ അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. സാഹിബ് സാദി അമത്തുൽന്നസീർ ബീഗം സാഹിബ ഓർക്കുന്നു. "വർത്തമാനപത്രം ആപ്പീസിൽ നിന്ന് എത്തുമായിരുന്നു. ഒരിക്കൽ എന്റെ നോട്ടുപുസ്തകം പൊതിയാൻ ഞാൻ ഒരു വർത്തമാനപത്രം കീറി. സ്വന്തം ആവശ്യത്തിന് ജമാഅത്തിന്റെ സാധനങ്ങൾ ഉപയോഗിക്കരുതെന്നും എനിക്ക് ആവശ്യമുണ്ടെങ്കിൽ പത്രം കടയിൽ

നിന്ന് വാങ്ങുകയാണ് ചെയ്യേണ്ടതെന്നും അവിടന്ന് ഉപദേശിച്ചു.”

“എന്റെ വിവാഹത്തിന് മുമ്പേ ഒരു തിരശ്ശീലക്കു പിന്നിലിരുന്ന് ഒരദ്ധ്യാപകനിൽ നിന്ന് ഞാൻ പഠിക്കുകയായിരുന്നു. ഒരിക്കൽ അവിടെ കസേര ഉണ്ടായിരുന്നില്ല. അതിനാൽ ഒരു കസേര പ്രൈവറ്റ് സെക്രട്ടറിയുടെ ആപ്പീസിൽ നിന്ന് കൊണ്ടുവന്നു. കുറച്ചുദിവസങ്ങൾക്കുശേഷം കസേര വേറൊരാളുടെ വീട്ടിലേക്ക് കടം കൊടുത്തു. പിന്നീടത് കാണാതായി. ഖലീഫത്തുൽ മസീഹ്സാനി(റ) ഇതുകേട്ടപ്പോൾ എത്രത്തോളം അസ്വസ്ഥനായി എന്നു വെച്ചാൽ നിരവധി ദിവസങ്ങളോളം കസേര അന്വേഷിച്ചുകൊണ്ടിരുന്നു. എന്റെ വിവാഹം കഴിഞ്ഞ് വർഷങ്ങൾക്കുശേഷം അദ്ദേഹത്തിൽ നിന്ന് എനിക്ക് ഇപ്രകാരം ഒരു കത്ത് കിട്ടി. “അഹ്മദിയ്യാ ജമാഅത്തിന്റെ കസേര കണ്ടുകിട്ടി. വിഷമിക്കേണ്ട.”

“ഞാൻ വളരെ ചെറുതായിരിക്കുമ്പോൾ എന്റെ മാതാവ് യുവത്വത്തിൽ ചരമം പ്രാപിച്ചു. എനിക്കെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തന്റെയടുത്ത് വരണമെന്ന് അദ്ദേഹം പറഞ്ഞു. ഒരവസരത്തിൽ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് രണ്ടണ ചോദിച്ചു. “എന്തിനാണ് നിനക്കിത്” എന്നദ്ദേഹം ചോദിക്കുകയും ചിരിച്ചുകൊണ്ട് അതെടുത്തോളാൻ പറയുകയും ചെയ്തു. ഒരണ ചന്ദയായി കൊടുക്കണമെന്നും ബാക്കി ചെലവഴിച്ചാൽ മതിയെന്നും” അദ്ദേഹം പറഞ്ഞു.

മറ്റൊരവസരത്തിൽ ഞാൻ കളിക്കുകയും ബഹളം വെക്കുകയുമായിരുന്നു. അദ്ദേഹം വന്ന് എന്നോട് വാഗ്ദത്ത മസീഹി (അ)ന്റെ ഒരു സഹാബി ചരമം പ്രാപിച്ച വിവരം നീ അറിയില്ലേ എന്നു ചോദിക്കുകയും കൂടുതലായി ഒന്നും പറയാതെ പോവുകയും ചെയ്തു. ഈ ദിവസം ദുഃഖിക്കുകയാണ് വേണ്ടത്, പാടുകയല്ല എന്ന് ഞങ്ങൾ സ്വയം മനസ്സിലാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ) തന്റെ എല്ലാ മക്കളേയും ഈ വിധം മാന്യമായ നിലയിലായിരുന്നു പഠിപ്പിക്കാറ്. സാഹിബ് സാദി അമത്തുന്നസീർ ബീഗം സാഹിബ തുടരുന്നു. “ഒരിക്കൽ ഖാദിയാനിലുള്ള ഒരാളുടെ വീട്ടിലേക്ക് ഞങ്ങൾ ക്ഷണിക്കപ്പെടുകയുണ്ടായി. ഞങ്ങൾ ഒരു കൃഷിയിടത്തിനടുത്തുകൂടി നടക്കുകയായിരുന്നു. അപ്പോൾ ഞാനൊരു ധാന്യമണിക്കതിരിൽ പിടിച്ചു. അതൊന്നായി പറിഞ്ഞു കയ്യിൽപോന്നു. ഉടനെ അദ്ദേഹം എന്നെ വളരെ സൗമ്യമായി ഉപദേശിച്ചു. ‘ഇത് നിന്റെ വയലാണോ?’ ഞാനുടനെ അതവിടെയിട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തന്റെ മക്കളെ തെറ്റും ശരിയും പഠിപ്പിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ പഠിപ്പിച്ചതുപോലെ”.

ഖാദിയാനിൽ ഒരവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ) തന്റെ വീടിന്റെ ചുറ്റും നടക്കുകയായിരുന്നു. സാധാരണഗതിയിൽ മഗ്രിബിനു ശേഷം ആരും പുറത്ത് പോകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഞാനെന്റെ മൂത്ത സഹോദരിയുടെ വീട്ടിൽ പോകാൻ ആഗ്രഹിച്ചു. പോകാമോ എന്ന് മൂന്ന് പ്രാവശ്യം ഞാനദ്ദേഹത്തോട് ചോദിച്ചു. ഓരോ തവണയും അദ്ദേഹം നിശ്ശബ്ദത പാലിച്ചു. ഞാൻ പോകുന്നത് ഇഷ്ടമല്ലെന്ന് ഇതിൽ നിന്നു ഞാൻ മനസ്സിലാക്കി. എന്റെ മുറിയിൽ പോയി കരഞ്ഞു. മഗ്രിബ് നമസ്കാരത്തിനുശേഷം അദ്ദേഹം എന്റെയടുത്ത് വരികയും കരച്ചിൽ നിർത്താൻ വളരെ സൗമ്യമായി പറയുകയും ചെയ്തു.

**“ഞങ്ങൾ കൃഷിയിടത്തിനടുത്തുകൂടി നടക്കുകയായിരുന്നു. അപ്പോൾ ഞാനൊരു ധാന്യമണിക്കതിരിൽ പിടിച്ചു. അതൊന്നായി പറിഞ്ഞു കയ്യിൽ പോന്നു. ഉടനെ അദ്ദേഹം എന്നെ വളരെ സൗമ്യമായി ഉപദേശിച്ചു. ഇത് നിന്റെ വയലാണോ? ഞാനുടനെ അതവിടെയിട്ടു.”**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ) കുടുംബത്തിൽ ശരിയായ നീതി പുലർത്തി. അദ്ദേഹം തന്റെ ഭാര്യമാരിൽ ഓരോരുത്തർക്കും കുടുംബാംഗങ്ങളുടെ എണ്ണമനുസരിച്ച് ഒരേ നിലയിൽ ഒരു നിശ്ചിത തുക ഭക്ഷണത്തിനും ഒരു നിശ്ചിത തുക വസ്ത്രം അലക്കാനും മറ്റും നല്കി. ഓരോരുത്തരും തന്റെ കഴിവനുസരിച്ച് ജീവിക്കണമെന്നും പണം ബുദ്ധിപൂർവ്വം വിനിയോഗിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആൺമക്കളെ ഇടക്കിടെ നേരിട്ട് ശാസിക്കുമായിരുന്നില്ല. അദ്ദേഹത്തിന് ഇഷ്ടപ്പെടാത്ത എന്തെങ്കിലും കണ്ടാൽ അവരുടെ ഉമ്മയോട്, ‘താനിക്കാര്യം ഇഷ്ടപ്പെട്ടിരുന്നില്ല’ എന്നു പറയും. ആരെയെങ്കിലും നേരിട്ട് ശാസിക്കേണ്ടി

വന്നാൽ മറ്റുള്ളവരുടെ മുമ്പിൽ വച്ച് അങ്ങനെ ചെയ്യുമായിരുന്നില്ല. അങ്ങനെ ചെയ്താൽ പിന്നീടതിന് യാതൊരു ഫലവുമുണ്ടാവുകയില്ലെന്ന് അദ്ദേഹത്തിന് തോന്നിയിരുന്നു.

വീടിനുള്ളിൽ വെച്ച് നിസ്കാരസമയങ്ങൾ അദ്ദേഹം വളരെ ഗൗരവപൂർവ്വം നിരീക്ഷിക്കുകയും തന്റെ ആൺമക്കളെല്ലാം പള്ളിയിൽ കൃത്യസമയത്തു നിസ്കാരം അനുഷ്ഠിച്ചെന്ന് ഉറപ്പുവരുത്തുകയും അതിനെക്കുറിച്ച് അവരോട് ചോദിക്കുകയും ചെയ്യുമായിരുന്നു.

ഡോക്ടർ മിർസാ മുനവ്വർ അഹ്മദ് സാഹിബ് തന്റെ ആദ്യത്തെ ശമ്പളം കിട്ടിയപ്പോൾ അതൊരു കവറിലാക്കി ഖലീഫത്തുൽ മസീഹ്സാനി (റ)ക്ക് കൊടുത്തയച്ചു. അദ്ദേഹം കത്ത് വായിക്കുകയും പുഞ്ചിരി തൂകിക്കൊണ്ട് ജസാക്കുമുല്ലാഹ് എന്നു പറഞ്ഞു കവർ തിരിച്ചയക്കുകയുമുണ്ടായി. ഹുസൂർ (റ) ത്യാഗത്തിന്റെ ആത്മാവിനെക്കുറിച്ച് തന്റെ എല്ലാ മക്കളേയും നല്ല പോലെ പരിശീലിപ്പിച്ചിട്ടുണ്ടായിരുന്നു. ഏതെങ്കിലും യാത്ര കഴിഞ്ഞ് തിരിച്ചുവരുമ്പോൾ തന്നോടൊപ്പം വരാത്ത തന്റെ ഭാര്യക്കോ മക്കൾക്കോ സമ്മാനങ്ങൾ നല്കാറുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹി(റ)ന് തന്റെ മക്കളോട് വലിയ സ്നേഹമായിരുന്നു. എത്രത്തോളമെന്നാൽ, അവരിൽ ചിലർക്ക് അടക്ക ചവയ്ക്കുന്ന ശീലമുണ്ടായിരുന്നതിന്നാൽ അദ്ദേഹം അവർക്ക് അടക്ക അയച്ചുകൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ മക്കളിൽ ഒരാൾ ഒരിക്കൽ ഒരു സാധനത്തെക്കുറിച്ച്, 'ഇത് തിന്നാൻ പറ്റിയതാണോ?' എന്നു ചോദിച്ചു. അദ്ദേഹത്തിന് അത് തീരെ ഇഷ്ടമായില്ല. തന്റെ ഭാര്യമാർ ഓരോരുത്തർക്കും അദ്ദേഹം കത്തെഴുതി: 'ഈ കുട്ടിക്ക് ആരും പ്രത്യേകമായി ഒന്നും കൊടുക്കരുത്, എന്തെന്നാൽ അവൻ ദൈവത്തിന്റെ അനുഗ്രഹത്തെക്കുറിച്ച് മോശമായി പറഞ്ഞിരിക്കുന്നു."

സാഹിബ് സാദി അമത്തുന്നസീർ ബീഗം സാഹിബ അനുസ്മരിക്കുന്നു: "ഉഷ്ണകാലത്ത് ചൂടുപൊങ്ങൽ വളരെ സാധാരണമായിരുന്നു. ഒരവസരത്തിൽ ഹദ്റത്ത് ഉമ്മുനസീർ സാഹിബ വെള്ളവും എണ്ണയും ചേർത്ത ഒരു ലേപനവുമായി എന്നെ പിതാവിനടുത്തേക്കയച്ചു. ചൂടുപൊങ്ങലിന് അദ്ദേഹത്തിന്റെ പുറത്തു തേയ്ക്കുവാനായിരുന്നു അത്. ഞാനവിടെ എത്തിയപ്പോൾ വാഗ്ദത്ത മസീഹി(അ)ന്റെ കാലം മുതലുള്ള സംഭവങ്ങൾ അദ്ദേഹം എനിക്കു വിവരിച്ചു തന്നു. ഇതെല്ലാം കേട്ടപ്പോൾ വാഗ്ദത്ത മസീഹിന്റെ കാലത്ത് ജീവിച്ചിരിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നതായി ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: "മുസ്‌ലിഹ് മൗഊദി(റ)ന്റെ കാലത്ത് ജീവിച്ചിരുന്നതിന് നീ നന്ദിയുള്ളവളായിരിക്കണം. ഈ കാലഘട്ടവും ജനങ്ങൾ ഓർക്കും."

മിർസാ മുസഫർ അഹ്മദ് സാഹിബ് അനുസ്മരിക്കുന്നു: "ഹദ്റത്ത് അമ്മാജാൻ (റ) റബ്വയിൽ ചരമം പ്രാപിച്ചപ്പോൾ ഹുസൂറിന്റെ ആഗ്രഹം അവരെ ഖാദിയാനിൽ അവരുടെ ഭർത്താവ് വാഗ്ദത്ത മസീഹ് (അ)ന്റെ തൊട്ടടുത്ത് കബറടക്കണമെന്നായിരുന്നു. ഞാൻ ലാഹോറിലായിരുന്നു നിയമിക്കപ്പെട്ടിരുന്നത്. ഇക്കാര്യം ഇന്ത്യൻ ഹൈക്കമ്മീഷണറുമായി ആലോചിക്കുവാൻ അദ്ദേഹം എന്നോട് പറഞ്ഞു. ഇതിനുവേണ്ടി പരിശ്രമിച്ചെങ്കിലും ഖാദിയാനിൽ കബറടക്കുവാനുള്ള ജനാസയെ അനുഗമിക്കുവാൻ ബന്ധുക്കൾക്കും മറ്റുമായി ഇരുപതിലധികം വിസ അനുവദിക്കില്ലെന്ന് അറിയാൻ സാധിച്ചു. ഈ തീരുമാനത്തോട് അദ്ദേഹത്തിന് യോജിക്കാൻ കഴിഞ്ഞില്ല. അമ്മാജാൻ (റ)ന്റെ പദവി കണക്കിലെടുത്ത് ഖാദിയാനിൽ ഖബറടക്കുവാൻ ജനാസയെ അനുഗമിക്കുവാൻ പതിനായിരം അഹ്മദികൾ ആവശ്യമാണെന്ന് അദ്ദേഹം ശങ്കക്കിടയില്ലാതെ എന്നോട് പറഞ്ഞു."

ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി (റ) അർപ്പണബോധവും സ്നേഹമുള്ള പുത്രനും, ഭർത്താവും പിതാവും സഹോദരനുമായിരുന്നു. തന്റെ ദീർഘകാല ജീവിതത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങൾ തന്റെ ചുമലിലേറ്റി. ഈ ജോലി ആവശ്യപ്പെടുന്ന ശ്രദ്ധയുടേയും സമയത്തിന്റേയും സമ്മർദ്ദമുണ്ടായിരുന്നിട്ടുകൂടി അദ്ദേഹം കുടുംബത്തോട് കൂറും അർപ്പണബോധവും കാണിക്കുകയുണ്ടായി. പരിപൂർണ്ണനായ കുടുംബനാഥന്റെ തിളങ്ങുന്ന ഉദാഹരണമായിരുന്നു അദ്ദേഹം. സ്നേഹിച്ചുകൊണ്ടും പ്രതീക്ഷകൾ പുലർത്തിക്കൊണ്ടും തന്റെ മക്കളിൽ ഈ ആദർശങ്ങൾ ഉണ്ടാക്കിത്തീർക്കുവാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. അദ്ദേഹത്തിന് സർവ്വശക്തനായ അല്ലാഹു ജന്നത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

*അവലംബം: 'താരിഖ് സോവനീർ' 2008. യു.കെ. ഖിലാഫത്ത് ജൂബിലി പതിപ്പ്.* ■

സ്വാലിഹ ദർദ്

ലേഖനം

# ഉമ്മുദാവൂദ് (റ)

## സൂഫി അഹ്മദ് ജാൻ സാഹിബിന്റെ (റ) പൗത്രിയും പീർ മൻസൂർ മുഹമ്മദ് സാഹിബിന്റെ (റ) മകളുമായിരുന്നു ഉമ്മുദാവൂദ് എന്നറിയപ്പെടുന്ന സ്വാലിഹ ജാൻ സാഹിബ (റ).

***കഴിഞ്ഞ രണ്ട് ലക്കങ്ങളിലെ തുടർച്ച***

സ്ത്രീകൾ ഖുർആൻ നോക്കി ഓതാനും തർജ്ജമ പഠിക്കുന്നതിലും മാത്രം ഒതുങ്ങിനിന്നിരുന്ന കാലത്ത് ഉമ്മുദാവൂദ് സാഹിബ അറബി, പാർസി ഭാഷയിലും പൊതുവായ അറിവുകളിലും നൈപുണ്യം കരസ്ഥമാക്കിയിരുന്നു. കവിതകളും രചിച്ചിരുന്നു. നല്ല വാഗ്മിയും എഴുത്തുകാരിയുമായിരുന്നു. ചുരുങ്ങിയ വാക്കുകളിൽ വിപുലമായ അർത്ഥവ്യാപ്തിയോടെ വിഷയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവുണ്ടായിരുന്നു.

ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന് പുരുഷന്മാരുടെ കൂട്ടത്തിൽ വൈജ്ഞാനികമായി ഉന്നതമായ സ്ഥാനം ഉണ്ടായിരുന്നത് പോലെ സയ്യിദ ഉമ്മു ദാവൂദ് സാഹിബക്കും ഇക്കാര്യത്തിൽ സവിശേഷ സ്ഥാനം ഉണ്ടായിരുന്നു. അഹ്മദി സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാൻ അവരെപ്പോഴും പരിശ്രമിച്ചിരുന്നു. ജൽസകളിലും യോഗങ്ങളിലും പ്രസംഗിക്കുകയും പത്രങ്ങളിലും പ്രസിദ്ധീകരണങ്ങളിലും എഴുതുകയും ചെയ്തതിനു പുറമെ സ്ത്രീകളെ പഠിപ്പിക്കാൻ ലഭിക്കുന്ന ഒരു സന്ദർഭവും പാഴാക്കിയിരുന്നില്ല. ഖാദിയാൻ ദാറുൽ അൻവാറിൽ താമസിച്ചിരുന്ന കുറച്ചുകാലം അവരുടെ സഹവാസത്തിൽ കഴിയാനുള്ള സൗഭാഗ്യം എനിക്ക് ലഭിച്ചു. അവരുടെ ക്ലാസ്സും പഠിപ്പിക്കലും ഒരു സ്കൂളിൽ പോകുന്നതിന്റെ പ്രതീതിയുണ്ടാക്കിയിരുന്നു. ബഹുമാന്യനായ മർഹൂം ഡോ. ഹശ്മത്തുല്ലാഹ് സാഹിബിന്റെ വസതിയിൽ വെച്ചായിരുന്നു അവരുടെ അദ്ധ്യാപനം. അവിടെ വന്ന് ദാറുൽ അൻവാറിലേയും സമീപപ്രദേശങ്ങളിലെ ഗ്രാമങ്ങളിലേയും ധാരാളം സ്ത്രീകളും പെൺകുട്ടികളും പഠനമാരംഭിച്ചു. സയ്യിദ് ഉമ്മുദാവൂദ് സാഹിബ രാവിലെ മുതൽ ഉച്ചവരെ അവിടെ സമയം ചെലവിട്ടിരുന്നു. കണക്ക്, ഉർദു, ഇംഗ്ലീഷ്, തുടങ്ങി എല്ലാ വിഷയങ്ങളും പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു. വിശുദ്ധ ഖുർആൻ അവർ പഠിപ്പിച്ചിരുന്നു. ഈ വിനീതയ്ക്ക് അവരുടെ ശിഷ്യത്വം സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആന്റെ തർജ്ജമ പഠിക്കാൻ ഞാനും എന്റെ സഹോദരി റളിയ ദർദ്, ഖാത്തമുന്നിസാദർദ്, ചൗധരി അബുൽ ഹാശിറഖാൻ സാഹിബ് മർഹൂമിന്റെ മകൾ മസ്ഊദ, സഹോദരപുത്രി ഫിറോസ എന്നിവർക്കു പുറമെ ഗ്രാമങ്ങളിലെ പെൺകുട്ടികളും ഉണ്ടായിരുന്നു. കൂടാതെ ഞങ്ങളേക്കാൾ പ്രായമുള്ളവരും പ്രായം കുറഞ്ഞവരുമായ ധാരാളം പെൺകുട്ടികൾ ഖായിദ പഠിക്കാൻ വരാറുണ്ടായിരുന്നു. സയ്യിദ ബുശ്റ ബീഗം സാഹിബ ഉമ്മു ദാവൂദ് സാഹിബയുടെ നിർദ്ദേശപ്രകാരം ചെറിയ ചെറിയ നോട്ട് ബുക്കുകളുണ്ടാക്കി ഞങ്ങൾക്ക് വാക്കുകൾ എഴുതി ത്തരാറുണ്ടായിരുന്നു. സയ്യിദ ഉമ്മു ദാവൂദ് സാഹിബ ഞങ്ങളോട് പറയാറുണ്ടായിരുന്നു, വിശുദ്ധ ഖുർആന്റെ തർജ്ജമ പഠിക്കുന്നതിന് ഓരോ വാക്കർത്ഥവും പഠിക്കൽ നിർബന്ധമാണെന്ന്. എല്ലാ ദിവസവും അവർ ഞങ്ങളിൽ നിന്ന് പാഠം കേട്ട് അടുത്ത പാഠം പഠിപ്പിക്കും. പരസ്പരം മത്സരിച്ച് മുന്നേറാൻ ഞങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. ചെറിയ കാര്യ

ങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ഞങ്ങളെ തർബിയ്യത്ത് ചെയ്തു കൊണ്ടിരിക്കും. അക്കാലത്ത് ഞങ്ങളുടെ പഠനം വള രെയധികം മെച്ചപ്പെട്ടിരുന്നു. ഞങ്ങൾ ഒരു വർഷത്തിൽ 2 ക്ലാസിലെ കോഴ്സ് പൂർത്തിയാക്കി. ഈ പഠനം പല വർഷങ്ങളും തുടർന്നുകൊണ്ടിരുന്നു. ഞാനും റളിയ ദർദ്ദും രണ്ടാം ക്ലാസിലോ മൂന്നിലോ പഠിക്കുകയായിരു ന്നു. ഹദ്റത്ത് മുമാനീ ജാൻ ഞങ്ങൾക്ക് ഒരു പദ്യം കാണാതെ പഠിപ്പിച്ചു. അതിന്റെ തലവാചകം ബൈഅ ത്തിന്റെ പത്ത് നിബന്ധനകൾ എന്നതായിരുന്നു. ഈ പദ്യത്തിലെ വാക്കുകൾ വളരെ ബുദ്ധിമുട്ടുള്ളതായിരു ന്നു. അവർ വാക്കുകൾ ശരിപ്പെടുത്തി അത് ആവർ ത്തിച്ച് ഞങ്ങളെ പഠിപ്പിക്കുകയും ജൽസാ സാലാന യിൽ ഈ പദ്യം ഞങ്ങൾ കേൾപ്പിക്കുകയും ചെയ്തു. വളരെ ചെറുതായിരുന്നതിനാൽ മേശയുടെ അടുത്ത് നിന്നാൽ മറുഭാഗത്തേക്ക് ഞങ്ങളെ കാണാൻ സാധി ക്കില്ലായിരുന്നു. അപ്പോൾ മുമാനീജാൻ സാഹിബ

**ജൽസകളിലും യോഗങ്ങളിലും പ്ര സംഗിക്കുകയും പത്രങ്ങളിലും പ്രസി ദ്ധീകരണങ്ങളിലും എഴുതുകയും ചെ യ്യുന്നതിനു പുറമെ സ്ത്രീകളെ പഠി പ്പിക്കാൻ ലഭിക്കുന്ന ഒരു സന്ദർഭവും പാഴാക്കിയിരുന്നില്ല.**

ഞങ്ങളെ മേശപ്പുറത്ത് കയറ്റി നിർത്തി. സദസ്യരെ കണ്ട് ഞങ്ങൾ പേടിക്കാതിരിക്കാൻ മുമാനിജാൻ സാഹിബ ഞങ്ങളുടെ അടുത്ത് നിന്നു. ഞങ്ങളുടെ പദ്യം കേട്ട് അവരുടെ മുഖം സന്തോഷവും സംതൃപ്തിയും കൊണ്ട് പ്രസന്നമായിരുന്നത്, ചെറിയ കുട്ടികളായിരുന്നിട്ടുകൂടി ഞങ്ങൾക്കും മന സ്സിലാക്കാൻ കഴിഞ്ഞിരുന്നു.

ദാറുൽ അൻവാർ ഖാദിയാനിൽ ലജ്നയുടെ എല്ലാ ജോലികളും സയ്യിദാ ഉമ്മുദാവൂദ് സാഹിബയുടെ നേതൃ ത്വത്തിലാണ് നടന്നിരുന്നത്. അനാരോഗ്യം കാരണം ചിലപ്പോഴൊക്കെ കിടന്നുകൊണ്ട് യോഗങ്ങളിൽ പങ്കെ ടുത്തിരുന്നു. കേൾവി വളരെ കുറവായിരുന്നു. അവർ ഒരിക്കലും പരുഷവാക്കുകൾ കൊണ്ടോ വെറുക്കുന്ന രീതിയിലോ ആരോടും സംസാരിച്ചിരുന്നില്ല. അനാവ ശ്യസംസാരം ഒഴിവാക്കിയിരുന്നു. അച്ചടക്കവും വാത്സ ല്യവും കാരുണ്യവും അവരുടെ മുഖത്ത് കളിയാടിയി രുന്നു. അവരുടെ അനാരോഗ്യവും ക്ഷീണ വും കാര ണത്താൽ അവർ അന്ന് ഹോർലിക്സ് കുടിച്ചിരുന്നു. എനിക്ക് ചിന്തിക്കാനും മനസ്സിലാക്കാനുമുള്ള പ്രായമാ യിരുന്നില്ല അപ്പോൾ. അതുകൊണ്ട് ഞാൻ ഒരു ദിവസം ചോദിച്ചു: "മുമാനിജാൻ, ഹോർലിക്സ് കുട്ടികളല്ലേ കുടിക്കാറുള്ളത്. അങ്ങ് വലുതല്ലേ. എന്നിട്ടും ഈ പാലെന്തിന് കുടിക്കുന്നു?" അവരുടെ മുഖത്ത് വാത്സ ല്യത്തിന്റെ പുഞ്ചിരി വിടർന്നു. എന്നിട്ട് നേരിയ ശബ്ദ ത്തിൽ പറഞ്ഞു: "നീ പറയുന്നത് ശരിയാണ്, ഈ പാല് പൊതുവെ കുട്ടികളാണ് കുടിക്കാറുള്ളത്. ഞാൻ രോഗി യായതുകൊണ്ട് എന്റെ ആമാശയം ക്ഷയിച്ച് കുട്ടികളു ടെതുപോലെയായിരിക്കുകയാണ്. അതുകൊണ്ടാണ് ഞാനിതു കുടിക്കുന്നത്."

ബഹുമാനപ്പെട്ട ഡോ. ഫായ്സ് അലി സാബിർ സാഹിബിന്റെ മകൾ ഉസ്താനി ഹമീദ സാബിറ സാഹിബ വളരെ അധികം തുറന്ന മനസിന്റേയും നർമ്മ ത്തിന്റേയും ഉടമയായിരുന്നു. അവർ എന്നോടു പറഞ്ഞു: "എനിക്ക് ദീർഘകാലം സയ്യിദ ഉമ്മുദാവൂദ് സാഹിബയുടെ കൂടെ പ്രവർത്തിക്കുവാനുള്ള അവ സരം കിട്ടിയിട്ടുണ്ട്. ഞാൻ മിക്കപ്പോഴും എന്തെങ്കിലും കുസൃതി വാക്കുകൾ പറയും. അപ്പോഴെല്ലാം സയ്യിദാ സാഹിബ അതിൽ രസം കണ്ടെത്തും. ഒരിക്കൽ ചിനി യോട്ടിയിൽ ഒരു യോഗം നടക്കുകയായിരുന്നു. അതിൽ അനഹ്മദി സ്ത്രീകളേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. സയ്യിദ ഉമ്മുദാവൂദ് സാഹിബ (റ)യുടെ കൂടെ ഏതാനും സ്ത്രീകൾ അതിൽ പങ്കെടുത്തു. പരിപാടിക്കുശേഷം സദർ സാഹിബ ഒരു വിരുന്നു നടത്തി. ഭക്ഷണത്തളി കയുടെ ഒരു ഭാഗത്ത് സയ്യിദ ഉമ്മു ദാവൂദ് സാഹിബ (റ)യും മറുഭാഗത്ത് ഞാനും ഇരിക്കുകയായിരുന്നു. ആരോ എന്നോട് ചോദിച്ചു: എത്ര കുട്ടികളുണ്ട്? ഞാൻ ഉടനെ പറഞ്ഞു 'ഞാൻ തന്നെയൊരു കുട്ടിയാണ്.' എന്റെ മറുപടി കേട്ടുകൊണ്ട് മുമാനി ജാൻസാഹിബ യും ചിരിച്ചുപോയി. എന്നിട്ടു പറഞ്ഞു. ഹമീദ! എന്റെ അടുത്തിരിക്കണമെന്ന് ഞാൻ നിന്നോട് പറഞ്ഞിട്ടുള്ള താണ്. ഇതേപോലെ ഉസ്താനി ഹമീദ സാബിറ സാഹിബ പറയുന്നു: പ്രസംഗം പഠിപ്പിക്കുന്നതിനു വേണ്ടി കമ്മിറ്റി രൂപീകരിച്ചപ്പോൾ സയ്യിദ ഉമ്മുദാവൂദ് സാഹിബ എന്നെ പ്രത്യേകം ശ്രദ്ധിച്ചു. എന്നിൽ പ്രകൃ ത്യാലുള്ള ഭയം പ്രകടമായിരുന്നു. അതുകൊണ്ട് അവർ എനിക്ക് പ്രസംഗിക്കുന്നതിനുവേണ്ടി എല്ലാവിധ ധൈര്യവും പകർന്നുതന്നു. പരിശീലനത്തിന്റെ ആദ്യ യോഗം മർഹൂമ ആബിദ സാഹിബയുടെ വീട്ടിൽ നട

ന്നു. ഓരോരുത്തരും മാറി മാറി പ്രസംഗിക്കുകയായിരുന്നു. എന്റെ ഊഴം വന്നപ്പോൾ ഒന്നു രണ്ടു വാചകം പറഞ്ഞതിനുശേഷം ഞാൻ ചിരിക്കാൻ തുടങ്ങി. ഇതു കണ്ട് എല്ലാവരും ചിരി തുടങ്ങി. സയ്യിദ ഉമ്മുദാവൂദ് സാഹിബയും ചിരിച്ചുകൊണ്ടിരുന്നു. എന്നാൽ ഞാനിതാവർത്തിച്ചപ്പോൾ അവർ പറഞ്ഞു: "ഹമീദ, ഇനി ഇത് ഒഴിവാക്ക്, സ്വയം നിയന്ത്രിച്ച് എന്തെങ്കിലും പറയാൻ ശ്രമിക്ക്." ഇപ്രകാരം എന്നെ പ്രോത്സാഹിപ്പിക്കുകയും ധൈര്യം നൽകുകയും ചെയ്തു. പിന്നീട് ഞാൻ അവരുടെ ആഗ്രഹപ്രകാരം 1951-ൽ ജൽസ സാലാനയുടെ അവസരത്തിൽ ബർക്കാത്തുദ്ദുആ (ദുആയുടെ അനുഗ്രഹങ്ങൾ) എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. അവർ ആ സമയത്ത് സമ്മേളനനഗരിയിൽ സന്നിഹിതയായിരുന്നില്ല. മറ്റുള്ളവരിൽ നിന്നു കേട്ട് എനിക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് പറഞ്ഞു: "ഹമീദ, എനിക്ക് വളരെ സന്തോഷമായി. നീ നല്ലവണ്ണം പ്രസംഗിച്ചു എന്ന് എല്ലാവരും പറഞ്ഞു:"

എന്നോട് വളരെ സ്നേഹത്തോടുകൂടി പെരുമാറിയിരുന്നു. എന്റെ മുഖത്തിന്റെ ചെറിയൊരു ഭാവമാറ്റത്തെപ്പോലും തിരിച്ചറിഞ്ഞിരുന്നു. എപ്പോഴും കാര്യങ്ങൾ ചോദിച്ചറിയുകയും സമാധാനിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. ദുഃഖകരവും നല്ലതുമായ എല്ലാ കാര്യങ്ങളും എന്നോട് സംസാരിക്കുകയും എന്റെ ചെറിയ ചെറിയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയും ചെയ്തിരുന്നു. കുട്ടികൾ പറയാറുണ്ടായിരുന്നു, ഉസ്താനി ഹമീദസാബിറ ഉമ്മയുടെ കൂട്ടുകാരിയാണെന്ന്. ഒരിക്കൽ എനിക്കൊരു പരീക്ഷണവും ബുദ്ധിമുട്ടും നേരിട്ടു. അപ്പോൾ ആലിംഗനം ചെയ്യുകയും സമാധാനിപ്പിച്ച് തലോടുകയും കാര്യങ്ങൾ മനസിലാക്കിത്തരികയും ചെയ്തു.

ഒരിക്കൽ നുസ്രത്ത് ഗേൾസ് ഹൈസ്കൂളിലെ ഒമ്പതാം ക്ലാസ്സിലെ കുട്ടികൾ പത്താം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ് നൽകുകയായിരുന്നു. അതോടൊപ്പം സ്കൂളിലെ പ്യൂൺ മായിരാജു റിട്ടയേഡ് ആയി പോകുന്നതിനാൽ സ്കൂളിലെ സ്റ്റാഫുകൾ മായിരാജുവിന് യാത്രയയപ്പ് നൽകുന്ന പരിപാടിയിട്ടിരുന്നു. മായിരാജു തന്റെ സ്വഭാവങ്ങൾ കൊണ്ട് മറ്റുള്ളവരാൽ ആകർഷിക്കപ്പെടുന്ന ഒരു പ്രത്യേക വ്യക്തിത്വമുള്ള സേവകയായിരുന്നു. അവർക്കുള്ള പരിപാടി നടത്തിയത് ഛിനാബ് നദിയുടെ തീരത്തായിരുന്നു. സ്കൂളിലെ ഒമ്പതിലേയും പത്തിലേയും കുട്ടികൾ, സ്റ്റാഫുകൾ,

**സൃഷ്ടി സേവനത്തിനുള്ള അകമഴിഞ്ഞ ആവേശം അവരിൽ കാണാമായിരുന്നു. ആവശ്യക്കാരായ ലജ്ന മെമ്പർമാരെ കാണുമ്പോൾ നിശബ്ദമായി അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കാൻ ശ്രമിച്ചിരുന്നു.**

പ്രത്യേകം ക്ഷണിതാക്കളായ സ്ത്രീകൾ, ഹൽഖ തിരിച്ചുള്ള ഭാരവാഹികൾ തുടങ്ങിയവരെല്ലാം ക്ഷണിക്കപ്പെട്ടിരുന്നു. ഈ പരിപാടി പ്രത്യേകം ആകർഷണീയമായിരുന്നു. സയ്യിദ ഉമ്മു ദാവൂദ് സാഹിബ(റ)യും ഇതിൽ സന്നിഹിതയായിരുന്നു. ആഹാരം പാകം ചെയ്യപ്പെട്ടു. ജമാഅത്തായി നിസ്കാരവും നിർവഹിക്കപ്പെട്ടു. കളികൾ നടന്നു. രസകരമായ കവിയരങ്ങും നടന്നു. സയ്യിദ ഉമ്മു ദാവൂദ് സാഹിബ കവിയരങ്ങിന്റെ അധ്യക്ഷയായിരുന്നു. ഈ പരിപാടിയിൽ എല്ലാ ഓരോ ഇനങ്ങളിലും അവർ സന്തോഷപൂർവ്വം പങ്കെടുത്തു. മഞ്ഞയും ചെമപ്പും കലർന്ന വസ്ത്രത്താൽ ആകർഷിതമായ മായിരാജുവിന്റെ മുമ്പാകെ യാത്രയയപ്പ് പത്രിക സമർപ്പിക്കപ്പെട്ടു. അവർ ഹൃദയാകർഷകമായ നിലയിൽ മറുപടി നൽകി. ഉമ്മുദാവൂദ് സാഹിബ (റ) ഈ പരിപാടിയിൽ വളരെ സംതൃപ്തിയോടെ പങ്കെടുക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നത് ഞാൻ കാണുകയും മനസിലാക്കുകയും ചെയ്തു.

അവർ നേർത്ത് മെലിഞ്ഞ ഭംഗിയുള്ള പ്രകൃതക്കാരിയായിരുന്നു. സൃഷ്ടി സേവനത്തിനുള്ള അകമഴിഞ്ഞ ആവേശം അവരിൽ കാണാമായിരുന്നു. ആവശ്യക്കാരായ ലജ്ന മെമ്പർമാരെ കാണുമ്പോൾ നിശബ്ദമായി അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കാൻ ശ്രമിച്ചിരുന്നു. അർഹതപ്പെട്ടവർക്ക് സഹായമെത്തിക്കാൻ എപ്പോഴും ഭാരവാഹികളോട് പറയാറുണ്ടായിരുന്നു.

ഹ: മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ) മദ്രസ അഹ്മദിയ്യായുടെ ഹെഡ്മാസ്റ്ററും ദാറുശ്ശുയൂഖ് (വൃദ്ധസദനം)ന്റെ തലവനും നാസിർ സിയാഫത്തുമായിരുന്നു. യത്തീമായ കുട്ടികളെ സേവിക്കുന്നതിലും സഹായിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. യത്തീമുകളുടെ വിദ്യാഭ്യാസത്തിലും ശിക്ഷണത്തിലും തന്റെ ബഹുമാന്യനായ ഭർത്താവിന്റെ കൂടെ

**സംഘടനാ കഴിവും സംവിധാന നൈപുണ്യവും അവരുടെ ഉന്നതമായ സവിശേഷതയായിരുന്നു. വർഷങ്ങളായി ജൽസാ സാലാനയുടെ അവസരത്തിൽ സ്ത്രീകളുടെ മുൻതസിം ജൽസാ സാലാനാ ഹദ്റത്ത് ഉമ്മുദാവൂദ് (റ) സാഹിബയായിരുന്നു.**

സഹായസഹകരണം ചെയ്തു കൊടുക്കുന്നതിൽ അവർ വളരെയധികം സന്തോഷം കണ്ടെത്തിയിരുന്നു.

സംഘടനാ കഴിവും സംവിധാന നൈപുണ്യവും അവരുടെ ഉന്നതമായ സവിശേഷതകളായിരുന്നു. വർഷങ്ങളായി ജൽസ സാലാനയുടെ അവസരത്തിൽ സ്ത്രീകളുടെ മുൻതസിം ജൽസ സാലാന ഹദ്റത്ത് ഉമ്മുദാവൂദ് സാഹിബയായിരുന്നു. മറുഭാഗത്ത് മുഴുവൻ ജൽസ സാലാനയുടെയും മുൻതസിം അവരുടെ ഭർത്താവ് ഹ: മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) ആയിരുന്നു. അവർക്ക് ശേഷം ഈ ഡ്യൂട്ടി അവരുടെ കഴിവുറ്റ പുത്രൻ ബഹുമാനപ്പെട്ട മീർദാവൂദ് അഹ്മദ് സാഹിബിനാണ് ലഭിച്ചത്. എല്ലാ കൊല്ലവും ജൽസ സാലാനയുടെ അവസരത്തിൽ ആയിരക്കണക്കിന് സ്ത്രീകളുടെ ഭക്ഷണതാമസസൗകര്യങ്ങൾ ഏറ്റവും ഉയർന്ന നിലവാരത്തിൽ അവർ ഏർപ്പെടുത്തിക്കൊണ്ട് തന്റെ കഴിവ് തെളിയിച്ചിരുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളിലും ചിട്ടയും കൃത്യനിഷ്ഠയും ഉണ്ടായിരുന്നു. സമയനിഷ്ഠ പാലിക്കുന്നതിൽ എപ്പോഴും ശ്രദ്ധ ചെലുത്തിയിരുന്നു.

സയ്യിദ ഉമ്മു ദാവൂദ് സാഹിബക്ക് ഖിലാഫത്തിനോട് അഭേദ്യമായ ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബു (റ)മായി കുടുംബബന്ധവുമുണ്ടായിരുന്നു. ആ ബന്ധം വളരെ ഗഹനവും ആത്മാർത്ഥവുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യോടും അവർക്ക് വളരെയധികം ബഹുമാനവും അനുസരണവും ഉണ്ടായിരുന്നു. ഖിലാഫത്തിന് ഉന്നതമായ സ്ഥാനം നൽകിയിരുന്നു. അവരുടെ മൂത്തമകൾ സയ്യിദ നസീറ ബീഗം സാഹിബ അവർക്ക് ഏറ്റവും പ്രിയപ്പെട്ടവളായിരുന്നു. മകൾക്ക് 17 വയസുള്ളപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) മകളുടെ വിവാഹം ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബുമായി നടത്താൻ നിർദ്ദേശം നൽകി. അദ്ദേഹം മക്കളുള്ള പ്രായമായ ആളായിരുന്നിട്ടുകൂടി അവർ അതനുസരിക്കുകയും അംഗീകരിക്കുകയും ചെയ്തു. അങ്ങനെ സന്തോഷപൂർവ്വം വിവാഹം നടന്നു. അവർക്ക് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്രത്ത് ജഹാൻ ബീഗം സാഹിബയോടും വളരെയധികം സ്നേഹമുണ്ടായിരുന്നു. രോഗിയായിരിക്കുമ്പോഴും ക്ഷീണിതയായിരിക്കുമ്പോഴും സയ്യിദ ഉമ്മുദാവൂദ് സാഹിബ ഹദ്റത്ത് അമ്മാജാൻ(റ)ന് വളരെയധികം സേവനം ചെയ്തുകൊടുക്കുകയും അത് തനിക്ക് കിട്ടിയ വലിയ സൗഭാഗ്യമാണെന്ന് കരുതുകയും ചെയ്തിരുന്നു.

ചുരുക്കത്തിൽ അവരുടെ സ്വഭാവഗുണങ്ങളും ദീനിനുവേണ്ടിയുള്ള അവരുടെ സേവനങ്ങളും പരിശ്രമങ്ങളും എന്നെന്നും നിലനിൽക്കുന്ന, വിസ്മരിക്കാൻ പറ്റാത്ത സംഭാവനകളാണ്. അവരുടെ ഉന്നതമായ ജീവിത പരിശുദ്ധി എല്ലാവർക്കും ഒരു മാതൃകയാണ്.

സയ്യിദ ഉമ്മു ദാവൂദ് സാഹിബ(റ)യുടെ രണ്ട് പെൺമക്കൾ - മിർസാ അസീസ് അഹ്മദ് സാഹിബിന്റെ ഭാര്യ ഹദ്റത്ത് സയ്യിദ നസീറ ബീഗം സാഹിബയും മലിക് ഉമറലി സാഹിബ് ഖോഖറിന്റെ ഭാര്യ സയ്യിദബീഗം സാഹിബയും വഫാത്തായി. രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും ജീവിച്ചിരിക്കുന്നു. അല്ലാഹു അവർക്ക് ദീർഘായുസ്സ് നൽകുമാറാകട്ടെ. ആമീൻ. രണ്ട് ആൺമക്കളും വഖഫെ സിൻദഗിയും (ജീവിതം അല്ലാഹുവിന് അർപ്പണം ചെയ്തവർ) എപ്പോഴും ദീനിന്റെ സേവനത്തിൽ വ്യാപൃതരുമാണ്. സയ്യിദ ആനിസ ബീഗം സാഹിബയും സയ്യിദ ബുശ്റ ബീഗം സാഹിബയുമാണ് മറ്റു രണ്ട് പെൺമക്കൾ. രണ്ട് ആൺമക്കൾ ബഹുമാനപ്പെട്ട മീർ മസ്ഊദ് അഹ്മദ് സാഹിബും മീർ മഹ്മൂദ് അഹ്മദ് സാഹിബുമാണ്.

അല്ലാഹു സയ്യിദ ഉമ്മു ദാവൂദ് സാഹിബ(റ)യ്ക്ക് പ്രത്യേക കാരുണ്യത്തിന്റെ സ്ഥാനം നൽകി അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ സന്താനങ്ങളെ പ്ര ത്യേകം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. അവരും തങ്ങളുടെ മഹാന്മാരായ മാതാപിതാക്കളെപ്പോലെ ഗുണമഹത്വങ്ങൾ നിർഗളിക്കുന്ന വ്യക്തികളാകുമാറാകട്ടെ. (ആമീൻ). ■

പരീക്ഷാ സിലബസ്

# സാഹിബ് സാദി അമത്തുസ്സലാം സാഹിബ

ഹദ്റത്ത് റസൂൽ (സ) തിരുമേനിക്ക് അല്ലാഹുവിൽ നിന്നുള്ള അറിയിപ്പ് പ്രകാരം അവസാനകാലത്ത് തന്റെ പൂർണ്ണ പ്രതിബിംബമായി ആഗതരാകുന്ന ഇമാം മഹ്ദിയെക്കുറിച്ച് പറഞ്ഞ സ്ഥലത്ത് ഇപ്രകാരവും അറിയിക്കുകയുണ്ടായി. **"യതസവ്വജു വയൂലദുലഹൂ"** അതായത് വിവാഹിതനാവുമെന്നും പ്രവചനങ്ങൾക്കനുസൃതമായി പരിശുദ്ധ സന്താനങ്ങൾ ജനിക്കുമെന്നുമായിരുന്നു അത്.

അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകന്റെ വാക്കുകൾ പുലരുകയും ഇസ്‌ലാമിന്റെ രണ്ടാം ഘട്ടം ആരംഭിക്കാനുള്ള സമയം അടുക്കുകയും ചെയ്തു. ഈ പ്രവചനപ്രകാരം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)ന് രണ്ടാം വിവാഹത്തിന്റെ സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. അതായത് "നിന്നിൽ നിന്ന് ഒരു പുതിയ കുടുംബത്തിന്റെ അടിത്തറ പാകപ്പെടും." ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: "അല്ലാഹു എന്നെ ഇപ്രകാരം അറിയിച്ചു. "നിന്റെ ഗൃഹം അനുഗൃഹീതമാകും. അനുഗൃഹീത മഹിളകൾ ഒന്നിനു പിറകെ ഒന്നായി ഈ കുടുംബത്തിൽ ജനിക്കും. നിന്റെ തലമുറ വലുതായിരിക്കും. നിന്റെ സന്താന പരമ്പരയെ ഞാൻ വർദ്ധിപ്പിക്കുകയും അനുഗ്രഹം നൽകുകയും ചെയ്യുന്നതായിരിക്കും." (തദ്ക്കിറ എഡിഷൻ 4 പേ. 140)

മറ്റൊരു സ്ഥലത്ത് ഇപ്രകാരം പറയുന്നു:

"തറാ നസ്‌ലൻ ബഈദൻ. ദീർഘമായ തലമുറ നീ കാണും."

(തദ്ക്കിറ എഡിഷൻ 4 പേ - 365)

ഈ അനുഗൃഹീത വനിതമാരിൽ ഒരാൾ സാഹിബ് സാദി അമത്തുസ്സലാം സാഹിബയായിരുന്നു. 1907 ആഗസ്റ്റ് 7നു ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന് ഹദ്റത്ത് സർവ്വർ സുൽത്താനാ സാഹിബയിലാണ് ജനനം. അമത്തുസ്സലാം സാഹിബയ്ക്ക് മസീഹ് മൗഊദി(അ)ന്റെ രണ്ടാം തലമുറയിൽ ജനിച്ച് മസീഹ് മൗഊദി(അ)ന്റെ മടിത്തട്ടിൽ ഇരിക്കാനുള്ള ഭാഗ്യം ലഭിച്ചു.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന് സുദീർഘമായ സന്താനപരമ്പര നൽകും എന്ന പ്രവചനത്തിന്റെ വെളിച്ചത്തിൽ നുസ്റത്ത്ജഹാൻ ബേഗം സാഹിബ(റ)യിൽ ജനിച്ച മക്കളുടെ വിവാഹം ചെറുപ്രായത്തിൽ തന്നെ നടത്തി. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന്റെ വിവാഹം നടന്നത് 13-ാം വയസ്സിലായിരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം തനിക്ക് പെൺകുഞ്ഞ് ജനിച്ചതറിഞ്ഞ് ലജ്ജിച്ചുകൊണ്ട് വീട്ടിലെ കട്ടിലിനടിയിൽ പോയി ഒളിച്ചിരുന്നു. പലയിടത്തും തിരഞ്ഞ് അവസാനം കട്ടിലിനടിയിൽ കാൽ കാണുകയും അമ്മാജാൻ കട്ടിലിനടിയിൽ നിന്ന് വലിച്ചു പുറത്തിട്ടു തമാശയെന്നോണം പറഞ്ഞു:

"എന്റെ ബശീർ ബാപ്പയായിരിക്കുന്നു."

സാഹിബ് സാദീ അമത്തുസ്സലാം സാഹിബയുടെ ജനനത്തിൽ വീട്ടിലെ മുഴുവൻ അംഗങ്ങളും പ്രത്യേകിച്ച് ഹദ്റത്ത് മസീഹ് മൗഊദും(അ) അമ്മാജാൻ സാഹിബ(റ)യും വളരെയധികം സന്തോഷിച്ചു. അമ്മാജാൻ തന്റെ പ്രിയപ്പെട്ട പേരക്കിടാവിനെ മസീഹ് മൗഊദി(അ)ന്റെ അനുഗൃഹീതമായ മടിയിലേക്ക് വെച്ച് കൊടുത്തു. പേരമകളുടെ വലത് ചെവിയിൽ ബാങ്ക് കൊടുത്തശേഷം തന്റെ ചൂണ്ടുവിരൽ കൊണ്ട് തേനും വയമ്പും നൽകി. പേരമകളും മസീഹ് മൗഊദി(അ)നെ തന്റെ മനോഹരമായ

കുഞ്ഞിക്കണ്ണുകൾ കൊണ്ട് നോക്കുന്നുണ്ടായിരുന്നു. അവിടന്നു അമ്മാജാൻ(റ)ന്റെ അടുത്ത് ഇരിക്കുമ്പോഴെല്ലാം അവർ ഹുസൂറിന്റെ കയ്യിൽ പേരമകളെ നൽകുകയും മസീഹ് മൗഊദ്(അ) വളരെയധികം സന്തോഷിക്കുകയും മകൾക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്യുമായിരുന്നു. പേരമകൾക്ക് അമ്മത്തുസ്സലാം, എന്ന പേര് വെച്ചതും ഹുസൂർ തന്നെയായിരുന്നു. സാഹിബ് സാദി അമത്തുസ്സലാം അമ്മാജാൻ(റ)ന്റെ ശിക്ഷണത്തിൽ വളർന്നുവന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സാനി (റ) വനിതകൾക്കായി രൂപീകരിച്ച മദ്റസത്തുൽ ഖവാത്തീനിൽ വിദ്യാഭ്യാസം കരസ്ഥമാക്കുകയും പിന്നീട് യൂണിവേഴ്സിറ്റികളിലെല്ലാം ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെ യ്തു. മദ്റസത്തുൽ ഖവാത്തീനിന്റെ സിലബസിൽ അറബിവ്യാകരണവും തർജ്ജമയും ഒരു മണിക്കൂർ അറബിയിൽ സംസാരം, കർമ്മശാസ്ത്രം, ദീനിയാത്ത്, ജിയോഗ്രഫി, ചരിത്രം എന്നിവ അടങ്ങിയിരുന്നു. ആഴ്ചയിലൊരിക്കൽ ഉർദു, ഇംഗ്ലീഷ്, അറബി പ്രസംഗം, ലേഖനമെഴുത്ത് എന്നിങ്ങനെ വളരെ നല്ല സിലബസ്സാണ് ഉണ്ടായിരുന്നത്. വിവാഹശേഷം എഫ്.എ.യ്ക്ക് പഠിക്കുകയും മൗലവി ഫാസിൽ പരീക്ഷ 1929 ജൂലായ് 9ന് യൂണിവേഴ്സിറ്റിയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കികൊണ്ട് പാസ്സാകുകയുംയും ചെയ്തു. വിദ്യാഭ്യാസരംഗത്ത് വളരെ ഊർജ്ജസ്വലയായിരുന്നു.

സാഹിബ് സാദി അമത്തുസ്സലാം സാഹിബയുടെ നിക്കാഹ് മസീഹ് മൗഊദി(അ)ന്റെ മറ്റൊരു പേരമകനായ മിർസാ റശീദ് അഹ്മദ് സാഹിബുമായി നടന്നു. അതായത് മിർസാ റശീദ് സാഹിബ് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ പുത്രനായിരുന്നു. വിവാഹശേഷം അമത്തുസ്സലാം സാഹിബ മിർസാ റശീദ് സാഹിബിന്റെ വീട്ടിൽ അതായത് ദാറുൽ മസീഹിന്റെ തൊട്ടടുത്ത് തന്നെ താമസമാക്കി. വിവാഹശേഷവും എപ്പോഴും അമ്മാജാനെ(റ) കാണാൻ വരുമായിരുന്നു. അവരുടെ പ്രാർത്ഥനയും സഹതാപവും അവർക്ക് ലഭിച്ചുവന്നു.

അമത്തുസ്സലാം സാഹിബ ഉന്നതമായ ഒരുപാട് സവിശേഷഗുണങ്ങൾക്കുടമയായിരുന്നു. മാതാപിതാക്കളെ വളരെയധികം ബഹുമാനിച്ചു. വളരെ മര്യാദയോടും സ്നേഹത്തോടുമാണ് അവർ സംസാരിച്ചിരുന്നത്. എല്ലാ കാര്യങ്ങളിലും മാതാപിതാക്കളുമായി കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾക്ക് എപ്പോഴും മുൻഗണന നൽകുകയും ചെയ്തു. തന്റെ സഹോദരീ സഹോദരന്മാരെ വളരെയധികം സ്നേഹിക്കുകയും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്യുമായിരുന്നു. വിദൂരബന്ധമുള്ള ബന്ധുമിത്രാദികളെപ്പോലും വളരെയധികം ബഹുമാനിച്ചു. അനഹ്മദീ ബന്ധുക്കളോടും നല്ല നിലയിൽ പെരുമാറി. തന്റെ ഭർതൃഗൃഹത്തിലുള്ളവരെ ബഹുമാനിക്കുകയും അവരുടെ എല്ലാ കാര്യങ്ങളും അറിയുകയും ചെയ്തിരുന്നു. ഭർത്താവായ മിർസാ റശീദ് സാഹിബുമായി വളരെ ബഹുമാനത്തോടും സ്നേഹത്തോടും കൂടി പെരുമാറി. മകൾ സാഹിബ് സാദീ അനീസാ ഫൗസിയ സാഹിബ പറയുന്നു:

“ഞാനെന്റെ മാതാപിതാക്കളെ പരസ്പരം ശകാരിക്കുന്നതായോ വെറുപ്പ് കാണിക്കുന്നതായോ അവരുടെ ജീവിതകാലം മുഴുവൻ കണ്ടിട്ടില്ല. അവർ പരസ്പരം വളരെയധികം ബഹുമാനിച്ചിരുന്നു. എപ്പോഴും (ആപ്) ‘താങ്കൾ’ എന്നാണ് പരസ്പരം അഭിസംബോധന ചെയ്തുവന്നത്. അധിക സംസാരമുണ്ടായാൽ മൗനം പാലിക്കുമായിരുന്നു. എന്നാൽ, ഒരിക്കലും സ്വഭാവങ്ങളിൽ വൈകല്യങ്ങൾ ഉണ്ടായിട്ടില്ല. എന്റെ ഉമ്മ സന്താപവേളയിലോ സന്തോഷവേളയിലോ ഒരുകാര്യവും ആവശ്യപ്പെട്ടിരുന്നില്ല.”

സാഹിബ് സാദി അമത്തുസ്സലാം സാഹിബയുടെ മരുമകൾ സാഹിബ് സാദി ഫനിയ ശമീം സാഹിബ തന്റെ ഭർതൃമാതാപിതാക്കളുടെ സ്നേഹവായ്പിനെക്കുറിച്ച് പറയുന്നു.

സാഹിബ് സാദി അമത്തുസ്സലാംസാഹിബ വ്യവസ്ഥപ്രകാരം കാര്യങ്ങൾ ചെയ്യുന്നവളായിരുന്നു. എന്റെ ഭർതൃപിതാവ് നല്ല സമ്പന്നനായിരുന്നെങ്കിലും ഭർതൃമാതാവ് വളരെ ശ്രദ്ധയോടെയാണ് ചെലവഴിച്ചു വന്നത്. ഒരിക്കലും ഭർത്താവിനോട് അധികം ആവശ്യപ്പെടുമായിരുന്നില്ല. എപ്പോഴും ഉള്ളതിൽ തൃപ്തിപ്പെടുമായിരുന്നു. ഭർത്താവിന് സാമ്പത്തിക വളർച്ചയുണ്ടാകുമ്പോൾ ഭാര്യമാരും കൂടുതലായി ചെലവഴിക്കാറുണ്ട്. എന്നാൽ ഈ കുടുംബത്തിന്റെ അവസ്ഥകൾ നേർവിപരീതമായിരുന്നു. ഭർത്താവിനോട് ഒന്നിനും ആവശ്യപ്പെടാറില്ലായിരുന്നു.’

ഒരു മാതാവെന്ന നിലയ്ക്ക് സ്ത്രീയുടെ ഏറ്റവും പ്രധാനപ്പെട്ട കടമ മക്കൾക്ക് ശരിയായ രീതിയിൽ ശിക്ഷണം നൽകുക എന്നതാണ്. നബി(സ) ഇപ്രകാരം അരുൾ ചെയ്തു: “സ്വർഗ്ഗം മാതാവിന്റെ കാൽ

ക്കീഴിലാണ്." ഒരു മാതാവ് എപ്പോഴും തന്റെ മക്കളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സൽസന്താനങ്ങളുടെ ദുആയുടെ ഫലമായി മാതാപിതാക്കൾ സ്വർഗ്ഗത്തിന് അവകാശികളാവുന്നു. കൂടാതെ സൽസന്താനങ്ങൾ മാതാപിതാക്കളുടെ യഥാർത്ഥ സേവകരായിക്കൊണ്ട് നിരന്തരമായ സന്തോഷം അവർക്ക് ലഭിക്കുകയും അവരും സ്വർഗ്ഗാവകാശികളായിത്തീരുകയും ചെയ്യുന്നു.

അമത്തുസ്സലാം സാഹിബ കുട്ടികളുടെ ശിക്ഷണകാര്യത്തിലുള്ള തന്റെ ഉത്തരവാദിത്തങ്ങൾ മനോഹരമായി നിർവ്വഹിച്ചു പോന്നു. ശിക്ഷണകാര്യങ്ങൾക്ക് കുടുംബത്തിൽ മുൻഗണന നൽകി.

ഇതുമായി ബന്ധപ്പെട്ട് മകൾ സാഹിബ്സാദി സബീഹാ ബീഗം സാഹിബ പറയുന്നു. 'ശിക്ഷണകാര്യങ്ങളിൽ ഉമ്മയുടെ ജീവിതരീതി വളരെ മനോഹരവും വിചിത്രവുമായിരുന്നു. അമ്മാജാൻ സാഹിബയുടെ (റ) ശിക്ഷണത്തിന്റെ പ്രഭാവത്തിൽ ഉമ്മയും കളവിനെ വളരെ വെറുത്തിരുന്നു. കളവ് പറയുന്നതിൽനിന്ന് കുട്ടികളെ കർശനമായി വിലക്കിയിരുന്നു. അനാവശ്യവും ധിക്കാരപരവുമായ പ്രവർത്തനങ്ങൾ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. കുട്ടികളോട് വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. എല്ലാ കാര്യങ്ങളും സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. കുട്ടികളെ ഒരിക്കലും ചീത്ത പറയുകയോ അടിക്കുകയോ ചെയ്യുമായിരുന്നില്ല. അടിക്കുന്നത് പോകട്ടെ, ചെറുതായിട്ട് പോലും മക്കളോട് ദേഷ്യപ്പെട്ടിരുന്നില്ല. ഒരു മാതാവെന്ന നിലക്ക് പൂർണ്ണമായും ഉത്തരവാദിത്തം നിർവ്വഹിച്ചു. വളരെ നല്ല രീതിയിൽ ഭക്ഷണം നൽകുകയും വസ്ത്രം ധരിപ്പിക്കുകയും ചെയ്തു. എന്നാൽ, എല്ലാ രംഗങ്ങളിലും ശിക്ഷണത്തിന് മുൻഗണന നൽകിയിരുന്നു. ഏറ്റവും ഉന്നതനായ വ്യക്തിയുടെ വീട്ടിൽ വളർന്നതിന്റെ ഫലമായിരുന്നു അത്. മസീഹ് മൗഊദി(അ)ന്റെയും അമ്മാജാ(റ)ന്റെയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെയും ശിക്ഷണരീതിയുടെ സൽഫലങ്ങൾ അമത്തുസ്സലാം സാഹിബയുടെ ജീവിതത്തിൽ നിഴലിച്ചു കാണാമായിരുന്നു.

ഒരു സ്ത്രീക്ക് വിവിധ രൂപങ്ങളുണ്ട്. അവൾ മകളും അമ്മയും മാത്രമല്ല മരുമകളും അമ്മായിയമ്മയുമാണ്. മരുമകളും അമ്മായിയമ്മയും തമ്മിലുള്ള ബന്ധങ്ങൾ പലപ്പോഴും കഠിനതരമാകാറുണ്ട്. എന്നാൽ ചില സ്ത്രീകളിൽ എല്ലാ കഠിനതകളും സഹിക്കാനുള്ള ധൈര്യവും പ്രത്യേക കഴിവുമുണ്ടാകാറുണ്ട്. സാഹിബ് സാദി അമത്തുസ്സലാം സാഹിബയും ഇത്തരം മഹിളകളിൽപ്പെട്ടവരാണ്. മരുമകളായപ്പോൾ മകളെപ്പോലെയും ഭർതൃമാതാവായപ്പോൾ ഒരു നല്ല മാതാവിനെപ്പോലെയും പ്രവർത്തിച്ചു. മകൾ സാഹിബ്സാദി സബീഹാഅൻവർ സാഹിബ പറയുന്നു:

എന്റെ പിതാവ് ഏകസന്താനമായിരുന്നു. അതുകൊണ്ട് തന്റെ ഉമ്മാമ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞങ്ങൾ എല്ലാവരും അവിടെത്തന്നെയാണ് കഴിഞ്ഞത്. എന്റെ ഉമ്മ ഉമ്മാമയെ വളരെയധികം ബഹുമാനിക്കുകയും സ്വന്തം മാതാവിനെപ്പോലെ സേവിക്കുകയും ചെയ്തു. എല്ലാ കാര്യങ്ങളും അവരുമായി കൂടിയാലോചിക്കുകയും അവരെ വളരെയധികം അനുസരിക്കുകയും ചെയ്യുമായിരുന്നു. എപ്പോഴും ഞങ്ങളോടും അവരെ ബഹുമാനിക്കാനും സേവനങ്ങൾ ചെയ്യാനും ഉപദേശിക്കുമായിരുന്നു. ഇനി ആരെങ്കിലും ഉമ്മാമക്ക് എതിരായിപ്പറഞ്ഞാൽ ഉമ്മാക്ക് അത് സഹിക്കാൻ കഴിയില്ലായിരുന്നു. ഇതേപോലെ ഉമ്മാമയും എന്റെ ഉമ്മയെ സ്വന്തം മകളെപ്പോലെ സ്നേഹിച്ചുപോന്നു. എന്റെ ഉമ്മയെക്കുറിച്ച് ആരെങ്കിലും പരാതി പറഞ്ഞാൽ ഉമ്മാമാക്കും അത് സഹിക്കില്ലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, രണ്ട് പേരും പരസ്പരം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്തു.

മാശാഅല്ലാഹ്! എത്ര മാതൃകാപരമായ ബന്ധമായിരുന്നു അത്. അമത്തുസ്സലാം സാഹിബ അമ്മായിയമ്മയായപ്പോൾ മരുമക്കളെ സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചു പോന്നു. പെൺമക്കളുടെ ഭർത്താക്കന്മാരേയും വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

ആതിഥ്യമര്യാദയുടെ ഗുണങ്ങൾ അമത്തുസ്സലാം സാഹിബയ്ക്ക് ഹദ്റത്ത് മസീഹ് മൗഊദി (അ)ൽ നിന്നും അമ്മാജാനി(റ)ൽ നിന്നും അനന്തരാവകാശമായി ലഭിച്ചിരുന്നു. അദ്ധ്യാപികയായ അമത്തുശ്ശാഫി സാഹിബ ഇപ്രകാരം പറയുന്നു:

"അമത്തുസ്സലാം സാഹിബ അതിഥി സൽക്കാരപ്രിയയും സൽസ്വഭാവങ്ങളുടെ ഉടമയുമായിരുന്നു. വീട്ടിലേക്ക് വരുന്നവരെയെല്ലാം പുഞ്ചിരിയോടെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുമായിരുന്നു. പലരും ദുആക്ക് വേണ്ടിയും നല്ല അഭിപ്രായങ്ങൾക്ക് വേണ്ടിയും വരുമായിരുന്നു. അമത്തു

സ്സലാം സാഹിബയ്ക്ക് വളരെ നല്ല അഭിപ്രായങ്ങൾ നൽകാനുള്ള പ്രത്യേക കഴിവുണ്ടായിരുന്നു. ദരിദ്ര രുടെ കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കുമായി രുന്നു. മുഖത്ത് എപ്പോഴും പ്രകാശിതമായി പുഞ്ചിരി കാണാമായിരുന്നു."

സാഹിബ് സാദി അമത്തുസ്സലാം സാഹിബ വള രെയധികം ദുആ ചെയ്യുമായിരുന്നു. നിൽക്കുമ്പോ ഴും ഇരിക്കുമ്പോഴും എല്ലാ സന്ദർഭങ്ങളിലും ദുആ ചെയ്യുമായിരുന്നു. പലപ്പോഴും വളരെ നല്ല സ്വപ്ന ങ്ങൾ കാണുമായിരുന്നു. അല്ലാഹുവുമായി പ്രത്യേക ബന്ധമാണ് ഉണ്ടായിരുന്നത്. എപ്പോഴും ആദ്യമായി കാലത്തിന്റെ ഖലീഫയുടെ ദീർഘായുസ്സിനും ആ രോഗ്യത്തിനും വേണ്ടിയാണ് ദുആ ചെയ്തുപോ ന്നത്. മസീഹ് മൗഊദി(അ)ന്റെ കുടുംബത്തിന് വേ ണ്ടിയും ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടിയും ദുആ ചെയ്തശേഷം സ്വന്തം മക്കൾക്ക് വേണ്ടിയും അനുഗൃഹീതമായ ഗൃഹാന്തരീക്ഷത്തിനു വേണ്ടി യും മക്കളുടെ ആത്മീയവളർച്ചയ്ക്കു വേണ്ടിയും ദുആ ചെയ്യുമായിരുന്നു. ബിഹിശ്തീമഖ്ബറയിൽ ഖബറടക്കപ്പെടാൻ ആഗ്രഹമുണ്ടാകുകയും അതി നുവേണ്ടി എപ്പോഴും ദുആ ചെയ്യുകയും ചെയ്യുമാ യിരുന്നു. നമസ്കാരം കൊണ്ടോ നോമ്പുകൊണ്ടോ ആരും പൊറുക്കപ്പെടുകയില്ലെന്നും യഥാർത്ഥ ത്തിൽ എല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണെ ന്നും പറയുമായിരുന്നു.

ദീനിനോടുള്ള സ്നേഹവും സേവനം ചെയ്യാ നുള്ള ആവേശവും അത്യധികമുണ്ടായിരുന്നു. ഇന്ത്യാ-പാക്ക് വിഭജനത്തിന് മുമ്പേ ഖാദിയാനിൽ ലജ്നയുടെ പല പദവികളിലും പ്രവർത്തിച്ചിരുന്നു. വിഭജനത്തിനുശേഷം പാകിസ്താനിൽ നിന്നു കൊണ്ട് ലജ്നയുടെ വിവിധ പ്രവർത്തനങ്ങൾ വളരെ നല്ലനിലയിൽ നിർവ്വഹിച്ചുപോന്നു. വാർഷിക ജൽ സയിലും വിവിധ ജോലികളിൽ ഏർപ്പെടുമായിരു ന്നു. മറ്റൊരു അഭിമാനകരമായ കാര്യം, അഹ്മദിയ്യാ ജമാഅത്തിന്റെ പതാക (ലിവായെ അഹ്മദിയ്യത്ത്) യ്ക്ക് വേണ്ടി മറ്റ് ലജ്നകളോടൊപ്പം നൂൽനൂറ്റിരു ന്നു. ലജ്നാചരിത്രം വാല്യം 1ൽ പേജ് 451ൽ സഹാ ബിയമാരിൽ 9-ാം സ്ഥാനത്ത് അമത്തുസ്സലാം സാഹി ബയുടെ പേരാണ്.

അല്ലാഹു ഒരാളെ ഏതെങ്കിലും പദവിയിൽ ഉപ വിഷ്ഠനാക്കുന്നതിന് മുമ്പേ ആവശ്യമായ എല്ലാ കഴിവുകളും ഗുണഗണങ്ങളും അവരിൽ നിറ യ്ക്കുന്നു. അദൃശ്യനായ അല്ലാഹു പ്രത്യക്ഷവും പരോക്ഷവുമായ രീതിയിൽ സവിശേഷഗുണങ്ങ ളാൽ അവരെ അലങ്കരിച്ചു. ജീവിതം മുഴുവനും ആരാധനകളിൽ മുഴുകുകയും വളരെയധികം ദുആ ചെയ്യുകയും ഇസ്ലാമിക അനുഷ്ഠാനങ്ങൾ കൃത്യ മായി ചെയ്തവരുമായിരുന്നു. ബാഹ്യവും ആന്തരി കവുമായ ജ്ഞാനവിജ്ഞാനങ്ങളാൽ വിഭൂഷിതയാ യിരുന്നു. കൂടാതെ പ്രകാശിതമായ മനസ്സിന്റെ ഉട മയും സേവനതൽപരയും വിശ്വസ്തതയുടെ മൂർ ത്തീമദ്ഭാവവുമായിരുന്നു.

അസൂയാവഹമായ ജീവിതമാണ് അവർ കാഴ്ച വെച്ചത്. തന്നിൽ അർപ്പിതമായ ഓരോ ഉത്തരവാദി ത്വവും വളരെ ആത്മാർത്ഥമായി ചെയ്തുപോന്നു. വളരെ ഭക്തിയോടെ നമസ്കരിക്കുന്നവരും എപ്പോ ഴും ദൈവസ്മരണയിൽ മുഴുകുന്നവരുമായിരുന്നു. ഒരു നല്ല മകളെന്ന നിലയ്ക്കും മാതാവെന്ന നിലയ് ക്കും സേവനതൽപരയായ ഭാര്യയെന്ന നിലയ്ക്കും മാതൃകാപരമായി പ്രവർത്തിച്ചു. ജമാഅത്തിന് വേ ണ്ടി ഏത് വിധത്തിലും ത്യാഗം ചെയ്യാൻ സന്നദ്ധയും ധൈര്യശാലിയുമായിരുന്നു.

സാഹിബ്സാദി അമത്തുസ്സലാം സാഹിബയുടെ ജീവിതചരിത്രത്തെക്കുറിച്ചും സ്വഭാവഗുണങ്ങളെ ക്കുറിച്ചും വാക്കുകൾ മതിയാകാതെ വരുന്നു. മകൾ സാഹിബ് സാദി സബീഹാബീഗം സാഹിബ ഇപ്ര കാരം പറയുന്നു:

ദരിദ്രരുമായി ഉമ്മാക്ക് വളരെ നല്ല ബന്ധമായി രുന്നു. പാവപ്പെട്ടവരായാലും പണക്കാരായാലും വളരെ നല്ല നിലയിൽ കാണുമായിരുന്നു. എല്ലാവ രേയും സഹായിക്കുകയും ഹദീസിൽ വന്നത് പോലെ ഒരു കൈകൊണ്ട് കൊടുത്താൽ മറ്റേ കൈ പോലും അത് അറിയില്ലായിരുന്നു. സൃഷ്ടി സേവ നത്തിൽ അതീവ താൽപര്യം കാണിച്ചിരുന്നു. വള രെയധികം സ്നേഹവും ഉന്നതസ്വഭാവഗുണങ്ങ ളുമുള്ള വനിതയായിരുന്നു. ക്ഷമ, തൃപ്തി, പരിശ്ര മം, ലജ്ജ, ആതിഥ്യമര്യാദ എന്നീ ഗുണങ്ങളുള്ളവ രും, അനാഥർക്കും അഗതികൾക്കും രക്ഷാമാർഗ്ഗ വും, എല്ലാവരുടെയും ഗുണകാംക്ഷിയും സഹതാ പമുള്ളവരും രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമായി രുന്നു. റസൂൽ (സ)നോടും ഖുലഫാഉർറാശിദീങ്ങ ളോടും മസീഹ് മൗഊദ് (അ)നോടും ഖലീഫമാ രോടും പ്രത്യേകമായ ബന്ധവും സ്നേഹവുമുണ്ടാ യിരുന്നു. ഖുർആനെ വളരെയധികം സ്നേഹിച്ച്

പോന്നു. പർദ്ദയുടെ കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നു. എല്ലാ ഖലീഫമാരെയും ഹൃദയാത്മനാ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോന്നു. ദുആയ്ക്കായി കത്തുകൾ എഴുതുകയും അവരുടെ ഓരോ വാക്കിനും ലബ്ബൈക്ക് പറയുകയും ചെയ്യുമായിരുന്നു. ആരുടെയെങ്കിലും കൈവശം നല്ല ഒരു വസ്തു കണ്ടാൽ ഒരിക്കലും അത് ആഗ്രഹിക്കുമായിരുന്നില്ല. എപ്പോഴും ഉള്ളത് കൊണ്ട് തൃപ്തിപ്പെടുമായിരുന്നു. ഓരോ കാര്യവും വളരെ വ്യവസ്ഥാപിതമായി ചെയ്യുമായിരുന്നു. അതിഥികളെ കണ്ട് ഒരിക്കൽ പോലും നെറ്റിചുളിക്കുകയോ പരിഭ്രമിക്കുകയോ ചെയ്തിട്ടില്ല.

തനിക്കിഷ്ടമില്ലാത്ത ജോലികൾ ഏൽപ്പിച്ചാലോ ചില സന്ദർഭങ്ങളിൽ കൂടിക്കാഴ്ചകൾക്ക് ആഗ്രഹമില്ലെങ്കിലോ പലരും പലവിധ തന്ത്രങ്ങളും മെനയാറുണ്ട്. എന്നാൽ, എന്റെ ഉമ്മ സ്വയം വിഷമം അനുഭവിച്ചാലും ഒരിക്കലും കാര്യങ്ങൾ വളച്ചൊടിച്ച് തന്ത്രങ്ങൾ മെനയാറില്ലായിരുന്നു. ആരുടെയെങ്കിലും രഹസ്യങ്ങൾ മറ്റാരെങ്കിലും ചോദിച്ചാൽ വല്ലാതെ പരിഭ്രമിക്കുകയും വിഷമിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, എനിക്കറിയില്ല എന്ന് ഒരിക്കലും പറയില്ലായിരുന്നു. സമസൃഷ്ടിസേവനങ്ങളിൽ വളരെ മുൻപന്തിയിലായിരുന്നു. കൂടാതെ അങ്ങേയറ്റം ക്ഷമിക്കുന്നവരും നന്ദിപ്രകടിപ്പിക്കുന്നവരുമായിരുന്നു. സമസൃഷ്ടികൾക്ക് വേണ്ടി ചെയ്യുന്ന സേവന പ്രവർത്തനങ്ങൾ തന്റെ കർത്തവ്യമായി കരുതിപ്പോന്നു. മറ്റെല്ലാവരുടേയും വിഷമങ്ങളേയും വേദനകളേയും സ്വന്തം വേദനയായി മനസ്സിലാക്കുമായിരുന്നു. കഴിയുന്നിടത്തോളം അവരെ സഹായിക്കുമായിരുന്നു. നമസ്കാരം കൃത്യസമയങ്ങളിൽ അനുഷ്ഠിക്കുകമായിരുന്നു. കൂടാതെ തഹജ്ജുദ് നമസ്കാരവും അനുഷ്ഠിച്ചിരുന്നു. വിശുദ്ധ ഖുർആൻ വളരെ ശ്രദ്ധയോടും ഈണത്തോടും കൂടി പാരായണം ചെയ്യുമായിരുന്നു. ദീർഘകാലങ്ങളോളം ലജ്നകൾക്കായി ഖുർആൻ ദർസ് നൽകിവന്നു. ദാനധർമ്മങ്ങൾ ചെയ്യുകയും എല്ലാ ജമാഅത്തീചന്ദകളും തുറന്ന ഹൃദയത്തോടെ നൽകുകയും സക്കാത്ത് കൃത്യമായി നൽകുകയും ചെയ്യുമായിരുന്നു.

അവസാനനാളുകളിൽ പലവിധ രോഗങ്ങളും പിടിപെട്ടു. ഇതു തന്നെയാണ് മരണകാരണമായത്. 1980 ജൂൺ 6ന് വെള്ളിയാഴ്ച റബ് വയിൽ ദാറുസ്സദർ എന്ന സ്വന്തം വസതിയിൽ വെച്ച് വഫാത്തായി. അടുത്ത ദിവസം ഖബറടക്കം നടന്നു. എന്നന്നേക്കുമായി തന്റെ നാമത്തെ ഉയർത്തിക്കൊണ്ട് ബിഹിശ്തീ മഖ്ബറയിൽ മാതാപിതാക്കളുടെ കാൽചുവട്ടിൽ ഖബറടക്കപ്പെട്ടു.

ഞങ്ങളെ വിട്ടുപിരിഞ്ഞ പരിശുദ്ധാത്മാവേ! തീർച്ചയായും അങ്ങയെ സ്വാഗതം ചെയ്യാനായി മലക്കുകൾ പുഷ്പഹാരങ്ങൾ ഒരുക്കിവെച്ചിട്ടുണ്ടാകും. അനുഗ്രഹങ്ങൾനേർന്നും അഭിവാദ്യങ്ങൾ അർപ്പിച്ചും അഹ്‌ലൻ വസഹ്‌ലൻ വ മർഹബ എന്ന സ്വാഗതവചനങ്ങൾ കൊണ്ടും സ്വീകരിക്കുമെന്ന് തീർച്ചയാണ്. അല്ലാഹു വളരെയധികം സ്നേഹിക്കുകയും ഇപ്രകാരം പറയുകയും ചെയ്യും. “നീ നിന്റെ ഉത്തരവാദിത്വങ്ങൾ വളരെ ഭംഗിയായി നിർവഹിച്ചിരിക്കുന്നു. റസൂൽ (സ)യുടെ കാൽചുവട്ടിലായി മുഹമ്മദീ മസീഹിനരികിൽ ഇരിക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ടാവും. കൂടാതെ **‘ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ’** എന്ന ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ പൂന്തോട്ടങ്ങളിൽ സുന്ദരമായ ദൃശ്യങ്ങൾ കാണുന്നുമുണ്ടാവും.

ഞങ്ങളിൽ നിന്ന് വേർപിരിഞ്ഞ പ്രിയാത്മാവേ, എപ്പോഴും അല്ലാഹുവിന്റെ റഹ്മത്തിന്റെ മടിയിൽ ഇരിക്കാനുള്ള ഭാഗ്യം ലഭിക്കട്ടെ. എപ്പോഴും അനുഗ്രഹങ്ങളുടേയും സമാധാനത്തിന്റേയും വാതിലുകൾ മലർക്കെ തുറക്കട്ടെ. ആമീൻ. അല്ലാഹുവേ, ഈ സ്വർഗ്ഗീയാത്മാവിൻമേൽ അളവില്ലാതെ അനുഗ്രഹങ്ങളും പാരിതോഷികങ്ങളും ചൊരിയേണമേ. അവിടത്തെ ഉൽകൃഷ്ടമാതൃകകൾക്കനുസരിച്ച് ഞങ്ങളുടെ ജീവിതത്തേയും പരിവർത്തനവിധേയമാക്കാൻ സാധിക്കേണമേ. ആമീൻ. ■

വിവർത്തനം: **മൗലവി ശഫീക്ക് അഹ്മദ്**

## അറിയിപ്പ്

അന്നൂറിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, മറ്റു സൃഷ്ടികൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രതികരണങ്ങൾ എന്നിവ താഴെകൊടുത്ത വിലാസത്തിൽ അയക്കുവാൻ അപേക്ഷിക്കുന്നു.

The Editor
'Annoor' SN: 2 Sneha Nagar
O.B. Road, P.O. Arts College
Calicut - 673 018

തളിരുകൾ

റഫ ഫർഹത്ത് എ.എം., കോഴിക്കോട്
10th Std.

# ശാസ്ത്രബോധവും മതവിശ്വാസവും മാനവനന്മയ്ക്കഭികാമ്യം

**സെന്റർ ഫോർ സൈൻസ് ആന്റ് സയൻസ് റിസർച്ച് (Centre for Signs and Science Research) നടത്തിയ ഉപന്യാസ മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ പ്രോത്സാഹന സമ്മാനം നേടിയ പ്രബന്ധം**

ശാസ്ത്രബോധവും മതവിശ്വാസവും മനുഷ്യന്റെ ജീവിതത്തെ സമതുലിതമാക്കി നിർത്തുന്ന രണ്ട് വീക്ഷണങ്ങളും ജീവിത സമ്പ്രദായവുമാണ്. ആൽബർട്ട് ഐൻസ്റ്റീൻ എന്ന മഹാനായ ശാസ്ത്രപ്രതിഭ മതത്തേയും ശാസ്ത്രത്തേയും സമന്വയിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. "മതബോധമില്ലാത്ത ശാസ്ത്രം മുടന്തവും ശാസ്ത്രബോധമില്ലാത്ത മതം അന്ധവുമാണ്."

എന്താണ് ശാസ്ത്രബോധം? ഭൗതികലോകത്തെക്കുറിച്ചുള്ള വസ്തുതകൾ, തത്ത്വങ്ങൾ, ആശയങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ശാസ്ത്രത്തിൽ നിന്ന് ലഭിക്കുന്ന അറിവ്. ഈ അറിവ് പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രശ്നങ്ങളെ യുക്തിപൂർവം വിശകലനം ചെയ്ത് വസ്തുതകൾ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കലാണ് ശാസ്ത്രബോധം. മനുഷ്യജീവിതം ക്ഷേമകരമാക്കിത്തീർക്കാനും അവനെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കാനും ശാസ്ത്രബോധം നൽകുന്ന സംഭാവന നിസ്തുലമാണ്. കല്ലും കവണയുമായി ജീവിതയോധനം നിർവഹിച്ചിരുന്ന മനുഷ്യൻ ഇന്ന് സൈബർ യുഗത്തിലാണ് ജീവിക്കുന്നത്. ശാസ്ത്രബോധത്തെ അവലംബിച്ചുകൊണ്ട് നൂറ്റാണ്ടുകളായി മനുഷ്യൻ നടത്തിയ ധീരമായ ശാസ്ത്രീയ അന്വേഷണങ്ങളാണ് ഇതിന് പിന്നിലുള്ളതെന്നതിൽ സംശയമില്ല. ഗതാഗതം, ബഹിരാകാശ ശാസ്ത്രം, ഭക്ഷ്യോത്പാദനം, ജനിതകശാസ്ത്രം, രോഗചികിത്സ, വാർത്താവിനിമയം എന്നീ സമസ്ത ശാസ്ത്രവിജ്ഞാനശാഖകളും മനുഷ്യജീവിതത്തെ പൂർവ്വാധികം സൗകര്യപ്രദവും ക്ഷേമകരവും ആക്കിത്തീർത്തിരിക്കുന്നു. ഭൗതികവസ്തുക്കളെ സംബന്ധിച്ച അറിവും ജീവിതസുഖങ്ങളും മാത്രം നൽകുന്ന ശാസ്ത്രം മനുഷ്യന്റെ ധാർമികവും ആത്മീയവുമായ മേഖലയെ സ്പർശിക്കാതെ പോവുന്നു. ആത്മീയവും എന്നാൽ, മനുഷ്യജീവിതത്തിന്റെ പൊരുളിനെ സംബന്ധിക്കുന്നതുമായ മൗലികജീവിത സമസ്യയ്ക്ക് ഉത്തരം നൽകാൻ ശാസ്ത്രബോധത്തിന് കഴിയില്ല.

മനുഷ്യൻ, ഇല്ലാത്ത അവസ്ഥയിൽ നിന്ന് ഉണ്ടായതാണ്. ഭൂമിയിൽ കുറച്ചു കാലം ജീവിച്ച് അദൃശ്യങ്ങളിലേക്കും നമുക്കറിയാത്ത മറ്റൊരു ലോകത്തിലേക്കും അവൻ തിരോഭവിക്കുന്നു. അലംഘനീയവും സംഭവിക്കുമെന്ന് ഏറ്റവും ഉറപ്പുള്ളതുമായ ഒരു പ്രതിഭാസമാണ് മരണം. ഏറ്റവും സത്യമായി പുലരുന്ന ഈ മഹാസത്യത്തിന് മുന്നിൽ ഭൗതികസത്യങ്ങൾ അനാവരണം ചെയ്യുന്ന ശാസ്ത്രം മൗനം പാലിക്കുന്നു. മനുഷ്യനെ ഭയപ്പെടുത്തുന്ന

ഈ സമസ്യക്ക് ഉത്തരം നൽകി മനുഷ്യനെ സമാശ്വസിപ്പിക്കുന്നത് മതമാണ്. മാത്രമല്ല, ശാസ്ത്രം മനുഷ്യന് മൂല്യങ്ങളും ആദർശങ്ങളും പ്രദാനം ചെയ്യുന്നില്ല. പദാർത്ഥങ്ങളെപ്പറ്റി പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന അറിവാണ് ശാസ്ത്രത്തിന് അടിസ്ഥാനം. ശാസ്ത്രത്തിന് വിവേചനശക്തിയോ വിവേകമോ ഇല്ല. അത് മറ്റൊരു സ്രോതസ്സിൽ നിന്നാണ് മനുഷ്യന് ലഭിക്കേണ്ടത്. അതാണ് മതങ്ങൾ പ്രദാനം ചെയ്യുന്നത്. സത്യം, സ്നേഹം, സഹാനുഭൂതി, ആർദ്രത, സൗമ്യത മുതലായ ധാർമ്മിക ഗുണങ്ങൾ ആദർശങ്ങളായി സ്വീകരിക്കാൻ മതം മനുഷ്യനെ നിർബന്ധിക്കുന്നു. ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ജീവൽത്യാഗങ്ങൾവരെ സഹിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് ധാർമ്മികബദ്ധമായ മതകീയ ജീവിതമാണ്. മനുഷ്യന്റെ ജീവന് അനുപേക്ഷണീയമായ ഇത്തരം ജീവിതമൂല്യങ്ങൾ ശാസ്ത്രത്തിന്റെ യുക്തിവിചാരങ്ങളിലൂടെ കണ്ടെത്താനോ ജീവിതത്തിൽ പകർത്താനോ സാധ്യമല്ല.

സദ്ഗുണചിന്ത എന്നത് മനുഷ്യനിൽ ദൈവം സഹജമായി സൃഷ്ടിച്ച ഒരു വികാരമാണ്. മതവിശ്വാസത്തിൽ നിന്നുമല്ല അത് സംജാതമാകുന്നത്. മതത്തിൽ വിശ്വസിക്കാത്ത ആളുകളിലും ഈ വിധത്തിലുള്ള സദ്ഗുണങ്ങൾ കാണുമെന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, മനുഷ്യനിൽ ജന്മസഹജമായ ഈ ഗുണത്തെ ധാർമികവും ആത്മീയവുമായ മൂല്യങ്ങളാക്കി വളർത്തിക്കൊണ്ടുവരുന്നത് മതങ്ങളാണ്. വാസ്തവത്തിൽ ഇത്തരം മൂല്യങ്ങളോടുള്ള അഗാധമായ പ്രതിബദ്ധതയാണ് യഥാർത്ഥ മതബോധത്തിന്റെ അടിസ്ഥാനം.

ശാസ്ത്രത്തിന്റെ കേവലം പദാർത്ഥജന്യമായ അറിവുകൾ മനുഷ്യന്റെ അതിസങ്കീർണമായ ജീവിതപ്രശ്നങ്ങൾക്കും സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരമാകുന്നില്ല. ആത്മാവും മനസ്സും, വികാരവുമുള്ള മനുഷ്യന് മതങ്ങൾ നൽകുന്ന ആത്മീയവും ധാർമികവുമായ ബോധമാണ് അവനെ മാനവീയ മുഖം നൽകി പൂർണനാക്കുന്നത്. മനുഷ്യജീവിതത്തിന് സമഗ്രമായ കാഴ്ചപ്പാട് നൽകാനും ജീവിതത്തിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് ഒരു അവബോധമുണ്ടാക്കാനും മതവിശ്വാസങ്ങൾക്ക് മാത്രമേ സാധ്യമാവുകയുള്ളൂ.

ആണവോർജ്ജം തന്നെ ഉദാഹരണമായി എടുക്കുക. ആണവ ശക്തി റിയാക്റ്ററുകളിലൂടെ വൈദ്യുതിയാക്കി മാറ്റി രാജ്യത്തെ ഊർജാവശ്യങ്ങൾ നിറവേറ്റാം. അതുപോലെ ആറ്റംബോംബുകൾ നിർമ്മിച്ച് ലോകസമാധാനത്തിന് ഭീഷണികൾ സൃഷ്ടിക്കാനും സാധിക്കും. നിർമാണാത്മകവും സംഹാരാത്മാകവുമായ ഈ രണ്ട് വഴികളിൽ ഏതാണ് തിരഞ്ഞെടുക്കുക എന്നതിനെ സംബന്ധിച്ച് ശാസ്ത്രബോധം നമുക്ക് യാതൊരു മാർഗദർശനവും നൽകുന്നില്ല. എന്നാൽ, ഹിംസ അരുതെന്നും സമാധാനത്തിനും മനുഷ്യക്ഷേമത്തിനും എതിരെ മനസ്സാവാചാകർമ്മണാ യാതൊന്നും ചെയ്യരുതെന്നും ഉള്ളത്, മതങ്ങളുടെ കർശനമായ ആദർശമാണ്. ഏതൊരു വ്യക്തിയോ സമൂഹമോ ആകട്ടെ, ആരാണ് അമിതമായ ജീവിതാസക്തിക്ക് അടിമപ്പെട്ട് ചൂഷണത്തിനും ആക്രമണത്തിനും മുതിരുന്നത്, അവരെ ദൈവം നോക്കിപ്പാർക്കുന്നുണ്ട് എന്ന ചിന്ത മനുഷ്യനെ ധാർമികജീവിയാക്കി മാറ്റുന്നു. ബഹുഭൂരിപക്ഷം ജനങ്ങളിലും നേരിയ തോതിലെങ്കിലും ഈ മതധാർമികബോധം ഉള്ളത് കൊണ്ടാണ് ലോകത്ത് സമാധാനം നിലനിൽക്കുന്നതെന്നും നമ്മൾ ഓർക്കണം.

മതങ്ങൾ ഇന്ന് അതിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിലും ആദർശങ്ങളിലും നിലനിൽക്കുന്നുണ്ടോ എന്നതാണ് നാം ചർച്ച ചെയ്യേണ്ട മറ്റൊരു സുപ്രധാന വിഷയം. മിക്ക മതങ്ങളിലും ഒരു വിഭാഗം ജനങ്ങൾ അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും അടിമപ്പെട്ടവരാണ്. മതങ്ങളിൽപെട്ട ചില സംഘടിതവർഗ്ഗം ഈ തിന്മകളെ ആവുന്നത്ര പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യനിൽ രോഗങ്ങളും അപകടങ്ങളും ഉണ്ടാക്കുന്നത് ഭൂതപ്രേതപിശാചുക്കളും ജിന്നുകളും ശൈത്താൻമാരുമാണെന്ന് മതവിശ്വാസികൾ പലരും കരുതുന്നു. മതപുരോഹിതന്മാർ ഇത്തരം വിശ്വാസങ്ങളെ വളർത്തുന്നവരാണ്. വാസ്തവത്തിൽ ശാസ്ത്രബോധമാണ് ഇത്തരം അന്ധവിശ്വാസങ്ങളിൽ നിന്ന് മനുഷ്യനെ രക്ഷിക്കുന്നത്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ നിയമങ്ങൾ ആണ് ശാസ്ത്രം. മതവിശ്വാസവും ദൈവത്തിൽ നിന്നു തന്നെ വന്നതാണ്. അതുകൊണ്ട് ശാസ്ത്രവും യഥാർത്ഥമതവും തമ്മിൽ വൈരുദ്ധ്യങ്ങളോ പരസ്പരവിരോധമോ ഉണ്ടാകാൻ സാധ്യതയില്ല. അതുകൊണ്ട് തന്നെ

*(ശേഷം പേജ് 35–ൽ)*

തളിരുകൾ

സഹ്‌ല: കാവശ്ശേരി
9th Std.

# മനുഷ്യന്റെ വികൃതിയും നശിക്കുന്ന പ്രകൃതിയും

**മനുഷ്യന്റെ അമിതമായ ചൂഷണത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെക്കുറിച്ചുള്ള ആത്മനൊമ്പരങ്ങൾ പങ്കുവെക്കുകയാണ് ഈ കൊച്ചുലേഖിക**

മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റരൊലസ്സൽ ഗ്രാമഭംഗി

പ്രകൃതിയുടെ മനോഹാരിതയെ വർണ്ണിച്ചുകൊണ്ട് കവി പാടിയത് എന്തു രസമാണ്! കണ്ണിനും മനസ്സിനും ഒരുപോലെ കുളിർമ നല്കുന്ന കേരളത്തിന്റെ പ്രകൃതിഭംഗി നമുക്കു ലഭിച്ച വലിയൊരനുഗ്രഹമാണ്. പക്ഷേ, മനുഷ്യന്റെ സ്വാർത്ഥ താൽപര്യങ്ങൾക്കു ഇന്ന് പ്രകൃതിയും ഇരയാവുകയാണ്. പ്രകൃതിയുടെ ഭംഗിയെക്കുറിച്ച് കവി പാടിയതും കാലം മായ്ച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ കഴിവുകൾ തെളിയിക്കുവാനായി മനുഷ്യത്വം നശിച്ചവർ നെട്ടോട്ടമോടുമ്പോൾ നീരുവറ്റിയ കണ്ണുകളുമായി ഒരു ജീവച്ഛവമാകുകയാണ് നമ്മുടെ ഭൂമി.

'ജലം അമൂല്യമാണ്, അത് പാഴാക്കരുത്' എന്ന വാക്കുകൾ സമൂഹത്തിൽ കാലങ്ങളായി പ്രതിധ്വനിക്കുന്നു. എന്നാൽ, വിവേകശൂന്യമായ ഇന്നത്തെ സമൂഹം ഈ വാക്കുകളെല്ലാം മറന്നുപോവുന്നു. നദികൾ ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. മണലുവാരിയും മാലിന്യങ്ങൾ തള്ളിയും നദികളെ നശിപ്പിക്കുന്നതിൽ മനുഷ്യൻ കൂടുതൽ വൈദഗ്ധ്യം കാണിക്കുകയാണോ എന്നു തോന്നും. കളകള സംഗീതം പാടി കവിഞ്ഞൊഴുകിയ ചരിത്രം താലോലിച്ചിരുന്ന നദികൾ ഇങ്ങനെ പരിതാപകരമായ അവസ്ഥ നേരിടുകയാണ്. ജലം നമ്മുടെ നിലനില്പിന് അത്യാന്താപേക്ഷിതമാണ്. ഒരു തുള്ളി വെള്ളത്തിനായ് അലയുന്ന എത്ര ജനങ്ങളാണ് നമ്മുടെ സമൂഹത്തിലുള്ളത്. ഒരു കുടം വെള്ളത്തിനായി മണിക്കൂറുകളോളം വരിയായി നില്ക്കുന്ന ജനങ്ങളെ മനസ്സാക്ഷിയുള്ളവർക്ക് കണ്ടില്ലെന്ന് നടിക്കാനാവുമോ?

"കേരനിരകളാടും ഒരു ഹരിതചാരുതീരം, പുഴയോരം കളമേളം ഒരു കവിതപാടുംതീരം" എന്ന് കവി കേരളത്തെ വർണ്ണിച്ച് പാടിയത് വെറുതെയാകുമോ?

കേരളത്തിന്റെ പ്രധാന ആകർഷണമാണ് പച്ചപ്പ്. കണ്ണെത്താദൂരത്തോളം പടർന്നു കിടക്കുന്ന പച്ചപ്പട്ടുവിരിച്ചപോലുള്ള നെൽപാടങ്ങളും, ഉയർന്നു നില്ക്കുന്ന തെങ്ങിൻ കൂട്ടങ്ങളും മലകൾക്കിടയിലൂടെ ഉതിർന്നുവീഴുന്ന വെള്ളിയരഞ്ഞാണം പോലുള്ള കൊച്ചുനദികളും മനുഷ്യന്റെ സുഖഭോഗങ്ങൾക്കും സ്വാർത്ഥതക്കും വേണ്ടി കേരളം അടിയറ വെക്കുകയാണ്. ഇടതൂർന്ന വനങ്ങൾ വെട്ടിനശിപ്പിച്ച്, വയലുകൾ മണ്ണിട്ട് നികത്തി കൂറ്റൻ കോൺക്രീറ്റ് മന്ദിരങ്ങളും പുകതുപ്പുന്ന ഫാക്ടറികളും പണിയുകയാണ്. ഒരു തുണ്ട് കൃഷിഭൂമിയുണ്ടെങ്കിൽ അതിൽ പകലന്തിയോളം പണിയെടുത്തിരുന്ന പാരമ്പര്യമുള്ളവർ ഇന്ന് കൃഷി എന്ന വാക്കു തന്നെ മറന്നിരിക്കുന്നു.

മരമില്ലെങ്കിൽ മഴയില്ല
മഴയില്ലെങ്കിൽ ജലമില്ല
ജലമില്ലെങ്കിൽ നാമില്ല.

വനങ്ങൾ വെട്ടി നശിപ്പിക്കുന്നതിലൂടെ നമുക്കു ലഭിക്കുന്ന ഓക്സിജന്റേയും മഴയുടേയും വെള്ളത്തിന്റേയും അളവ് കുറയും. കാലാവസ്ഥാ വ്യതിയാനവും അതിന്റെ ഫലമായി ആഗോളതാപനവും ഒരുപക്ഷേ കാലം സമൂഹത്തിന് നല്കുന്ന മുന്നറിയിപ്പാവും. മഴ തിമിർത്തു പെയ്യേണ്ട പല മാസങ്ങളും ഇന്ന് ചൂടിൽ ഉരുകുകയാണ്. വേനലിൽ സൂര്യാഘാ

തമേൽക്കുന്നത് സാധാരണ വാർത്തയായിരിക്കുന്നു. ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പോലെയാണ് മനുഷ്യന്റെ പ്രകൃതിചൂഷണം. ഒരു മരം മുറിക്കുമ്പോൾ പത്തു മരം നടണമെന്ന വലിയ പാഠം സമൂഹം മറന്നുപോയി. വനനശീകരണത്തിന്റെ ആധിക്യം മനുഷ്യനാശമാണ്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ വൻതോതിൽ കുമിഞ്ഞുകൂടുന്നതാണ് ഭൂമിക്ക് ദോഷകരമായ മറ്റൊരു കാര്യം. റോഡിനിരുവശവും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞുകിടക്കുന്നത് സാധാരണ കാഴ്ചയായിരിക്കുന്നു. തങ്ങളുടെ വീടും പരിസരവും വൃത്തിയായിരിക്കുവാൻ മാലിന്യങ്ങൾ റോഡിൽ തള്ളുന്ന മനുഷ്യന്റെ സ്വാർത്ഥത നിറഞ്ഞ മാനസികാവസ്ഥയാണ് ഇവിടെ കാണുന്നത്.

നമ്മുടെ നിലനില്പിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും പ്രകൃതി നമുക്ക് തന്നിട്ടുണ്ട്. എന്നിട്ടും മനുഷ്യൻ ഇത്രയധികം സ്വാർത്ഥത കാണിക്കുന്നതെന്തിനാണ്? പ്രകൃതിയെ പരമാവധി ചൂഷണം ചെയ്യുകയും നന്ദി കാണിക്കാതിരിക്കയുമാണ് അവൻ ചെയ്യുന്നത്. മനുഷ്യൻ ഓരോ പടി ഉയർന്നുകൊണ്ടിരിക്കുമ്പോഴും നമ്മുടെ സംസ്കാരവും പാരമ്പര്യതനിമയുമാണ് ചവിട്ടിയരച്ചുകളയുന്നത്. മനുഷ്യൻ പ്രകൃതിയിലേക്ക് മടങ്ങുകയും നഷ്ടപ്പെട്ട പാരമ്പര്യവും സംസ്കാരവും തിരിച്ചെടുക്കുകയും ചെയ്യുകയാണെങ്കിൽ വരാനിരിക്കുന്ന ദുരന്തത്തിൽ നിന്ന് പ്രകൃതിയെ രക്ഷിക്കാം. അല്ലെങ്കിൽ

ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി

എന്നു പാടാൻ മാത്രമേ ആധുനിക സമൂഹത്തിന് കഴിയൂ.

പ്രകൃതിസംരക്ഷണത്തിനായി പല സംഘടനകളും രൂപപ്പെടുകയും അതിനായ് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന ഈ കൊച്ചുകേരളത്തെ മാലിന്യമുക്തമാക്കുവാനും ചെടികൾ നട്ടുപിടിപ്പിക്കുവാനും നമുക്കും കഴിവതും ശ്രമിക്കാം. ■

---

*(33-ൽ നിന്ന് തുടർച്ച)*

ശാസ്ത്രയുക്തിയുപയോഗിച്ച് മതരംഗത്തുള്ള ഇത്തരം അന്ധവിശ്വാസങ്ങളെ നാം എതിർക്കേണ്ടതുണ്ട്.

അതുപോലെ മതവിശ്വാസം ഇന്ന് പലവിധത്തിലുള്ള തിന്മകൾക്കും അടിമപ്പെട്ട് പോയിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. തന്റെ മതം മാത്രമാണ് ദൈവത്തിൽ നിന്ന് അവതരിച്ചതെന്നും മറ്റു മതങ്ങൾ അസത്യങ്ങളാണെന്നും കരുതുന്നത് യഥാർത്ഥ മതത്തിന്റെ നിലപാടായി കരുതാൻ സാധ്യമല്ല. കാരണം, പരമകാരുണികനായ ദൈവം എല്ലാ ജനവിഭാഗങ്ങളിലും പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാ മതങ്ങളുടേയും ഉറവിടം ദൈവത്തിൽ നിന്നാണെന്ന് വിശ്വസിച്ച് എല്ലാ മതങ്ങളേയും പരസ്പര ബഹുമാനത്തോടെ നാം നോക്കിക്കാണേണ്ടതുണ്ട്. ഇത്തരത്തിലുള്ള മതബോധമാണ് ഒരു ബഹുമതസമൂഹത്തിൽ സമാധാനപൂർണ്ണമായ ജീവിതം നയിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത്. മതങ്ങൾ അവയുടെ യഥാർത്ഥ അന്തഃസത്തയിൽ നിന്ന് അകലുമ്പോൾ മതത്തിന് സൗന്ദര്യത്തിനു പകരം വൈകൃതമാണ് ഉണ്ടാകുന്നത്.

മതങ്ങൾ ശാസ്ത്രബോധത്തോട് കാണിക്കുന്ന അനിഷ്ടം പോലെതന്നെ ശാസ്ത്രം മതത്തോടും മതമൂല്യങ്ങളോടും കാണിക്കുന്ന മനോഭാവവും അപലപനീയമാണ്. ചില രാജ്യങ്ങളിൽ ശാസ്ത്രബോധത്തിന്റെ പേരിൽ മതങ്ങളോട് അതിക്രൂരമായ അസഹിഷ്ണുതയും അടിച്ചമർത്തൽ നയവുമാണ് സ്വീകരിച്ചിട്ടുള്ളത്. അത്തരം രാജ്യങ്ങൾ അവരുടെ ഏകപക്ഷീയമായ സാമൂഹികബോധം കാരണം സ്വയം തകരുകയാണുണ്ടായത്. അപ്രകാരം മതങ്ങൾ തങ്ങളുടെ യഥാർത്ഥ സ്ഥാനം വിട്ട് അധികാരത്തിലേക്കും രാഷ്ട്രീയത്തിലേക്കും നീങ്ങുമ്പോൾ മതം ഒരു വിപത്തായി മാറുന്നുവെന്ന യാഥാർത്ഥ്യവും നമ്മുടെ മുന്നിലുണ്ട്.

ചുരുക്കത്തിൽ, മതബോധവും ശാസ്ത്രബോധവും വിവേചന ബോധത്തോടെ നാം സ്വജീവിതത്തിൽ പകർത്തേണ്ടതുണ്ട്. ഇവ രണ്ടിന്റെയും ഉറവിടം ദൈവത്തിൽ നിന്നുമുള്ളതാണ്. ഇവ രണ്ടിന്റെയും സന്തുലിതമായ ഉപയോഗം കൊണ്ട് മാത്രമേ നമ്മുടെ സമൂഹത്തിൽ ധാർമികവും ആത്മീയവും ഭൗതികവുമായ പുരോഗതി ഉണ്ടാവുകയുള്ളൂ.

■

തളിരുകൾ

സ്വായിമ ശഫീഖ്. കരുനാഗപ്പള്ളി
2nd Std.

കവിത

# സർവ്വാധിനാഥൻ

അല്ലാഹ് അല്ലാഹ് ഒന്നാണ്
കൂട്ടുകാരില്ലാത്തവനാണ്
എല്ലാം കാണുന്നവനാണ്
എല്ലാം കേൾക്കുന്നവനാണ്.

ജീവിപ്പിക്കുന്നതുമവനാണ്
മരിപ്പിക്കുന്നതുമവനാണ്
അറിവ് കൊടുക്കുന്നതവനാണ്
എല്ലാം നൽകുന്നതവനാണ്

എല്ലാ സ്തുതിയും അവനാണ്
ലോകാധിനാഥനവനാണ്
സർവ്വശക്തിയുമവനാണ്
സർവ്വേശ്വരനുമവനാണ്

സർവ്വൈശ്വര്യവുമവനാണ്
സർവ്വാശ്രയവുമവനാണ്
രക്ഷ നല്കുന്നതുമവനാണ്
ശിക്ഷ നല്കുന്നതുമവനാണ്

പ്രതിഫലം നല്കുന്നതവനാണ്
പരമകാരുണികനുമവനാണ്
കരുണാമയനുമവനാണ്
സർവ്വാനുഗ്രഹമവനാണ്

അവനെ അനുസരിച്ചീടേണം
നിത്യവും പ്രാർത്ഥിച്ചീടേണം
അവന്റെ സ്നേഹം നേടേണം
അതിനായ് നാം ശ്രമിക്കേണം ■

തമന്ന കെ.പി. മാത്തോട്ടം
8th Std.

# ജന്മസാഫല്യം

എന്റെ മനസ്സിൽ പ്രിയ ഹുസൂറിന്
സ്നേഹത്തിന്റേയും ലാളിത്യത്തിന്റേയും നിറം
ഹുസൂർ ചൂടിയ തലപ്പാവിന്
പനിനീർ പൂവിൻ കാന്തി
ഹുസൂർ അരുളുന്ന സാരോപദേശങ്ങൾക്ക്
സത്യത്തിന്റേയും പവിത്രതയുടേയും തിളക്കം
ഹുസൂറിന്റെ മന്ദസ്മിതത്തിന്
തേനൂറും പൂവിന്റെ മാധുര്യം
ഹുസൂറിന്റെ മിഴിയിണയ്ക്ക്
വാത്സല്യത്തിന്റെ കുളിർമ
ഹുസൂർ ചെയ്യുന്ന പ്രാർത്ഥനയ്ക്ക്
ഒരായിരം ശാന്തിമന്ത്രങ്ങളുടെ ശക്തി
ഹുസൂറിനെ ഓർക്കുന്ന നിമിഷങ്ങളിൽ
എൻ ഹൃദയത്തിന് വാചാലതയുടെ തുടിപ്പുകൾ
പ്രിയ ഹുസൂറിന് നേരുന്നു
ആയുരാരോഗ്യ സൗഖ്യം
ഹുസൂർ നമുക്ക് നൽകുന്നു
ഒരായിരം ജന്മങ്ങളുടെ സാഫല്യം. ■

**'തളിരുകൾ' പംക്തിയിലേക്ക് 15 വയസ്സിൽ താഴെയുള്ള നാസിറാത്ത് - അത്ഫാൽ കുട്ടികളിൽ നിന്ന് രചനകൾ ക്ഷണിച്ചുകൊള്ളുന്നു.**

**- എഡിറ്റർ**

സാജിദ

ചരിത്രത്തിലൂടെ

# നൂഹ് നബി(അ)

## മനുഷ്യരെ ദൈവത്തിലേക്ക് അടുപ്പിക്കുവാനാണ് പ്രവാചകന്മാർ അവതരിക്കുന്നത്

**അ**ല്ലാഹു നമുക്ക് എന്തെല്ലാം അനുഗ്രഹങ്ങളാണ് നല്കിയിട്ടുള്ളതെന്ന് നിങ്ങൾക്കറിയാമോ? സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വൃക്ഷലതാദികൾ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങി ഈ ലോകത്തു കാണുന്ന എല്ലാ വസ്തുക്കളും സൃഷ്ടിച്ചത് അല്ലാഹുവാണ്. നമുക്ക് കുടിക്കുവാനുള്ള വെള്ളവും, ആഹാരവും നല്കുന്നത് അവനാണ്. പൂന്തോട്ടത്തിലെ ഭംഗിയുള്ള പൂക്കളേയും പൂമ്പാറ്റകളേയും കാണാൻ എന്തു രസമാണ്! ഇങ്ങനെ അല്ലാഹു നമുക്ക് എണ്ണിയാൽ തീരാത്തത്ര അനുഗ്രഹങ്ങളാണ് നല്കിയിരിക്കുന്നത്. നമ്മുടെ അല്ലാഹു ഏകനാണ്. അവനു യാതൊരു പങ്കുകാരനുമില്ല. നാം എപ്പോഴും അല്ലാഹുവിനോട് നന്ദി കാണിക്കുകയും അവനെ സ്നേഹിക്കുകയും വേണം. എന്നാൽ അല്ലാഹു നമ്മളെ സ്നേഹിക്കുകയും കൂടുതൽ അനുഗ്രഹങ്ങൾ നല്കുകയും ചെയ്യും. അല്ലാഹുവിന് പങ്കുകാരെ നിശ്ചയിക്കുന്നത് അവന് ഒട്ടും ഇഷ്ടമല്ല.

അല്ലാഹുവിനെ നിഷേധിക്കുകയും അനുസരിക്കാതിരിക്കുകയും, അവനു പകരം മറ്റു പലതിനേയും ആരാധിക്കുകയും ചെയ്തവർക്കുണ്ടായ ആപത്തുകളെക്കുറിച്ച് ഖുർആനിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ജനങ്ങൾ വഴികേടിലാവുകയും തിന്മയെ പിന്തുടരുകയും ചെയ്യുമ്പോൾ അവരെ നേർവഴിയിലാക്കുവാൻ അല്ലാഹു ലോകാരംഭം മുതൽക്കു പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അങ്ങനെ ഒരു ലക്ഷത്തി ഇരുപത്തിനാലായിരത്തിൽ പരം പ്രവാചകന്മാരെയാണ് ലോകത്ത് പല സ്ഥലങ്ങളിലായി അല്ലാഹു നിയോഗിച്ചിട്ടുള്ളത്. അവരിൽ പ്രധാനപ്പെട്ട 25 പ്രവാചകന്മാരുടെ പേരുകൾ വിശുദ്ധ ഖുർആനിലുണ്ട്. ഈ പ്രവാചകന്മാരിൽ ഒരാളാണ് ഹദ്റത്ത് നൂഹ് നബി (അ).

ഐശ്വര്യസമൃദ്ധമായിരുന്ന ഒരു നാടായിരുന്നു അത്. അല്ലാഹു എല്ലാ അനുഗ്രഹങ്ങളും ആ നാടിന് നല്കിയിരുന്നു. എന്നാൽ, ഈ ഐശ്വര്യസമൃദ്ധിയിൽ മതിമറന്ന് ആ നാട്ടിലെ ജനങ്ങൾ വലിയ അഹങ്കാരികളായിത്തീർന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചൂഷണവും അക്രമവും അവിടെ സാധാരണമായി. തങ്ങൾക്ക് സമ്പൽസമൃദ്ധിയും ഐശ്വര്യവും നല്കിയ അല്ലാഹുവിനെ അവർ മറന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിനുപകരം വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുകയും അവയെ ആരാധിക്കുകയും പൂജിക്കുകയും ചെയ്തു. ഇങ്ങനെ എല്ലാതരത്തിലുള്ള ചീത്ത സമ്പ്രദായങ്ങളും അന്ധവിശ്വാസങ്ങളും അക്രമവും വർദ്ധിച്ചപ്പോൾ അല്ലാഹു നൂഹിനെ (അ) അവിടെ പ്രവാചകനായി നിയോഗിച്ചു. ജനങ്ങളിൽ കടന്നുകൂടിയിട്ടുള്ള തിന്മകളും ദുശ്ശീലങ്ങളും ഒഴിവാക്കി അവരെ നേർവഴിയിലേക്ക് നയിക്കുവാനും അവരെ നല്ല മനുഷ്യരാക്കി അല്ലാഹുവിനെ സ്നേഹിക്കുന്നവരും അനുസരിക്കുന്നവരുമാക്കാനുമാണ് നൂഹി (അ)നെ അവിടെ പ്രവാചകനായി അല്ലാഹു നിയോഗിച്ചത്. നൂഹ്(അ) ആ സമൂഹത്തിലെ ഒരു സാധാരണക്കാരൻ മാത്രമായിരുന്നു. വലിയ സമ്പന്നർക്ക് പാവപ്പെട്ടവരോട് വളരെ പുച്ഛമായിരുന്നു. നൂഹ് (അ) അവിടുത്തെ ജനങ്ങളോട് പറഞ്ഞു: "നിങ്ങൾക്ക് സമ്പത്തും ഐശ്വര്യവും നല്കിയ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനെയല്ലാതെ മറ്റൊന്നിനേയും നിങ്ങൾ ആരാധിക്കരുത്. ഈ സത്യമാർഗ്ഗം നിങ്ങൾ കൈവെടി

ഞാൽ ഭയങ്കരമായ വിപത്തുകൾ നിങ്ങൾക്ക് വന്നു ചേരുന്നതാണ്."

എന്നാൽ നൂഹ് നബി(അ)യുടെ ഈ ഉപദേശവും ഉദ്ബോധവും സ്വീകരിക്കുവാൻ ജനങ്ങൾ തയ്യാറായില്ല. അവർ പറഞ്ഞു: "നീ വഴികേടിൽ അകപ്പെട്ടിരിക്കുന്നു." അദ്ദേഹം അവരോട് പറഞ്ഞു: "ദൈവത്തിൽ നിന്നുള്ള ഒരു ദൂതനാണു ഞാൻ. അല്ലാഹു നല്കിയിരിക്കുന്ന അറിവിൽ നിന്നാണ് ഞാൻ നിങ്ങൾക്ക് ഇതെല്ലാം പറഞ്ഞു തരുന്നത്. ഞാൻ വഴികേടിലായിട്ടില്ല. നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുവാനും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനുവേണ്ടിയും നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുമായുള്ള നിർദ്ദേശങ്ങൾ നല്കുവാനാണ് അല്ലാഹു എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നത്."

**ഒരു ചെറിയ മഴപോലും ഇല്ലാതിരിക്കെ കപ്പലുണ്ടാക്കുന്ന നൂഹി(അ) നെ ഭ്രാന്തനായിക്കരുതി അവർ പുച്ഛിച്ചുതള്ളി പരിഹസിച്ചു. ഇതൊന്നും വകവെക്കാതെ അദ്ദേഹം തന്റെ ജോലി തുടർന്നു.**

അദ്ദേഹത്തിന്റെ വാക്കുകൾ ആ ജനത പുച്ഛിച്ചുതള്ളി. "ഇതൊക്കെ പറയാൻ നീയാരാണ്? സമൂഹത്തിലെ താഴെക്കിടയിലുള്ള നീ ഞങ്ങളുടെ ആധിപത്യം തകർക്കുവാനാണോ ശ്രമിക്കുന്നത്? ദരിദ്രരേയും യാചകരേയും നിനക്ക് കൂട്ടായിക്കിട്ടിയേക്കാം. ഞങ്ങളെ ഇതിനൊന്നും കിട്ടുകയില്ല. നിനക്ക് കിറുക്കാണെന്നാണ് തോന്നുന്നത്. ദരിദ്രനായ നിന്നെ അല്ലാഹു ഒരിക്കലും പ്രവാചകനായി നിശ്ചയിക്കില്ല. നീ പറയുന്ന ഏകദൈവത്തിലും അവസാനദിനത്തിലും ഞങ്ങൾക്ക് വിശ്വാസമില്ല."

ഇതെല്ലാം കേട്ട് നൂഹ് (അ) വളരെ ദുഃഖിതനായി. എങ്കിലും അദ്ദേഹം നിരാശനായില്ല. അദ്ദേഹം ജനങ്ങളോട് പറഞ്ഞു: "നിങ്ങളുടെ സമ്പത്തും ഐശ്വര്യവുമെല്ലാം നിങ്ങളെ അഹംഭാവികളാക്കിത്തീർത്തിരിക്കുന്നു. അതെല്ലാം എപ്പോൾ വേണമെങ്കിലും നശിച്ചുപോകാം. അല്ലാഹുവിനെക്കുറിച്ചുള്ള അറിവും അവന്നു നല്കുന്ന ആരാധനയും മാത്രമേ നിങ്ങളെ രക്ഷിക്കുകയുള്ളൂ. ഈ സന്ദേശമെത്തിച്ചതിന് ഞാൻ നിങ്ങളോട് പ്രതിഫലം ആവശ്യപ്പെടുന്നില്ല. അല്ലാഹുവാണ് പ്രതിഫലം നല്കുന്നവൻ. എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്നോ ഞാൻ ഒരു മലക്കാണെന്നോ അവകാശപ്പെടുന്നില്ല. ഞാൻ നിങ്ങളെ ഭീഷണിപ്പെടുത്തുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നുമില്ല. അല്ലാഹുവിന്റെ ദിവ്യസന്ദേശമാണ് ഞാൻ നിങ്ങൾക്ക് എത്തിച്ചിരിക്കുന്നത്. നിങ്ങളത് സ്വീകരിക്കുക. അല്ലാത്തപക്ഷം ഭയങ്കരമായ വിപത്ത് നിങ്ങളെ പിടികൂടുന്നതായിരിക്കും." അവർ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു:"നീ തർക്കിക്കുന്നവനാണ്, കള്ളം പറയുന്നവനുമാണ്. നീ സത്യവാദിയാണെങ്കിൽ ഞങ്ങ ളെ ഭയപ്പെടുത്തുന്ന ആ ശിക്ഷ ഞങ്ങളൊന്നു കാണട്ടെ."

അദ്ദേഹം പറഞ്ഞു: "ശിക്ഷിക്കുവാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണ്."

വർഷങ്ങൾ കടന്നുപോയി. നൂഹ് (അ) തന്റെ പ്രബോധനം തുടർന്നുകൊണ്ടിരുന്നു. എന്നാൽ അഹങ്കാരികളായ സമ്പന്നർ അദ്ദേഹത്തിന്റെ ഉപദേശം ചെവിക്കൊണ്ടില്ല. പാവങ്ങളായ ചിലർ മാത്രമാണ് അദ്ദേഹത്തെ വിശ്വസിച്ചത്. എങ്കിലും അദ്ദേഹം നിരാശനാകാതെ തന്റെ ദൗത്യം തുടർന്നുകൊണ്ടിരുന്നു. പക്ഷേ, ഒരു കാര്യം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു. തന്റെ പ്രിയപ്പെട്ട മകനും ആ സത്യനിഷേധികളുടെ കൂട്ടത്തിൽപ്പെട്ടുപോയിരിക്കുന്നു. തന്റെ പുത്രനെ നേർവഴിക്ക് കൊണ്ടുവരാൻ ആ പിതാവ് അങ്ങേയറ്റം ശ്രമിച്ചു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. വളരെയധികം ദുഃഖിതനായ അദ്ദേഹത്തിന് ദൈവത്തിൽ നിന്ന് ഒരു സന്ദേശം ലഭിച്ചു. "വിശ്വസിക്കാത്തവരെക്കുറിച്ച് നീ ദുഃഖിതനാകേണ്ട!" അവിശ്വാസികൾ ആരായാലും അത് തന്റെ മകനായാൽ പോലും അല്ലാഹുവിന്റെ ഹിതമനുസരിച്ചാണ് എല്ലാ കാര്യങ്ങളുമെന്ന് അദ്ദേഹത്തിനു മനസ്സിലായി. അല്ലാഹു വീണ്ടും അദ്ദേഹത്തോട് പറഞ്ഞു:

"നീ ഒരു കപ്പൽ പണിയുക. അതിന് എന്റെ മേൽനോട്ടമുണ്ടായിരിക്കും. ഇവിടെ അതിഭയങ്കരമായ വെള്ളപ്പൊക്കം വരാൻ പോവുകയാണ്. അധർമ്മികൾ മുങ്ങി മരിക്കുന്നതാണ്." വരാൻ പോകുന്ന

പ്രളയത്തെക്കുറിച്ച് അദ്ദേഹം വീണ്ടും വീണ്ടും ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കി.

തുടർന്ന് വിശ്വാസികളുടെ സഹായത്താൽ അദ്ദേഹം കപ്പൽ പണി ആരംഭിച്ചു. അതുകണ്ട് അതുവഴി പോകുന്നവരെല്ലാം അദ്ദേഹത്തെ പരിഹസിച്ചു. ഒരു ചെറിയ മഴ പോലും ഇല്ലാതിരിക്കെ ഒരു കപ്പലുണ്ടാക്കുന്ന നൂഹി(അ)നെ ഭ്രാന്തനായിക്കരുതി അവർ പുച്ഛിച്ചു തള്ളി. അദ്ദേഹം ഈ പരിഹാസങ്ങളൊന്നും വകവെക്കാതെ തന്റെ ജോലി തുടർന്നു.

ഏതാനും മാസങ്ങൾക്കുശേഷം കപ്പൽ പണി പൂർത്തിയായി. അല്ലാഹുവിന്റെ കല്പനപ്രകാരം അദ്ദേഹം വിശ്വാസികളേയും ജന്തു-പക്ഷി വർഗ്ഗത്തിലെ ഓരോ ഇണകളേയും ശേഖരിച്ച് കപ്പലിൽ കയറ്റി.

അങ്ങനെ ആ സമയം വന്നടുത്തു! അല്ലാഹുവിൽ നിന്നുള്ള ശിക്ഷയുടെ സമയം! ആകാശത്തുനിന്ന് മഴവർഷിക്കാൻ തുടങ്ങി. ഭൂമിയിൽ നിന്ന് ഉറവ് പൊട്ടിയൊഴുകി. നിർത്താതെയുള്ള പേമാരിയും കൊടുങ്കാറ്റുമുണ്ടായി. വെള്ളപ്പൊക്കം മൂലം ഭൂമി കടലിന്റെ ഒരു ഭാഗമായി മാറി. അധർമ്മികളായ ജനങ്ങൾ മുഴുവൻ വെള്ളപ്പൊക്കത്തിൽ മുങ്ങിത്തുടങ്ങി. കപ്പൽ കൂറ്റൻ തിരമാലകൾക്കിടയിലൂടെ ചലിച്ചു തുടങ്ങി. തന്റെ പ്രിയ മകനെ നൂഹ്(അ) വെള്ളത്തിൽ കണ്ടു. മകന്റെ ദയനീയാവസ്ഥ കണ്ടപ്പോൾ നൂഹ് നബി (അ)ക്ക് ദുഃഖം സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു: "മകനേ വേഗം വരൂ. ഞങ്ങളോടൊപ്പം കപ്പലിൽ കയറൂ. എങ്കിൽ നിനക്ക് രക്ഷപ്പെടാം. നീ സത്യനിഷേധികളുടെ കൂടെ ചേർന്നുപോകല്ലേ."

എന്നാൽ, തന്റെ പിതാവിന്റെ ഹൃദയംനൊന്തുള്ള ആ വിളിക്ക് ധിക്കാരിയായ മകന്റെ മറുപടി ഞെട്ടിപ്പിക്കുന്നതായിരുന്നു. "ഈ വെള്ളപ്പൊക്കത്തിൽ നിന്ന് എനിക്കു രക്ഷപ്പെടുവാൻ ഞാനേതെങ്കിലും പർവ്വതത്തിൽ കയറിക്കൊള്ളാം. എനിക്ക് നിങ്ങളുടെ കപ്പൽ ആവശ്യമില്ല." അവർക്കിടയിൽ ആകാശം മുട്ടുമെന്ന് തോന്നിക്കുമാറ് വലിയ തിരമാലകൾ പൊങ്ങിവന്നു. നൂഹി (അ)ന്റെ പുത്രനടക്കമുള്ള എല്ലാ അവിശ്വാസികളും മുങ്ങിമരിച്ചു. അങ്ങനെ അക്രമികളായ ജനത നശിച്ചൊടുങ്ങി. പിന്നീട് മഴ നിന്നു. ആകാശം തെളിഞ്ഞു. വെള്ളം കുറഞ്ഞു. കപ്പൽ ജൂദി പർവ്വതത്തിന്മേൽ നിലയുറച്ചു. നൂഹ് നബി (അ) തന്റെ മകനെക്കുറിച്ചോർത്തു ദുഃഖിച്ചു. മകന്റെ തെറ്റുകൾക്ക് മാപ്പു നല്കുവാനായി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനക്ക് അല്ലാഹുവിന്റെ മറുപടി ഇപ്രകാരമായിരുന്നു: "അവൻ നിന്റെ കുടുംബത്തിൽപെട്ടവനല്ല. തീർച്ചയായും അവൻ ദുർവൃത്തനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം നീ എന്നോട് ചോദിക്കരുത്. നീ അറിവില്ലാത്തവരിൽപെടാതിരിക്കുവാൻ ഞാൻ നിന്നെ ഉപദേശിക്കുന്നു."

**തന്റെ പിതാവിന്റെ ഹൃദയം നൊന്തുള്ള ആ വിളിക്ക് ധിക്കാരിയായ മകന്റെ മറുപടി ഞെട്ടിക്കുന്നതായിരുന്നു. ''ഈ വെള്ളപ്പൊക്കത്തിൽ നിന്ന് എനിക്ക് രക്ഷപ്പെടുവാൻ ഞാനേതെങ്കിലും പർവ്വതത്തിൽ കയറിക്കൊള്ളാം. എനിക്ക് നിങ്ങളുടെ കപ്പൽ ആവശ്യമില്ല."**

നൂഹ് നബി (അ)ക്ക് താനറിയാതെ പറഞ്ഞുപോയ അബദ്ധത്തിൽ ലജ്ജ തോന്നുകയും പശ്ചാത്തപിക്കുകയും ചെയ്തു. തനിക്ക് പൊറുത്തുതരുവാനും തന്നോട് കരുണ കാണിക്കുവാനും അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു. പിന്നീട് നൂഹ് നബി(അ)യും അനുയായികളും കപ്പലിൽ നിന്നിറങ്ങുകയും അവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുതിയ ജീവിതം ആരംഭിക്കുകയും ചെയ്തു.

അല്ലാഹുവിന്റെ മാർഗ്ഗം സ്വീകരിക്കാതിരിക്കുകയും അവന്റെ ആജ്ഞകൾ അനുസരിക്കാതിരിക്കുകയും ചെയ്താൽ അതിന്റെ ഫലം വേദനാജനകമായ ശിക്ഷയായിരിക്കുമെന്ന് ഈ സംഭവത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. പ്രവാചകന്റെ മകനായാൽ പോലും ദൈവത്തിനെതിരായതുകൊണ്ട് അവനും രക്ഷയുണ്ടായില്ല. അല്ലാഹു നമുക്കെല്ലാവർക്കും നേരായ വഴിയിൽ അല്ലാഹു ഇഷ്ടപ്പെടുന്ന രീതിയിൽ ജീവിക്കുവാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ (ആമീൻ).

■

# ലജ്നാ ഇമായില്ലാഹ് വാർഷിക ഇജ്തിമാഅ് – 2010

## മത്സരപരിപാടികൾ

വിശുദ്ധ ഖുർആൻ പാരായണവും മനഃപ്പാഠവും

### മനഃപ്പാഠം – സൂറത്തുൽ ഫജ്ർ

(മത്സരത്തിൽ പങ്കെടുത്താലും ഇല്ലെങ്കിലും എല്ലാവരും ഇത് മനഃപ്പാഠമാക്കിയിരിക്കണം. ഇജ്തിമാക്ക് മുമ്പേ ഇത് ഓതിക്കേൾപ്പിക്കേണ്ടതാണ്)

### പദ്യം ചൊല്ലൽ

ദുർറെ സമീൻ, കലാമെ മഹ്മൂദ്, ദുർറെ അദ്ൻ, കലാമെ ത്വാഹിർ, ബുഖാറെദിൽ ഇവയിൽ ഏതെങ്കിലും പദ്യങ്ങളിൽ നിന്ന് 6 വരി പദ്യങ്ങൾ.

### പ്രസംഗമത്സരം സമയം : 5 മിനിട്ട്

**വിഷയങ്ങൾ:**

1. ഹ: മസീഹ് മൗഊദി (അ)ന്റെ സഹാബിവര്യന്മാരിൽ ഏതെങ്കിലും ഒരാളുടെ ജീവചരിത്രസംഗ്രഹം.
2. സന്തുഷ്ടകുടുംബവും സമാധാനസമൂഹവും
3. ദഅ്വത്തെഇലല്ലായും (തബ്ലീഗും) – നമ്മുടെ ബാധ്യതകളും.

**'ഫിൽബദീഹ്' പ്രസംഗമത്സരം**

പങ്കെടുക്കുന്നവരെ മത്സരവേളയിൽ സ്റ്റേജിനടുത്ത് വിളിച്ച് ഏതെങ്കിലും രണ്ട് വിഷയം കൊടുക്കുന്നതാണ്. അവയിൽ ഒന്നിനെ സംബന്ധിച്ചാണ് പ്രസംഗിക്കേണ്ടത്. ആലോചിക്കുന്നതിന് 2 മിനിട്ട് സമയം അനുവദിക്കുന്നതാണ്.

**വിഷയങ്ങൾ:**

1. വിശുദ്ധ ഖുർആൻ അനർഘരത്നങ്ങളുടെ സമാഹാരം.
2. സ്ത്രീകളോട് നബി(സ) തിരുമേനിയുടെ മാന്യമായ പെരുമാറ്റം
3. എന്തുകൊണ്ട് വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളിയാവണം?
4. ഉൽകൃഷ്ട കർമ്മസ്വഭാവങ്ങൾ.
5. ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണം.
6. ഹ: മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിന്റെ പ്രാധാന്യം.
7. ദുആയും ദൈവികാനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളും.

### ക്വിസ് പ്രോഗ്രാം

2006 ഫിബ്രവരി 10, 17, 24 തിയ്യതികളിലെ ജുമുഅ: ഖുതുബകൾ

'ആയിനയെ സദാഖത്ത്' 100 മുതൽ ഒടുവിലത്തെ പേജ് വരെ

### അക്ഷരശ്ലോകമത്സരം:

ദുർറെസമീൻ, കലാമെ മഹ്മൂദ്, കലാമെ ത്വാഹിർ, ദുർറെഅദ്ൻ, ബുഖാറെദിൽ, അറബി ഖസീദ എന്നിവയിൽ നിന്നുള്ള വരികൾ.

രണ്ട് അംഗങ്ങളുള്ള 'ടീം' രൂപീകരിച്ച് മത്സരപരിപാടി നടത്തേണ്ടതാണ്.

(അവതരണരീതി, അക്ഷരസ്ഫുടത, ചൊല്ലിയ വരികൾ ശരിയാണോ എന്നിവ നോക്കിയായിരിക്കും മാർക്ക് നൽകുക).

കുറിപ്പ്: മത്സരപരിപാടികളിൽ ഇതിനു മുമ്പേ മൂന്നു തവണ സ്ഥാനം ലഭിച്ചിട്ടുള്ളവർ മത്സരത്തിൽ പങ്കെടുക്കരുത്. ഇജ്തിമായുടെ മറ്റു പരിപാടികളിൽ അവർക്ക് അവസരം ലഭിക്കുന്നതാണ്.

### തർബിയ്യത്തീ പ്രസംഗം

ഇജ്തിമാവേളയിൽ പ്രസംഗ പരിചയമുള്ള രണ്ടു പേരുടെ പ്രസംഗം വെക്കേണ്ടതാണ്.

1. സഹാബിയമാരുടെ ജീവചരിത്രം (2) തർബിയ്യത്ത് കാര്യങ്ങളിലുള്ള പ്രസംഗം.

### കായികമത്സരം

സന്ദർഭോചിതം ഇത്ജിമായിൽ കായികമത്സരങ്ങളും ഉൾക്കൊള്ളിക്കാവുന്നതാണ്.

## 'ഖസീദ' മനഃപ്പാഠമത്സരം

ഈ വർഷവും 'ഖസീദ' മനഃപ്പാഠമത്സരം ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഖസീദ മനഃപാഠമാക്കിയ മുഴുവൻ ലജ്ന-നാസിറാത്ത് അംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം. ഇതിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടാവുന്നതാണ്.

### 'ഖസീദ' മനഃപ്പാഠം

എല്ലാവർഷവും ലജ്നാ-നാസിറാത്ത് അംഗങ്ങൾ ഹ: മസീഹ് മൗഊദ് (അ)ന്റെ ഖസീദ മനഃപ്പാഠമാക്കിവരുന്നു. അല്ലാഹു അവരുടെ ബുദ്ധി പ്രകാശമാനമാക്കട്ടെ. ഈ വർഷവും കൂടുതലായി അംഗങ്ങൾ ഖസീദ മനഃപ്പാഠമാക്കട്ടെ. പ്രാദേശിക പ്രസിഡണ്ട്, തങ്ങളുടെ സംസ്ഥാന പ്രസിഡണ്ടിന്റെ സാക്ഷ്യപത്രത്തോടെ മനഃപ്പാഠമാക്കിയവരുടെ പേരു വിവരം, ആഗസ്റ്റ് 15നുള്ളിൽ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഇജ്തിമാവേളയിൽ അവർക്ക് സർട്ടിഫിക്കറ്റും മെഡലും നൽകുന്നതാണ്. ആഗസ്റ്റ് 15ന് ശേഷം കിട്ടുന്ന പേരുകൾ അടുത്തവർഷം ചേർക്കുന്നതാണ്.

(തപാൽ ഉരുപ്പടികൾ കിട്ടാൻ വൈകുന്നതു കൊണ്ട് ജൂലായ് 10ന് മുമ്പേ ഖസീദ മനഃപ്പാഠമാക്കിയവരുടെ പേര് സംസ്ഥാന സദ്റിന് എത്തിക്കേണ്ടതാണ്. അതിനുശേഷം കിട്ടുന്ന പേര് അടുത്തവർഷത്തേക്ക് മാറ്റിവെക്കുന്നതാണ്.)

## പ്രബന്ധമത്സരം

വിഷയം: "നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടപദവി ഹ: മസീഹ് മൗഊദ് (അ)ന്റെ വീക്ഷണത്തിൽ," ഈ വിഷയത്തെ അധികരിച്ച് എല്ലാ മജ്ലിസുകളും പ്രബന്ധമത്സരം നടത്തേണ്ടതാണ്. പ്രബന്ധം കുറഞ്ഞത് 7000 വാക്കുകൾ ഉൾക്കൊള്ളുന്നതായിരിക്കണം. പ്രാദേശിക ഇത്ജിമായിലെ വിജയികൾക്ക് സമ്മാനം നൽകേണ്ടതാണ്

## മജ്ലിസ് ശൂറാ

കേന്ദ്ര ഇജ്തിമായുടെ രണ്ടാം ദിവസം 'മജ്ലിസ് ശൂറാ' ചേരുന്നതാണ് (ഇ.അ.). മജ്ലിസുകളിൽ നിന്ന് നിർദ്ദേശിക്കുന്ന പദ്ധതികൾ ഹുസൂറിന്റെ അനുമതിയോടെ 'മജ്ലിസ് ശൂറാ'യിൽ സമർപ്പിക്കുന്നതാണ്. താങ്കളും താങ്കളുടെ മജ്ലിസ് അംഗങ്ങൾ മുഖേന ആഗസ്റ്റ് 31നുള്ളിൽ പദ്ധതികൾ അയക്കുക. മജ്ലിസിലെ ഏതൊരു അംഗത്തിനും പദ്ധതി അവതരിപ്പിക്കാനുള്ള അനുമതിയുണ്ട്. ലജ്നയുടെ പുരോഗതിക്ക് നാം എന്ത് ചെയ്യണം, നമ്മുടെ പദവി എങ്ങനെ ഉയർത്താം എന്നിവയെ സംബന്ധിച്ച് പ്രസിഡണ്ടിന്റെ അറിയിപ്പ് കേന്ദ്രത്തിലേക്ക് അയക്കുക.

സദ്ർ, ലജ്ന ഇമായില്ലാഹ്, കേരള

# നാസിറാത്തുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമാഅ് - 2010

## മത്സരപരിപാടികൾ

### ഖുർആൻ പാരായണവും മനഃപ്പാഠവും

മുഹ്സിനാത്ത് ഗ്രൂപ്പ് (14-15 വയസ്സ്)

മനഃപ്പാഠം - സൂറത്തുശ്ശംസ്.

ഖാനിത്താത്ത് ഗ്രൂപ്പ് (11-13 വയസ്സ്)

മനഃപ്പാഠം - സൂറത്തുസ്സുഹാ

സ്വാലിഹാത്ത് ഗ്രൂപ്പ് (7-10 വയസ്സ്)

മനഃപ്പാഠം - സൂറത്തുൽ മാഊൻ; സൂറത്തുൽ ഫീൽ (രണ്ടിൽ ഏത് സൂറത്ത് എന്ന് നറുക്കെടുത്ത് തീരുമാനിക്കുക).

### പദ്യം ചൊല്ലൽ (മൂന്ന് ഗ്രൂപ്പിനും)

സമയം - 2 മിനിട്ട്

ദുർറെസമീൻ, കലാമെ മഹ്മൂദ്, ദുർറെഅദ്ൻ കലാമെ ത്വാഹിർ, ബുഖാറെദിൽ

ഓരോ വർഷവും പുതിയ പദ്യം തിരഞ്ഞെടുക്കുക, കുറഞ്ഞത് ആറ് വരികൾ.

## പ്രസംഗമത്സരം

(പ്രസംഗമത്സരത്തിൽ പങ്കെടുക്കുന്നവർ നിശ്ചിതസമയത്ത് അവസാനിപ്പിക്കേണ്ടതാണ്. അഞ്ചോ പത്തോ സെക്കന്റ് കൂടിപ്പോയാൽ പ്രശ്നമില്ല).

### മുഹ്സിനാത്ത് ഗ്രൂപ്പ് - സമയം 4 മിനിട്ട്

വിഷയം : 1. ഇസ്ലാം ഒരു ജീവൽ മതം

2. ഡോ. അബ്ദുസ്സലാം സാഹിബിന്റെ ജീവചരിത്രം.

3. പർദ്ദ നമ്മുടെ സംരക്ഷണമാർഗ്ഗം.

## ഖാനിത്താത്ത് ഗ്രൂപ്പ് - സമയം 3 മിനിട്ട്

**വിഷയം :**

1. ദുആയുടെ പ്രാധാന്യവും ശ്രേഷ്ഠതയും
2. തിരുനബി (സ)യുടെ സത്യസാക്ഷ്യവും വിശ്വസ്തതയും.
3. വിശുദ്ധ ഖുർആൻ പാരായണ മര്യാദകൾ

## സ്വാലിഹാത്ത് ഗ്രൂപ്പ് - സമയം 2 മിനിട്ട്

**വിഷയം:**

1. തിരുനബി(സ)ക്ക് കുട്ടികളോടുള്ള വാത്സല്യം.
2. ഐക്യത്തിലാണ് അനുഗ്രഹം.
3. സമയനിഷ്ഠ

## ക്വിസ് പ്രോഗ്രാം

**മുഹ്സിനാത്ത് ഗ്രൂപ്പ്**

പുസ്തകം: ഉമ്മുഹബീബ (റ) മുഴുവൻ ഭാഗവും ജമാഅത്തിയായ പൊതുവിജ്ഞാനവും

**ഖാനിത്താത്ത്**

പുസ്തകം: ഹ: സഫിയ്യ (റ) മുഴുവൻ ഭാഗവും ജമാഅത്തിയായ പൊതുവിജ്ഞാനവും

## അക്ഷരശ്ലോകമത്സരം (എല്ലാ ഗ്രൂപ്പിനും)

ദുർറെസമീൻ, കലാമെ മഹ്മൂദ്, കലാമെ ത്വാഹിർ, ദുർറെ അദ്ൻ, ബുഖാറെദിൽ, ബദർഗാഹെ ദീശാൻ, അറബി ഖസീദ എന്നിവയിൽ നിന്നുള്ള വരികൾ രണ്ട് അംഗങ്ങളടങ്ങുന്ന ടീം ആക്കിയാണ് മത്സരം. അവതരണരീതി, അക്ഷരസ്ഫുടത, ചൊല്ലിയ വരികൾ ശരിയാണോ എന്നിവ നോക്കി മാർക്ക് നൽകുക.

സ്വാലിഹാത്തിലെ പെൺകുട്ടികൾക്ക് രാഗത്തോടുകൂടി പദ്യങ്ങൾ ചൊല്ലാൻ പഠിപ്പിക്കുക.

## ഫിൽബദീഹ് പ്രസംഗം (സമയം 2 മിനിട്ട്) മുഹ്സിനാത്ത് ഗ്രൂപ്പ്

(പങ്കെടുക്കുന്നവരെ മത്സരവേളയിൽ സ്റ്റേജിനടുത്ത് വിളിച്ച് ഏതെങ്കിലും രണ്ട് വിഷയം കൊടുക്കുന്നതാണ്. ഒന്നിനെ സംബന്ധിച്ചാണ് പ്രസംഗിക്കേണ്ടത്. ആലോചിക്കുന്നതിന് 2 മിനിട്ട് അനുവദിക്കുന്നതാണ്.)

**വിഷയം:**

1. ഖിലാഫത്തിന്റെ അനുഗ്രഹവും പ്രാധാന്യവും.
2. ദീനി മജ്‌ലിസുകളുടെ (മതപരമായ സദസ്സുകൾ) അനുഗ്രഹങ്ങൾ.
3. നാസിറാത്തുൽ അഹ്മദിയ്യായുടെ കർത്തവ്യങ്ങൾ
4. ഖിദ്മത്തെ ഖൽഖ് (സൃഷ്ടിസേവനം)
5. ദൈവികമാർഗത്തിൽ ചെലവുചെയ്യൽ.
6. സദസ്സിന്റെ മര്യാദകൾ.

**താഹിറ**

സദ്ർ ലജ്ന ഇമായില്ലാഹ്, കേരള

# അറിയിപ്പ്

കേരളത്തിലെ വനിതാചതുർമാസികയായ 'അന്നൂർ' 1994 മുതൽ കണ്ണൂർ മേഖലയിൽ നിന്നാണല്ലോ പ്രസിദ്ധീകരിച്ചിരുന്നത്. ഈ വർഷം മുതൽ അതിന്റെ നടത്തിപ്പ് കോഴിക്കോട് മേഖലാ ലജ്നാ ഇമായില്ലായ്ക്ക് കൈമാറിയിരിക്കുകയാണ്. അതിനാൽ എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനപ്രകാരം 28-1-10ന് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് മേഖലാ സിക്രട്ടറി സാജിദാ മുസഫർ സാഹിബയെ എഡിറ്ററും നസീറാ അബ്ദുൽ ജബ്ബാർ സാഹിബയെ ട്രഷററുമായി നിയമിച്ചിരിക്കയാണ്.

'അന്നൂർ' മാസികയുടെ കർമ്മരംഗത്ത് ഇതിനുമുമ്പേ സേവനമനുഷ്ഠിച്ച എഡിറ്റർ, സബ് എഡിറ്റർ, ട്രഷറർ എന്നിവർക്കും ലേഖനങ്ങളും പദ്യങ്ങളും മറ്റു സൃഷ്ടികളും അയച്ചുതന്ന് സഹായിക്കുകയും സഹകരിക്കുകയും ചെയ്ത മുഴുവൻ സഹോദരിമാർക്കും 'ജസാക്കുമുല്ലാഹ് അഹ്സനൽ ജസാഅ്' എന്ന ദുആയിലൂടെ നന്ദി രേഖപ്പെടുത്തിയും മേലിലും എല്ലാവരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ദുആക്ക് അപേക്ഷിക്കുകയും ചെയ്യുന്നു.

സാജിദ മുസഫർ - 9995916854


നസീറ അബ്ദുൽ ജബ്ബാർ - 9447286154

*സദ്ർ, ലജ്നാ ഇമായില്ലാഹ്, കേരള*

പുസ്തക പരിചയം

# സ്ത്രീ - അവകാശങ്ങളും കർത്തവ്യങ്ങളും

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**





ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ മൂന്ന് ലേഖനങ്ങളുടെ തർജ്ജമയാണ് ഈ കൊച്ചുകൃതി - അഹ്മദിയ്യാ ശതവാർഷികത്തോടനുബന്ധിച്ച് കണ്ണൂർ ലജ്നാ ഇമായില്ലാഹ് 1989 -ൽ പ്രസിദ്ധീകരിച്ച ഈ കൃതി വിവർത്തനം ചെയ്തത് പരേതനായ എൻ. ഹാമിദ് സാഹിബും എൻ. അബ്ദുറഹിം സാഹിബുമാണ്.

ഇസ്ലാമിനു മുമ്പേ സ്ത്രീകൾക്കുണ്ടായിരുന്ന ദുരവസ്ഥയെക്കുറിച്ചും ഇസ്ലാം സ്ത്രീകൾക്ക് നല്കുന്ന സ്ഥാനത്തെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും കുടുംബത്തിൽ സ്ത്രീയുടെ പ്രാധാന്യത്തെക്കുറിച്ചും, സ്ത്രീകൾക്ക് ലഭിക്കുന്ന സ്വത്തവകാശത്തെക്കുറിച്ചും വിവരിക്കുന്നതോടൊപ്പം പർദ്ദയുടെ പ്രാധാന്യത്തേയും ആവശ്യകതയേയും ഈ കൃതിയിൽ വിവരിച്ചിരിക്കുന്നു. സ്ത്രീക്ക് ഇസ്ലാം സ്വാതന്ത്ര്യം നിഷേധിക്കുന്നുവെന്നും പുരുഷനു തുല്യമായ അവകാശം ഇസ്ലാം സ്ത്രീക്ക് അനുവദിക്കുന്നില്ലെന്നുമുള്ള ആക്ഷേപങ്ങൾക്ക് ഈ കൃതി ഒരു മറുപടികുടിയാണ്.

■

# ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**




1919ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ലാഹോർ ഇസ്ലാമിയാ കോളേജിൽ, മാർട്ടിൻ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ ചെയ്ത പ്രഭാഷണത്തിന്റെ പരിഭാഷ. ഇസ്ലാമിക ചരിത്രത്തിലെ വികാരനിർഭരവും ദുഃഖകരവുമായ സംഭവങ്ങളാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത്.

ഹദ്റത്ത് ഉസ്മാനി(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇസ്ലാമിനെ തകർക്കുവാനുള്ള ശത്രുക്കളുടെ ഗൂഢാലോചനയുടെ ഫലമായുണ്ടായ ഭിന്നിപ്പിനേയും ഛിദ്രത്തേയും കുറിച്ച് ഈ കൃതിയിൽ സംക്ഷിപ്തമായി വിവരിക്കുന്നു. ഇസ്ലാമിനോട് സ്നേഹമുള്ള ഓരോ വ്യക്തിയും ഒരിറ്റു കണ്ണീർ വാർക്കാതെ ഈ ഗ്രന്ഥം വായിച്ചവസാനിപ്പിക്കുകയില്ല. ഇസ്ലാമിക ചരിത്രം അറിയാനാഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥം ഒരമൂല്യനിധിയായിരിക്കും. ഇതിന്റെ പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത് പരേതനായ എൻ. അബ്ദുറഹിം സാഹിബാണ്. ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

■

നഈമ നൂറുദ്ദീൻ

# അരിപ്പായസം

**ആവശ്യമുള്ള സാധനങ്ങൾ**

1. ഉണക്കലരി (പായസത്തിന്റെ അരി)  100 ഗ്രാം
2. വെള്ളം - അരിയുടെ അഞ്ചിരട്ടി
3. ശർക്കര - 500 ഗ്രാം. (പാനി ആക്കിയത്)
4. തേങ്ങ - 2 വലുത് (ആദ്യം തേങ്ങ തിരുമ്മി വെള്ളം ചേർക്കാതെ കട്ടിക്ക് എടുത്ത പാൽ ഏലക്കായ പ്പൊടി ചേർത്ത് മാറ്റിവെക്കണം)
   പിന്നീട് അല്പം വെള്ളമൊഴിച്ച് പിഴിഞ്ഞെടുത്ത രണ്ടാം പാൽ - 1 ലിറ്റർ.
5. പശുവിൻ പാൽ - 1 ഗ്ലാസ്സ്
6. പഞ്ചസാര - 5 വലിയ സ്പൂൺ
7. പശുവിൻ നെയ്യ് - 2 വലിയ സ്പൂൺ
8. ഉപ്പ് - പാകത്തിന്
9. തേങ്ങ കൊത്ത് - കുറച്ച്
10. കിസ്മിസ് - കുറച്ച്.
11. വെളിച്ചെണ്ണ - കുറച്ച്.

**പാകം ചെയ്യുന്നവിധം**

അരി വെള്ളം ചേർത്ത് വേവിക്കുക. ഇതിൽ ശർക്കരപ്പാനി ആവശ്യത്തിന് ഒഴിക്കുക. നെയ്യ് ഒഴിച്ച് നല്ലതുപോലെ വഴറ്റുക. വറ്റി വന്നാൽ രണ്ടാം പാൽ ഒഴിക്കുക. കൂടെ പശുവിൻപാൽ ഒഴിക്കുക. പഞ്ചസാരയും ഉപ്പും ചേർക്കുക. അടുപ്പിൽ നിന്ന് ഇറക്കിയ ഉടനെ ഏലക്കായ ചേർത്ത പാൽ ഒഴിച്ച് ഇളക്കുക. വെളിച്ചെണ്ണയിൽ തേങ്ങകൊത്തിയതും കിസ്മിസും വറുത്ത് ഇടുക.

N.B.: വെള്ളത്തിന്റെ അളവ് കുക്കറിൽ വേവിക്കുവാൻ ഉള്ളതാണ്. വിസില് വന്നാൽ പത്ത് മിനുട്ട് തീ കുറച്ചുവെക്കണം.

---

**വാർത്തകൾ വിശേഷങ്ങൾ**

## മുസ്‌ലിഹ് മൗഊദ് (റ) ദിനം

കോഴിക്കോട് ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിലുള്ള മുസ്‌ലിഹ് മൗഊദ് ദിനപരിപാടി 27/2/10 ശനിയാഴ്ച രാവിലെ മേഖല അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ഉദ്ഘാടനം ചെയ്തു. മുസ്‌ലിഹ് മൗഊദി(റ) നെക്കുറിച്ചുള്ള വിവരങ്ങൾ ഫ്ളക്സ് ബോർഡിൽ പ്രദർശിപ്പിക്കുകയും അദ്ദേഹം രചിച്ച ചില ഗ്രന്ഥങ്ങളും വിവർത്തനവും ഒപ്പം വിവിധ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള ലഘുലേഖകളും തഫ്സീർ കബീറിന്റെ 10 വാള്യങ്ങളും 'അൻവാറുൽ ഉലൂ'മിന്റെ 18 വാള്യങ്ങളും പ്രദർശിപ്പിച്ചു. തഹരീക്കെ ജദീദ്, വഖ്ഫെ ജദീദ് എന്നീ രണ്ട് സ്റ്റാളുകൾ തയ്യാറാക്കി ഈ പദ്ധതികളുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുകയുണ്ടായി. നാസിറാത്തുകളും തനതായ രീതിയിൽ ഈ സംരംഭത്തിൽ പങ്കാളികളായി. ഒരു ബുക്സ്റ്റാളും സംഘടിപ്പിച്ചു. ഉച്ചയ്ക്കുശേഷം നവലോകക്രമം (New World Order) എന്ന ഗ്രന്ഥത്തെ ആധാരമാക്കിയുള്ള സെമിനാറും തുടർന്ന് ക്വിസ് പ്രോഗ്രാമും സംഘടിപ്പിച്ചു.

## മസീഹ് മൗഊദ് (അ) എക്സിബിഷൻ

മാത്തോട്ടം ജമാഅത്തിലെ നാസിറാത്തുൽ അഹ്മദിയ്യായുടെ കീഴിൽ അത്ഫാലുകളേയും ഉൾപ്പെടുത്തി മസീഹ് മൗഊദി(അ)നെ കുറിച്ചുള്ള ഒരു എക്സിബിഷൻ 14-2-2010ന് മാത്തോട്ടം മിഷൻ ഹൗസിൽ വെച്ച് സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് ജമാഅത്ത് പ്രസിഡന്റ് ജനാബ് പി.എം. ബശീർ അഹ്മദ് സാഹിബ് ഔപചാരികമായി ഉദ്ഘാടനം നിർവ്വഹിച്ചു.

മസീഹ് മൗഊദി(അ)നെ ആസ്പദമാക്കിയുള്ള പ്രദർശനത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജന നം, മഹ്ദി ഇമാം വെളിപ്പെടുമെന്ന ഖുർആനിലെ ആയത്തുകൾ, മഹ്ദി വരേണ്ട ആവശ്യകത, പ്രവചനങ്ങൾ, സത്യസാക്ഷ്യങ്ങൾ, ബിഹിശ്തി മഖ്ബറ, വാഗ്ദത്ത പുത്രൻ, ഖലീഫമാർ തുടങ്ങി ചരിത്രത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും നാസിറാത്ത്, അത്ഫാൽ കുരുന്നുകൾ വളരെ വിജ്ഞാനപരമായ പ്രദർശനങ്ങളാണ് സ്വന്തം കൈപ്പടയിലൂടെ അത്യുത്സാഹത്തോടേയും, ആവേശത്തോടേയും ഒരുക്കിയത്. ഇതിനോടനുബന്ധിച്ച് മസീഹ് മൗഊദ് (അ) രചിച്ച വിവിധഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട ഒട്ടുമിക്ക ഗ്രന്ഥങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി. ജമാഅത്തിന്റെ പുസ്തകങ്ങളും എക്സിബിഷന്റെ ഭാഗമായി വിറ്റഴിച്ചു.

മസീഹ് മൗഊദി(അ)നെക്കുറിച്ച് സെമിനാറും

ചോദ്യോത്തര സദസ്സും മേഖലാ നാസിറാത്ത് സെ ക്രട്ടറി സീനത്ത് സാഹിബയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

## മാതൃസംഗമം - അനുമോദന യോഗം - മെഡിക്കൽ ക്യാമ്പ്

പാലക്കാട് മേഖല ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ 2010 ഫെബ്രുവരി 13ന് കാവശ്ശേരി ജമാഅത്തിൽ വച്ച് മാതൃദിന സംഗമവും, അനുമോദനയോഗവും സൗജന്യമെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. മാതൃസംഗമം സംസ്ഥാനസദർ ത്വാഹിറ ബീഗം സാഹിബ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പാലക്കാട് മേഖലാ സിക്രട്ടറി രഹനകമാൽ സാഹിബ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന നായിബ് സദർ സൈനബി മസ് ഊദ്, നാസിറാത്ത് സെക്രട്ടറി ജുവൈരിയ ഗൗഹർ എന്നിവർ ആശംസകളർപ്പിച്ചു. ഫായിസ ബശീർ, സിദ്ദീഖ മുബശ്ശിർ എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞവർഷം ഭാരതത്തിൽ ഒന്നാം സ്ഥാനം കേരളം കരസ്ഥമാക്കിയതിന് സംസ്ഥാന സദർ, നാഇബ് സദർ, നാസിറാത്ത് സെക്രട്ടറി എന്നിവർക്ക് ഉപഹാരങ്ങൾ നല്കി ആദരിച്ചു. നല്ല പ്രവർത്തനത്തിനുള്ള ട്രോഫി കരസ്ഥമാക്കിയ അലനല്ലൂർ, ചേലക്കര, ചാവക്കാട് പ്രസിഡന്റുമാരേയും അനുമോദിക്കുകയുണ്ടായി. വിവിധതരത്തിലുള്ള മത്സരപരിപാടികളും വിപണനമേളയും സംഘടിപ്പിച്ചു. തുടർന്ന് ആലത്തൂർ അലക്സോ ഹോമിയോ ക്ലിനിക്കിലെ ഡോ. ബീന ജോൺ രോഗികളെ പരിശോധിച്ചു സൗജന്യമരുന്നുവിതരണം നടത്തി. പരിപാടിയിൽ 300 പേർ പങ്കെടുത്തു. അനഹ്മദി സഹോദരിമാരടക്കം 150 പേർ ചികിത്സ നേടി. പഞ്ചായത്ത് പ്രസിഡന്റിനും ഡോക്ടർക്കും ഖുർആൻ പരിഭാഷ സമ്മാനിച്ചു.

## സയൻസ് എക്സിബിഷൻ

26-1-10 റിപ്പബ്ലിക് ദിനത്തിൽ കോഴിക്കോട് നാസിറാത്തുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഒരു സയൻസ് എക്സിബിഷൻ അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ നടത്തപ്പെടുകയുണ്ടായി, അൽഹംദുലില്ലാഹ്. 'ചരിത്രമുഹൂർത്തം മാധ്യമക്കണ്ണിലൂടെ' എന്ന തലക്കെട്ടോടെ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള ഹുസൂറിന്റെ കേരളസന്ദർശനത്തെക്കുറിച്ചുള്ള പത്രവാർത്തയും ഫോട്ടോയും ഒപ്പം അഹ്മദിയ്യാ ചരിത്രത്തിലെ മുബാഹലയടക്കമുള്ള വാർത്തകളും പ്രദർശിപ്പിച്ചു. ഡോ. അബ്ദുസ്സലാം സാഹിബിനെക്കുറിച്ചും മറ്റു മുസ്ലിം ശാസ് ത്രജ്ഞന്മാർ നല്കിയ സംഭാവനകളുടെ വിശദീകരണവും മുസ്ലിം കലണ്ടറും പ്രദർശനത്തിനുണ്ടായിരുന്നു. വിവിധതരം പഴങ്ങളും പച്ചക്കറികളും പ്രദർശിപ്പിക്കുകയും അതിലടങ്ങിയിട്ടുള്ള വിറ്റാമിനുകളെക്കുറിച്ചും രോഗപ്രതിരോധ ശേഷിയെക്കുറിച്ചും കൊച്ചുകുട്ടികൾ വിവരിക്കുകയുമുണ്ടായി. സൗരയൂഥം, അഗ്നിപർവ്വതം, സൂര്യദർശിനി, ഡി.എൻ.എ. തന്മാത്രകൾ, കാലിഡോസ്കോപ്പ്, ഹൃദയത്തിന്റെ പ്രവർത്തനരീതി, വൃക്ഷസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, ചെവി കണ്ണ് പല്ല് എന്നിവയുടെ ഘടന തുടങ്ങിയവയുടെ മോഡലുകൾ പ്രദർശിപ്പിച്ചു. കൂടാതെ ലൈറ്റ്, ഇലക്ട്രിക് ബൾബ്, പെരിസ്കോപ്പ്, സ്റ്റെതസ്കോപ്പ്, ചന്ദ്രന്റെ വിവിധ ഘട്ടങ്ങൾ, ആസിഡുകൾ ഉപയോഗിച്ചുള്ള പരീക്ഷണരീതികൾ, പൂമ്പാറ്റയുടേയും മനുഷ്യന്റേയും വളർച്ചയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചും ദഹനവ്യവസ്ഥ, കോശങ്ങളുടെ വൈവിധ്യം, രാസസൂത്രം, മൂലകങ്ങൾക്ക് ഡാൾട്ടൺ നല്കിയ ചിഹ്നങ്ങൾ, വവ്വാലിന്റെ ഘടന തുടങ്ങിയവയെക്കുറിച്ചുമുള്ള ചാർട്ടുകളും മോഡലുകളും പ്രദർശിപ്പിച്ചു. പ്രഥമശുശ്രൂഷയെക്കുറിച്ചും വിവരിക്കുകയുണ്ടായി. സൂര്യചന്ദ്രഗ്രഹണങ്ങളുടെ മോഡൽ ഉണ്ടാക്കി കാണിക്കുകയും മസീഹ് മൗഊദി(അ)ന്റെ സത്യസാക്ഷ്യത്തെക്കുറിച്ചുള്ള ഉദ്ധരണികൾ പ്രദർശിപ്പിക്കുകയും കുട്ടികൾ വിവരിക്കുകയും ചെയ്തു. കൂടാതെ കരകൗശലവസ്തുക്കളുടെ പ്രദർശനവും ഉണ്ടായിരുന്നു.

## ഭക്ഷ്യമേള

കോഴിക്കോട് ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഭക്ഷ്യമേളയും അതോടനുബന്ധിച്ച് നാസിറാത്തുൽ അഹ്മദിയ്യായുടെ സയൻസ് - ഇസ്ലാമിക് എക്സിബിഷനും 26-1-10 രാവിലെ 10.45ന് ബയ്ത്തുൽ ഖുദ്ദൂസിൽ അഡീഷണൽ നാസിർ ഇസ്ലാഹോ ഇർശാദ് മൗലവി മുഹമ്മദ് ഉമർ സാഹിബ് ഉദ്ഘാടനം ചെയ്തു. ഭക്ഷ്യമേളയോടനുബന്ധിച്ച് പായസം, സലാഡ്, ടിഫിൻ (കുട്ടികൾക്കുള്ള ഉച്ചഭക്ഷണം), മത്സരങ്ങൾ സംഘടിപ്പിച്ചു. ഭക്ഷണസ്റ്റാളുകൾക്കു പുറമേ, കരകൗശലവസ്തു പ്രദർശനവും വിൽപനയും വിവിധ തുണിത്തരങ്ങളും ഒപ്പം മനസ്സിനും കണ്ണിനും കുളിർമയേകുന്ന ഹരിതഭംഗിയാർന്ന ചെടികളും സ്റ്റാളിൽ തയ്യാറാക്കിയിരുന്നു. കൂടാതെ ഒരു ബുക്ക്സ്റ്റാളും സംഘടിപ്പിച്ചു. 2500 രൂപയുടെ പുസ്തകങ്ങൾ വിറ്റു. ഇതോടനുബന്ധിച്ച് ക്വിസ് പരിപാടിയും നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

# പദപ്രശ്നം

7 വയസ്സ് മുതൽ 15 വയസ്സ് വരെയുള്ള നാസിറാത്ത് – അത്ഫാൽ കുട്ടികൾക്കായാണ് ഈ പദപ്രശ്നം. സൂചനകൾ നോക്കി കളങ്ങളെല്ലാം ശരിയായി പൂരിപ്പിക്കുക. താഴെ കാണുന്ന കൂപ്പണിൽ പേരും വിലാസവും എഴുതി അന്നൂറിന് അയച്ചുതരിക. ഒന്നിൽ കൂടുതൽ ശരിയുത്തരം ലഭിക്കുകയാണെങ്കിൽ നറുക്കെടുപ്പിലൂടെ മൂന്ന് പേർക്ക് സമ്മാനം നൽകുന്നതാണ്.

പദപ്രശ്നം ലഭിക്കേണ്ട

അവസാന തിയ്യതി : 2010 മെയ് 31.


അയക്കേണ്ട വിലാസം: പദപ്രശ്നം – 1, Editor, Annoor, SN : 2, Sneha Nagar, O.B. Road, P.O. Arts College, Calicut - 18.

**വലത്തോട്ട്:**

1. കഅ്ബയുടെ അകത്തളത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ ഒരേയൊരു വ്യക്തിക്കാണ് കയറാൻ സാധിച്ചത്. അദ്ദേഹമാരാണ്?
2. ആദമും ഹവ്വയും സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടത് വിവരിക്കുന്ന സൂറത്തേത്?
3. വാഗ്ദത്ത മസീഹ് (അ)ന്റെ ഒരു അദ്ധ്യാപകന്റെ പേര്?
4. 'നൂഹിന്റെ പേടകം' എന്നർത്ഥം വരുന്ന മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥത്തിന്റെ പേര്?
5. നബി(സ)തിരുമേനിയെ പാലൂട്ടി വളർത്തിയ സ്ത്രീ?
6. പാകിസ്താനിലെ അഹ്മദിയ്യാ കേന്ദ്രം?
7. വാഗ്ദത്ത പുത്രൻ ജനിക്കുമെന്ന് പ്രവചനം ഉണ്ടായതിന് ശേഷം മസീഹ് മൗഊദി (അ)ന് ജനിച്ച പെൺകുട്ടിയുടെ പേര്?

**താഴോട്ട്**

1. സഫാ മർവാ കുന്നുകൾക്കിടയിൽ ഏഴ് പ്രാവശ്യം ഓടുന്നതിന് എന്ത് പറയുന്നു?
5. ഹദ്റത്ത് മർയമിന്റെ മാതാവിന്റെ പേര്?
8. ആദ്യ ബൈഅത്ത് നടന്ന ഭവനം ഏത് പേരിൽ അറിയപ്പെടുന്നു?
9 ''ഖൽബുൽ ഖുർആൻ'' എന്നറിയപ്പെടുന്ന സൂറത്ത്?
10. ആദ്യ ജൽസയിൽ പങ്കെടുത്ത വ്യക്തികളുടെ പേരുകൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഏത് ഗ്രന്ഥത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?
11. "സ്വർഗീയ ശ്മശാനം" എന്നറിയപ്പെടുന്നു?




**അന്നൂർ പദപ്രശ്നം – 1**

പേര് : ........................................................................

വയസ്സ് : ........................................................................

ജമാഅത്ത് : ........................................................................

മേൽവിലാസം : ........................................................................

........................................................................

........................................................................

ജില്ല:........................................................................

പിൻ : | | | | | |

ഫോൺ : | | | | | | | | | | |